മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആൻറ്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട പരിശോധന രീതികൾ അവലംബിക്കുന്നതിനുമായി സംസ്ഥാനത്ത് അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ തേവരയിൽ ഒരു സംസ്ഥാന അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററും, തിരുവനന്തപുരം ജില്ലയിലെ ഓടയം, പത്തനംതിട്ട ജില്ലയിൽ പന്നിവേലിച്ചിറ, കോട്ടയം ജില്ലയിൽ പള്ളം, തൃശ്ശൂർ ജില്ലയിൽ അഴീക്കോട്, മലപ്പുറം ജില്ലയിൽ ഉണ്ണിയാൽ, പാലക്കാട് ജില്ലയിൽ മലമ്പുഴ, കോഴിക്കോട് ജില്ലയിൽ വെള്ളയിൽ, വയനാട് ജില്ലയിലെ തളിപ്പുഴ എന്നിവിടങ്ങളിലായി പ്രാദേശിക അക്വാട്ടിക് ആനിമൽ ഹെൽത്ത് സെൻററുകൾ ഉൾപ്പെടെ 9 എണ്ണം സ്ഥാപിച്ച് ആയതിലേയ്ക്ക് വേണ്ട ഉപകരണങ്ങളും അനുബന്ധസാമഗ്രികളും വാങ്ങി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യ/ചെമ്മീൻ വിത്തുകളുടെ

വിവിധഘട്ടങ്ങളിൽ ഉണ്ടാകാവുന്ന മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന വൈറസുകളുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന് പി.സി.ആർ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തി ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. കൂടാതെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി കേരളാ ഫിഷറീസ് സമുദ്രപഠനങ്ങൾക്കുള്ള സർവകലാശാലയുടെ എറണാകുളത്തെ പനങ്ങാട് ക്യാമ്പസിൽ ഒരു അക്വാട്ടിക് ആനിമൽ ഹെൽത്ത് റഫറൽ ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണത്തിനും മത്സ്യകൃഷിയുടെ നിയന്ത്രണത്തിനുമായി ഉൾനാടൻ അക്വാകൾച്ചർ നിയമം കൊണ്ടു വന്ന ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. എന്നാൽ രോഗങ്ങളെ നിയന്ത്രിക്കുകയും കർഷകർക്ക് അമിതമായ നഷ്ടം ഉണ്ടാകാതിരിക്കുകയും ചെയ്യേണ്ടത് ആവശ്യമായതിനാൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, അക്വാകൾച്ചറിനും ഹെൽത്ത് മാനേജ്മെൻറിനുമുള്ള ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (SOP) വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആയത് ഫിഷറീസിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. മത്സ്യ/ചെമ്മീൻ രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ട ഉടനെ തന്നെ അവിടം നേരിട്ട് സന്ദർശനം നടത്തി രോഗം നിർണ്ണയിക്കുന്നതിലേയ്ക്കായി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിലെത്തിച്ച് വിശദ പരിശോധന നടത്തി രോഗനിർണയം നടത്തുകയും അതിനനസ്യതമായിട്ടുള്ള ചികിത്സാവിധികളും പരിഹാരമാർഗങ്ങളും നിർദ്ദേശിക്കുന്നതിനായി. ജില്ലാതല ഫിഷ് ഡിസീസ് മോണിറ്ററിംഗ് ആൻഡ് സർവിലിയൻസ് സമിതിയും മത്സ്യരോഗ നിർണ്ണയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും നിർണ്ണയനന്തരം രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ സമീപ പ്രദേശങ്ങളിലെ കർഷകർക്ക് ജാഗ്രതാനിർദേശം നൽകുന്നതിനും രോഗബാധയ്ക്കെതിരെ മുൻകരുതൽ നടപടികളും സാങ്കേതിക മാർഗങ്ങളും നിർദേശി ക്കുകയും അവ ഏർപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി ജില്ലാതല ഫിഷ് ഡിസീസ് മോണിറ്ററിംഗ് ആൻഡ് സർവിലിയൻസ് സമിതിയെ സജ്ജമാക്കുന്നതിനും രോഗബാധ ഉണ്ടാകുന്നതിനിടവരുത്തിയ അടിസ്ഥാന കാരണങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും രോഗം ആവർത്തിക്കാതിരിക്കാനുള്ള മാർഗങ്ങൾ നിർദേശിക്കുന്നതിനും അപ്രകാരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അതിനനുസ്യതമായി ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി സംസ്ഥാനതലത്തിൽ സംസ്ഥാനതല ഡിസീസ് മോണിറ്ററിംഗ് ആൻഡ് സർവിലിയൻസ് സമിതി രൂപീകരിച്ചിട്ടുണ്ട്.

## 7. രജിസ്ട്രേഷനും ലൈസൻസും

വിവിധ മത്സ്യകൃഷി രീതികൾക്കും ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷനും ലൈസൻസും ലഭ്യമാക്കുന്നതിന് ആവശ്യമായ രേഖകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സേവനങ്ങൾ | ഹാജരാക്കേണ്ട രേഖകൾ/പ്രവർത്തനങ്ങൾ |
|---|---|---|
| 1 | മത്സ്യകൃഷി ചെയ്യുന്നതിന് രജിസ്ട്രേഷൻ & ലൈസൻസ് | അപേക്ഷ, വസ്തുവിന്റെ കരം അടച്ച രസീത്, വസ്തുവിന്റെ കൈവശാവകാശ രേഖ, ലൊക്കേഷൻ സ്കെച്ച്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, സ്ഥലം സ്വന്തം പേരിൽ അല്ലായെങ്കിൽ 200/ രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് എന്നിവയുടെ രേഖകൾ മത്സ്യഭവൻ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. |
| 2 | മത്സ്യ ബന്ധനയാനങ്ങളുടെയും സ്വതന്ത്ര വലകളുടെയും രജിസ്ട്രേഷൻ | മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വ ബുക്കിന്റെ പകർപ്പ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, യാനത്തിന്റെ വിലച്ചീട്ട് |

**ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി നിർവ്വഹണത്തിനായുളള മാർഗ്ഗ നിർദ്ദേശങ്ങൾ**

1. പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി ഏർപ്പെടുത്തുന്ന 'ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി' യുടെ നിർവ്വഹണം, അതാതിടങ്ങളിൽ ഫിഷറീസ് മാനേജ് മെൻറ് കൗൺസിലുകളുടെ (എഫ്.എം.സി) ഉളളപക്ഷം അവയുടെ മേൽ നോട്ടത്തിലും പൂർണ്ണ പങ്കാളിത്തത്തിലുമായിരിക്കണം നടപ്പിലാക്കേണ്ടത്.

2. നിലവിൽ ഫിഷറീസ് മാനേജ്മെൻറ് കൗൺസിലുകൾ (എഫ്.എം.സി) ഇല്ലാത്തയിടങ്ങളിൽ അവ പുതിയതായി രൂപീകരിക്കുന്നതിനും പ്രവർത്തനം മന്ദീഭവിച്ച എഫ്.എം.സികളിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി പുന:ക്രമീകരിക്കുന്നതിനും ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ജില്ലയുടെ ചുമതലയുളള ഫിഷറീസ് ഡെപ്യൂട്ടി/അസിസ്റ്റൻറ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

3. റാഞ്ചിംഗ് നടത്തുന്നതിനായി ഉദ്ദേശിക്കുന്ന കടവുകൾ/കേന്ദ്രങ്ങൾ ബന്ധപ്പെട്ട എഫ്.എം.സികളുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നിർണ്ണയിക്കേണ്ടതും ബന്ധപ്പെട്ട ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ വളരെ മുൻകൂട്ടി തന്നെ ആവശ്യമായ ശാസ്ത്രീയമായ പരിശോധനകൾ പ്രസ്തുത ജലാശയത്തെ സംബന്ധിച്ച് നടത്തിയിരിക്കേണ്ടതും അവ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട തുമാണ്.

4. ഓരോ കടവുകളിൽ/കേന്ദ്രങ്ങളിൽ നിക്ഷേപിക്കുന്ന വിവിധ മത്സ്യ/ചെമ്മീൻ ഇനങ്ങളെയും അവയുടെ എണ്ണത്തേയും സംബന്ധിച്ച വിവരങ്ങൾ അതത് ജലാശയങ്ങളുടെ പ്രത്യേകതകൾ അപഗ്രഥിച്ച് മുൻകൂട്ടി നിശ്ചയിക്കേണ്ടതും ആയത് ബന്ധപ്പെട്ട എഫ്.എം.സികളിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ അവതരിപ്പിക്കേണ്ടതുമാണ്.

5. വിത്ത് നിക്ഷേപ കടവുകളിൽ/കേന്ദ്രങ്ങളിൽ പദ്ധതി സംബന്ധിച്ച ലഘു വിവരങ്ങളും മത്സ്യങ്ങളുടെ ചിത്രങ്ങളും ലഘുവിവരണങ്ങളുമടങ്ങുന്ന വിവരണ ബോർഡുകളും സ്ഥാപിച്ചിട്ടു ണ്ടെന്ന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

6. എഫ്.എം.സികൾ യഥാസമയം യോഗം ചേർന്ന് റാഞ്ചിംഗ് നടത്തേണ്ടുന്ന തീയതികളും, ഓരോ തീയതിയിലും നിക്ഷേപിക്കുന്ന മത്സ്യങ്ങളുടെ ഇനം തിരിച്ചുളള എണ്ണവും മുൻകൂട്ടി നിശ്ചയി ക്കേണ്ടതാണ്.

7. ഓരോ കടവുകളിലും നടത്തുന്ന റാഞ്ചിംഗ് വിവരം കുറഞ്ഞ പക്ഷം രണ്ട് ദിവസമെങ്കിലും മുൻകൂട്ടി ദൃശ്യ/ശ്രവ്യ/അച്ചടി മാധ്യമങ്ങളിൽ വാർത്തയായി ജില്ലയുടെ ചുമതലയുളള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ/ അസിസ്റ്റൻറ് ഡയറക്ടർ പ്രസിദ്ധപ്പെടുത്തിയിരിക്കേണ്ടതും, ടി വിവരം ബന്ധപ്പെട്ട ഫിഷറീസ് ജോയിൻറ് ഡയറക്ടർ (മേഖല) യെ മുൻകൂട്ടി രേഖാമൂലം അറിയിക്കേ ണ്ടതുമാണ്.

8. റാഞ്ചിംഗിനായി മത്സ്യം/ചെമ്മീൻ വിത്തുകൾ സർക്കാർ/അഡാക്ക് ഉടമസ്ഥതയിലുളള ഹാച്ചറിക ളിൽ നിന്നും മാത്രമേ ലഭ്യമാക്കാവൂ.

9. ഇങ്ങനെ ലഭ്യമാക്കുന്ന വിത്തുകൾ ഉളളടക്കം ചെയ്ത പായ്ക്കറ്റുകളിൽ നിന്നും സാമ്പിൾ പാക്കറ്റു കളെടുത്ത് എഫ്.എം.സി അംഗങ്ങളുടെയും ജനപ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ എണ്ണി തിട്ടപ്പെടുത്തി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ബോദ്ധ്യപ്പെടേണ്ടതാണ്.

10. റാഞ്ചിംഗിനായി ലഭ്യമാക്കുന്ന വിത്തുകൾ ഓരോ ഇനത്തിനുമായി ഫിഷറീസ് വകുപ്പ് നിശ്ചയിച്ചിട്ടുളള വലിപ്പത്തിലുളളവയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

11. ഓരോ റാഞ്ചിംഗ് പരിപാടിയിലും അതാതിടങ്ങളിലെ എഫ്.എം.സി അംഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, മത്സ്യകർഷകർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

12. ഓരോ റാഞ്ചിംഗ് പരിപാടിയുടേയും വിശദ വിവരങ്ങൾ (ഇനവും എണ്ണവും വലിപ്പവും വ്യക്തമാകുന്ന തരത്തിൽ) ചിത്രങ്ങൾ സഹിതം ഡോക്യുമെൻററി തയ്യാറാക്കി പരിശോധനയ്ക്കായി സൂക്ഷിക്കേണ്ടതാണ്.

13. റാഞ്ചിംഗ് നടത്തിയ വിവരങ്ങൾ സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ ജനപ്രതിനിധികൾ, എഫ്.എം.സി അംഗങ്ങൾ, അവിടെ സന്നിഹിതരായിരിക്കുന്ന പൊതുജനങ്ങൾ എന്നിവരിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

14. റാഞ്ചിംഗിന് ഉപയോഗിക്കുന്ന മത്സ്യ/ചെമ്മീൻ എന്നിവയുടെ ഇനം, വലിപ്പം, എണ്ണം, ആരോഗ്യ സ്ഥിതി എന്നിവയെ സംബന്ധിച്ചും ബാഹ്യമായി പരാദങ്ങൾ, ഫംഗസ്, മുറിവുകൾ, പാടുകൾ എന്നിവ ഇല്ലായെന്നും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുളള മത്സ്യഭവനിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. ചെമ്മീൻ കുഞ്ഞുങ്ങളുടെ കാര്യത്തിൽ പി.സി.ആർ ടെസ്റ്റ് നടത്തിയിരിക്കേണ്ടതാണ്.

15. ഓരോ ജില്ലയിലും മത്സ്യക്കുഞ്ഞ് സംഭരണം നടത്തുമ്പോൾ കുറഞ്ഞത് 20% പ്രദേശത്തെങ്കിലും ബന്ധപ്പെട്ട ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മേഖല) surprise inspection നടത്തിയിരിക്കേണ്ടതും, ആയത് സംബന്ധിച്ച വിവരം ഫിഷറീസ് ഡയറക്ടറേറ്റിൽ തൻമാസ അന്ത്യത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

16. നിക്ഷേപിക്കുന്ന ജലാശയത്തിന്റെ രാസഭൗതികജൈവ സവിശേഷതകൾ നിക്ഷേപിയ്ക്കാൻ ഉദ്ദേശിക്കുന്ന മത്സ്യയിനത്തിന് അനുയോജ്യമാണെന്ന് ബന്ധപ്പെട്ട ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ആവശ്യമായ പരിശോധനകൾ നടത്തി ഉറപ്പാക്കേണ്ടതും, ആയത് സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്. ജലാശയത്തിന്റെ ലവണത്വത്തിന് അനുസൃതമായി ഹാച്ചറിയിൽ വച്ച് തന്നെ പൊരുത്തപ്പെടുത്തിയ കുഞ്ഞുങ്ങളെ മാത്രമേ നിക്ഷേപിക്കാവൂ.

17. റാഞ്ചിംഗ് നടത്തുന്ന ജലാശയത്തിൽ അശാസ്ത്രീയ മത്സ്യബന്ധന മാർഗ്ഗങ്ങൾ അവലംബിക്കപ്പെടാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകളും ബോധവത്ക്കരണവും ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടത്തേണ്ടതാണ്.

## II. സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം

കേരള സംസ്ഥാനത്ത് മത്സ്യവിത്തുകളുടെ ഗുണമേൻമ ഉറപ്പാക്കുന്നതിനും, വിപണനവും, സംഭരണവും നിയന്ത്രിക്കുന്നതിനും ഏകോപിക്കുന്നതിനും കേരള മത്സ്യവിത്ത് ആക്ട് 2014 (2015–ലെ 4–ാം ആക്ട്) പ്രകാരം കേരള സർക്കാർ രൂപീകരിച്ചതാണ് മത്സ്യവിത്ത് കേന്ദ്രം.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത്സ്യവിത്ത് ഉൽപാദന, പരിപാലന, വിപണന, കയറ്റുമതി, ഇറക്കുമതി കേന്ദ്രങ്ങൾക്ക് രജിസ്ട്രേഷനും/ലൈസൻസും നൽകുക, മത്സ്യവിത്ത് സൂക്ഷ്മ പരിശോധന യ്ക്ക് വിധേയമാക്കുക, മത്സ്യവിത്തുകളുടെ വലുപ്പം, ആരോഗ്യ സ്ഥിതി എന്നിവ പരിശോധിച്ച് ഗുണ മേൻമ ഉറപ്പുവരുത്തി (മത്സ്യവിത്ത് സാക്ഷ്യപ്പെടുത്തൽ), മത്സ്യവിത്ത് പരിപാലനം, വിതരണം, കയറ്റുമതി, ഇറക്കുമതി എന്നിവ സംബന്ധിച്ച വിവരങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും കാലാകാലങ്ങളിൽ സർക്കാരിന് നൽകുക, മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവയ്ക്ക് ഗുണമേൻമ മാനദണ്ഡം നിശ്ചയിക്കുക, നിയമ ലംഘനത്തിനെതിരെ നടപടി സ്വീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്നു.

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മത്സ്യമേഖലയിലെ വിദഗ്ദ്ധൻ ചെയർമാനും മത്സ്യവിത്ത് കർഷകരുടെ പ്രതിനിധി, മത്സ്യവിത്ത് ഹാച്ചറികളുടെ പ്രതിനിധി സമുദ്ര മേഖലയിലേയും ഉൾനാടൻ മേഖലയിലേയും ഓരോ വിദഗ്ദ്ധർ, അഡാക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ അംഗങ്ങളും. ഫിഷറീസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ മെമ്പർ സെക്രട്ടറിയും ഫിഷറീസ് ഡയറക്ടർ എക്സ് ഒഫിഷ്യോ അംഗ വുമായി കമ്മിറ്റിക്കാണ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ഭരണ ചുമതല.

**നിലവിലെ കമ്മിറ്റി**

| | | |
|---|---|---|
| ഡോ. സി. മോഹനകുമാരൻ നായർ | – | ചെയർ പേഴ്സൺ |
| ഫിഷറീസ് ഡയറക്ടർ | – | എക്സ് ഒഫിഷ്യോ അംഗം |
| ടി. പുരുഷോത്തമൻ | – | അംഗം |
| എം. ആർ ജോഷി | – | അംഗം |
| ഡോ. കെ. കെ. അപ്പുക്കുട്ടൻ | – | അംഗം |
| ഡോ. കെ. ജി പത്മകുമാർ | – | അംഗം |
| എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്ക് | – | അംഗം |
| എച്ച്. സലിം., ജോയിന്റ് ഡയറക്ടർ | – | മെമ്പർ സെക്രട്ടറി |

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പി ക്കുന്നതിനും സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ അധീനതയിൽ മൂന്ന് പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അതത് മേഖലകളിലെ ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ മെമ്പർ സെക്രട്ടറിയും ജില്ലാ കളക്ടർ ചെയർ പേഴ്സണും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർ എക്സ് ഒഫിഷ്യോ അംഗങ്ങളും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിഷയ വിദഗ്ധനും മേഖലയിലെ ഒരു മത്സ്യവിത്ത് ഫാം അല്ലെങ്കിൽ ഹാച്ചറി പ്രതിനിധി സാധാരണ അംഗവുമാണ്.

**പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളുടെ വിലാസങ്ങൾ**

| തിരുവനന്തപുരം | എറണാകുളം |
|---|---|
| ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്<br>ദക്ഷിണ മേഖല, കമലേശ്വരം<br>തിരുവനന്തപുരം പിൻ: 695009<br>ഇമെയിൽ: jsdztvm@gmail.com<br>ഫോൺ: 0471-2450351 | ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്<br>മദ്ധ്യമേഖല, സലിം അലി റോഡ്<br>എറണാകുളം, പിൻ: 682018<br>ഇമെയിൽ: jdfekm@gmail.com<br>ഫോൺ: 0484-2397371 |
| **കോഴിക്കോട്** | |
| ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ്<br>ഉത്തരമേഖല, വെസ്റ്റ് ഹിൽ<br>കോഴിക്കോട് പിൻ: 673005,<br>ഇമെയിൽ: jdfkde@yahoo.com,<br>ഫോൺ: 0495-–2380005 | |

**രജിസ്ട്രേഷൻ/ലൈസൻസ്**

മത്സ്യവിത്ത് ഫാമുകൾ/ഹാച്ചറികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ മത്സ്യവിത്ത് ഫാമുകളും ഹാച്ചറികളും സ്ഥാപിക്കുന്ന പ്രദേശത്തിന്റെ അധികാരപരിധിയിൽപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിലോ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിലോ നേരിട്ടോ തപാൽ മാർഗമോ സമർപ്പിക്കാവുന്നതാണ്. സർട്ടിഫിക്കറ്റ് അനുവദിച്ചതു മുതൽ പരാമവധി 5 വർഷത്തേക്കോ ഏതെങ്കിലും കാരണത്താൽ ആയത് റദ്ദ് ചെയ്യുന്നതുവരെയോ ആയിരിക്കും കാലാവധി. രജിസ്ട്രേഷൻ പുതുക്കുന്നതിന് കാലാവധി അവസാനിക്കുന്നതിന് രണ്ട് മാസം മുൻപ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം മുമ്പാകെ നേരിട്ടോ പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം മുഖേനയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

മത്സ്യവിത്ത് ഫാം/ഹാച്ചറി നിശ്ചിത ഫീസ് ഒടുക്കി ലൈസൻസ് എടുക്കാവുന്നതാണ് ലൈസൻസിന്റെ കാലാവധി ഒരു വർഷം ആയിരിക്കും. ലൈസൻസ് പുതുക്കുന്നതിന് കാലാവധി അവസാനിക്കുന്നതിന് ഒരു മാസം മുൻപ് അപേക്ഷ പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ സമർപ്പിക്കാവുന്നതാണ്.

## ഫീസ് ഘടന

**മത്സ്യവിത്ത് ഫാം**

| ഇനം | രജിസ്ട്രേഷൻ ഫീസ് | | |
|---|---|---|---|
| ശുദ്ധ ജലം<br>ഓരു ജലം | 0.2 ഹെക്ടർ വരെ ജല വിസ്തൃതി | 0.2 ഹെക്ടറിന് മുകളിൽ വരെ ജല വിസ്തൃതി | പ്രതി വർഷം 500 രൂപ നിരക്കിൽ |
| | 300 രൂപ | 300 രൂപ +0.2 ഹെക്ടറിന്റെ ഗുണിതങ്ങൾക്ക് സ്ഥലത്തിന് 200 രൂപ വീതം | |
| അലങ്കാര മത്സ്യം | 300 രൂപ | 300 രൂപ +0.2 ഹെക്ടറിന്റെ ഗുണിതങ്ങൾക്ക് സ്ഥലത്തിന് 100 രൂപ വീതം | |

**മത്സ്യവിത്തുല്പാദന കേന്ദ്രം**

| ഇനം | രജിസ്ട്രേഷൻ ഫീസ്/ജല സംഭരണ ടാങ്കുകളുടെ വ്യാപ്തം | | ലൈസൻസ് |
|---|---|---|---|
| | 500 ഘന മീറ്റർ | 500 ഘന മീറ്ററിന് മുകളിൽ | |
| ശുദ്ധ ജലം | 500രൂപ | 500 രൂപ + അധിക വ്യാപ്തം 100 ഘ.മീ. ഗുണിതങ്ങൾക്ക് 350 രൂപ വീതം | പ്രതിവർഷം500 രൂപ നിരക്കിൽ |
| ഓരു ജലം | 500 രൂപ | 500 രൂപ<br>500 രൂപ + അധിക വ്യാപ്തം 100 ഘ.മീ. ഗുണിതങ്ങൾക്ക് 200 രൂപ വീതം | |
| അലങ്കാര മത്സ്യം | 250 രൂപ | 250 രൂപ + അധിക വ്യാപ്തം 100 ഘ.മീ. ഗുണിതങ്ങൾക്ക് 100 രൂപ വീതം | |
| ചെമ്മീൻ കൊഞ്ച് | പത്ത് ദശലക്ഷം വരെ 1000 രൂപ ഓരോ ദശലക്ഷത്തിനും അധികമായി 100 രൂപ വീതം | | |

**മത്സ്യവിത്ത് കയറ്റുമതി/ഇറക്കുമതി/വിപണന കേന്ദ്രം**

| ഇനം | | ലൈസൻസ് ഫീസ് |
|---|---|---|
| കയറ്റുമതി കേന്ദ്രം | | 1000 രൂപ/വർഷം |
| ഇറക്കുമതി കേന്ദ്രം | | 1000 രൂപ/വർഷം |
| വിപണന കേന്ദ്രം | 400 ച.മീ | 250 രൂപ/വർഷം |
| | 400 ച.മീ മുകളിൽ | 250 രൂപ/വർഷം + 100 ച.മീ. ഗുണിതങ്ങൾക്ക് 100 രൂപ/വർഷം |

* നിശ്ചിത ഫീസ് 0405-00-800-89 എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ചെലാന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയോ ലൈസൻസിന്റേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെന്ന് ന്യായനിർണ്ണയ ഓഫീസർ കണ്ടെത്തുന്ന സാഹചര്യത്തിൽ മത്സ്യവിത്തിന്റെ മൂല്യം ആയിരം രൂപയോ അതിൽ കുറവോ ആണെങ്കിൽ അയ്യായിരം രൂപയിൽ കവിയാത്തതും ആയിരം രൂപയിൽ കൂടുതലാണെങ്കിൽ മത്സ്യവിത്തു മൂല്യത്തിന്റെ അഞ്ചിരട്ടിയിൽ കവിയാത്തതും ഒരു കുറ്റത്തിനു മുൻപ് പിഴ ചുമത്തപ്പെട്ടിട്ടുള്ള ആൾ ആണെങ്കിൽ പതിനായിരം രൂപയിൽ കുറയാത്തതും എന്നാൽ ഇരുപത്തി അയ്യായിരം രൂപ വരെയാകാവുന്നതും ആയ പിഴ ശിക്ഷയ്ക്കും അർഹനായിരിക്കും. രണ്ടാമത്തെ കുറ്റകൃത്യത്തിനു ശേഷം വീണ്ടും കുറ്റകൃത്യം ആവർത്തിക്കുകയാണെങ്കിൽ അത് ഒരു ഹാച്ചറിയോ, മത്സ്യവിത്ത് ഫാമോ, ഏജൻസിയോ അസോസിയേഷനോ, സ്ഥാപനമോ, കമ്പനിയോ ആകുന്ന പക്ഷം അവയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ ന്യായ നിർണ്ണയ ഓഫീസർക്ക് അതാത് സംഗതിപോലെ ശിക്ഷ റദ്ദാക്കുവാനോ പിൻവലിക്കുവാനോ യുക്തമെന്ന് കണക്കാക്കുന്ന കാലയളവിലേക്ക് സസ്പെന്റ് ചെയ്യുവാൻ നിർദ്ദേശിക്കാവുന്നതാണ്.

സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം അനുവദിച്ച് നൽകിയിട്ടുള്ള രജിസ്ട്രേഷൻ അടയാളം ഇളം നീല പ്രതലത്തിൽ വെള്ളച്ചായത്തിൽ ആലേഖനം ചെയ്ത് മത്സ്യവിത്ത് ഫാം/ഹാച്ചറിയുടെ പ്രവേശന കവാടത്തിനു സമീപം വ്യക്തമായി കാണുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

# III. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൌൺസിൽ (SFMC)

സംസ്ഥാന സമുദ്രമത്സ്യബന്ധന മേഖലയിൽ വിഭവപരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിലേയ്ക്കായി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം, 1980– ലെ (10 of 1981) വകുപ്പ് 13 എ യുടെ (1) ഉം (4) ഉം ഉപവകുപ്പുകളെ ആധാരമാക്കി കേരള സർക്കാർ 06.03.2019 – ലെ SRO 183/2019 പ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. KMFR ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിലേക്ക് ഗസറ്റ് വിജ്ഞാപനം വഴി ഒരു ത്രിതല സംവിധാനമായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.

1. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ
2. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ
3. സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

## 1. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ

### *(എ). ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ അംഗങ്ങൾ*

| | | |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് /മുനിസിപ്പാലിറ്റി തലവൻ അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ ഡിവിഷൻ | മെമ്പർ ചെയർമാൻ |
| 2 | പ്രദേശത്തെ ആധികാരികതയുള്ള മത്സ്യഭവന്റെ മേലധികാരി | മെമ്പർ സെക്രട്ടറി |
| 3 | തീരദേശ വാർഡുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും തലവൻ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ | |
| 4 | പ്രദേശത്ത് ആധികാരികതയുള്ള ഫിഷറീസ് സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ | അംഗങ്ങൾ |
| 5 | അതേ ഫിഷിംഗ് വില്ലേജിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് മത്സ്യത്തൊഴിലാളികളും ഒരു വനിതയും | അംഗങ്ങൾ |

### *(ബി). ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ ചുമതലകൾ*

നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് ചുവടെ പറയുന്നവയാണ് ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും, കർത്തവ്യങ്ങളും. പ്രധാന ചുമതലകളും.

1. തദ്ദേശീയമായ ആവശ്യങ്ങൾ പരിഗണിച്ച് കൊണ്ട് ഒരു വില്ലേജുതല സമുദ്ര മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും അതിന് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ നിന്നും അംഗീകാരം വാങ്ങുക.

2. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധന തൊഴിലാളികളുടേയും തീരദേശവാസികളുടേയും ഇടയിൽ ബോധവൽക്കരണം നടത്തുക.

3. ഫിഷിംഗ് വില്ലേജ് തലത്തിൽ മത്സ്യബന്ധനം നടത്തുന്നവരുടേയും തീരദേശവാസികളുടേയും ഇടയിലുള്ള പ്രശ്നങ്ങളും സാമൂഹിക കലഹങ്ങളും പരിഹരിക്കുക.

4. ഫിഷിംഗ് വില്ലേജിൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കുക.

5. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി സഹായിക്കുകയും ആ കൗൺസിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുകയും ചെയ്യുക.

6. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിച്ച കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

7. സമുദ്ര മത്സ്യസമ്പത്ത് സംരക്ഷിക്കുന്ന സംഗതികളിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് വിവരങ്ങൾ നൽകുക.

8. നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.

## 2. ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ

***(എ.) ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ അംഗങ്ങൾ***

| | |
|---|---|
| 1. ജില്ലാ കളക്ടർ | ചെയർമാൻ |
| 2. ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | മെമ്പർ സെക്രട്ടറി |
| 3. മുനിസിപ്പൽ കോർപ്പറേഷൻ മേയർ (മുനിസിപ്പൽ കോർപ്പറേഷൻ സമുദ്ര മത്സ്യബന്ധന വില്ലേജ് ഉണ്ടെങ്കിൽ) | അംഗം |
| 4. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | അംഗം |
| 5. കേന്ദ്ര സമുദ്ര മത്സ്യബന്ധന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു പ്രതിനിധി | അംഗം |
| 6. അഞ്ച് അംഗീകൃത മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനുകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധി വീതം | അംഗങ്ങൾ |
| 7. സമുദ്ര മത്സ്യബന്ധനത്തിൽ വൈദഗ്ദ്ധ്യമുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ | അംഗം |

*(ബി.) ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ചുമതലകൾ*

നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് ചുവടെ പറയുന്നവയാണ് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിന്റെ അധികാരങ്ങളും, കർത്തവ്യങ്ങളും. പ്രധാന ചുമതലകളും.

1. ജില്ലയ്ക്ക് വേണ്ടി സമുദ്ര മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അംഗീകാരം വാങ്ങുകയും.
2. ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തയ്യാറാക്കിയ വില്ലേജ്തല ഫിഷറീസ് മാനേജ്മെന്റ് പദ്ധതിയിൻമേൽ ഉചിതമായ തീരുമാനമെടുക്കുക.
3. കാലാകാലങ്ങളിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിക്കുന്ന കർത്തവ്യങ്ങളും അധികാരങ്ങളും നിർവ്വഹിക്കുക.
4. സമുദ്ര മത്സ്യബന്ധനം നടത്തുന്നവരുടെയും തീരദേശവാസികളുടെയും ഇടയിൽ ജില്ലാതല അവബോധ ക്യാമ്പുകൾ നടത്തുക.
5. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ തമ്മിലുള്ളതും അവർ റഫർ ചെയ്യുന്നതുമായ പ്രശ്നങ്ങളും അഭിപ്രായ വ്യത്യാസങ്ങളും പരിഹരിക്കുക.
6. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ ജില്ലയിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായിക്കുക.
7. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി സഹായിക്കുകയും ആ കൗൺസിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുകയും ചെയ്യുക.
8. സമുദ്ര മത്സ്യസമ്പത്ത് സംരക്ഷിക്കുന്ന സംഗതികളിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് വിവരങ്ങൾ നൽകുക.
9. നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും.

**3. സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ**

*(എ.) സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ അംഗങ്ങൾ*

| | | |
|---|---|---|
| 1. | ഫിഷറീസ് ഡയറക്ടർ | ചെയർമാൻ |
| 2. | അഡീഷണൽ ഡയറക്ടർ, ഫിഷറീസ് | വൈസ് ചെയർമാൻ |
| 3. | ഡയറക്ടർ, കേന്ദ്ര സമുദ്ര മത്സ്യബന്ധന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് | അംഗം |
| 4 | ഡയറക്ടർ, കേന്ദ്ര ഫിഷറീസ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് | അംഗം |
| 5. | സോണൽ ഡയറക്ടർ, ഫിഷറീസ് സർവ്വേ ഓഫ് ഇന്ത്യ | അംഗം |
| 6. | സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന ഒരു മത്സ്യബന്ധന വിദഗ്ദൻ | അംഗം |

7. അംഗീകൃത മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനുകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് പ്രതിനിധികൾ — അംഗങ്ങൾ

8. യന്ത്ര വത്കൃത യാനങ്ങളുടെ ഓപ്പറേറ്റർമാരുടെ അംഗീകൃത യൂണിയനുകളിൽ നിന്നുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി

9. സമുദ്ര വിഭവ സംരക്ഷണത്തിൽ വൈദഗ്ദ്യമുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ — അംഗം

10 സീ ഫുഡ് എക്സ്പേർട്ടേഴ്സ് അസോസിയേഷന്റെ (എസ്സ്.ഇ. എ. എൽ. ലോക്കൽ ചാപ്റ്റർ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി — അംഗം

11. കോസ്റ്റൽ ഗാർഡിന്റെ ഒരു പ്രതിനിധി (ഏകോപനം) — അംഗം

12. സമുദ്രാൽപന്ന കയറ്റുമതി വികസന അതോറിറ്റിയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി — അംഗം

13. ജോയിന്റ് ഡയറക്ടർ, ഫിഷറീസ് — മെമ്പർ സെക്രട്ടറി

14. ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് — അംഗം

**(ബി.) സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൌൺസിൽ ചുമതലകൾ**

നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് ചുവടെ പറയുന്നവയാണ് സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ പ്രധാന ചുമതലകൾ.

1. സംസ്ഥാനത്തിന് മുഴുവനായോ, ഭാഗീകമായോ മറൈൻ ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക.
2. സമുദ്ര മത്സ്യകൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തി നിർദ്ദേശിക്കുക.
3. മത്സ്യബന്ധനത്തൊഴിലാളികൾ, തീരദേശവാസികൾ എന്നിവർക്കിടയിൽ വിഭവപരിപാലന ത്തിന്റെ അടിസ്ഥാന തത്വങ്ങളെകുറിച്ച് അവബോധം സൃഷ്ടിക്കുക.
4. സമുദ്ര മത്സ്യകൃഷി, വിഭവ സംരക്ഷണം, വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം എന്നീ വിഷയ ങ്ങളിൽ സെമിനാറുകൾ, ശില്പശാലകൾ, പരിശീലനപരിപാടികൾ എന്നിവ സംഘടിപ്പിക്കുക.
5. ജില്ലാതല ഫിഷറീസ് മാനേജ്മെന്റുകളുടെ ഇടയിൽ ഉടലെടുക്കുന്ന തർക്കങ്ങൾ പരിഹരി ക്കുക.
6. മത്സ്യവിഭവ സംരക്ഷണം, പരിപാലനം, സുസ്ഥിര മത്സ്യബന്ധനം, സമുദ്ര മത്സ്യകൃഷി എന്നീ വിഷയങ്ങളിൽ ശാസ്ത്ര ലേഖനങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ഓഡിയോ വീഡിയോ പ്രോഗ്രാമുകൾ എന്നിവ പ്രസിദ്ധീകരിക്കുക.

7. മത്സ്യവിഭവ സംരക്ഷണം, പരിപാലനം എന്നീ വിഷയങ്ങളിൽ ആവശ്യമായ അറിവ് പകർന്ന് നൽകുക.

8. നിയമത്തിലെ നിബന്ധനകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ച ചുമതലകൾ നിർവ്വഹി ക്കുന്നതിനും ഉത്തമ ഭരണ നിർവ്വഹണത്തിനുമായി ആവശ്യമെന്നു കണ്ടാൽ ഉചിതമായി പ്രവർ ത്തിക്കുക.

9. ജില്ലാതല കൗൺസിലുകൾ കൈക്കൊണ്ട തീരുമാനങ്ങൾ നിയമ വിരുദ്ധമാണെന്നു കണ്ടാൽ അവ റദ്ദാക്കുക.

## IV. കടൽ മത്സ്യബന്ധനം

### സുസ്ഥിര മത്സ്യസമ്പത്ത് അപകടരഹിത മത്സ്യബന്ധനം



നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ഗണ്യമായ പങ്ക് വഹിക്കുന്ന വരാണ് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ. മറ്റ് മേഖലയിലെ തൊഴിലുമായി താരതമ്യപ്പെ ടുത്തുമ്പോൾ മത്സ്യബന്ധനം വളരെ അപകടകരവും, തൊഴിൽ സമയത്തുള്ള മരണനിരക്ക് പല മടങ്ങ് കൂടുതലുമാണ്. മത്സ്യബന്ധനത്തിനിടെ കടലിൽ അപകടത്തിൽപ്പെട്ട് മത്സ്യത്തൊഴിലാ ളികൾ മരണപ്പെടുന്നുണ്ട്. എത്ര നന്നായി നീന്താൻ കഴിയുന്ന ആളാണെങ്കിൽപോലും ഒരു അപകട ത്തിൽപ്പെട്ട മണിക്കൂറുകളോളം കടലിൽ മുങ്ങികിടക്കേണ്ടി വന്നാൽ ശരീര ഊഷ്മാവ് സാധാരണ നിലയിൽനിന്നും താഴാനും പിന്നീട് ഹൈപ്പോതെർമിയ കാരണം മരണം വരെ സംഭവിക്കാനും സാധ്യതയുണ്ട്. എന്നിരുന്നാലും പ്രതികൂലമായ കാലാവസ്ഥകളെ വെല്ലുവിളിച്ചും അതിജീവിച്ചും മത്സ്യബന്ധനം നടത്തി ഉപജീവനം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുക എന്നത് മത്സ്യബന്ധന യാന ഉടമയുടെയും യാനങ്ങളിൽ പണിയെടുക്കുന്ന എല്ലാവരുടെയും ഉത്തരവാദിത്തമാണ്. മത്സ്യത്തൊഴിലാളി യുടെ സുരക്ഷയ്ക്ക് തന്നെയാണ് എന്നും മുൻഗണന നൽകേണ്ടത്. ഉചിതമായ സുരക്ഷാ മാർഗ്ഗങ്ങൾ സ്വീക രിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവനും, മത്സ്യബന്ധന യാനത്തിനും സംരക്ഷണം നൽകുന്ന തിനുപുറമെ മത്സ്യബന്ധനത്തിനിടെ കടലിൽ വെച്ച് സംഭവിക്കുന്ന ഗുരുതരമായ അപകടങ്ങൾ തടയുന്ന തിനും പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് മത്സ്യബന്ധനം ലാഭകരമാക്കാവുന്നതുമാണ്. മത്സ്യത്തൊഴിലാളി കളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും അതോടൊപ്പം അപകടരഹിത മത്സ്യബന്ധനത്തിലേർപ്പെടുന്ന

തിനും ആവശ്യമായ സുരക്ഷ നടപടികൾ എന്തൊക്കെയാണ് എന്നുള്ള ഒരു അവബോധം സൃഷ്ടിക്കുന്ന തിനുവേണ്ടി ലളിതമായശൈലിയിൽ ചിത്രം സഹിതം ഇതിൽ പറഞ്ഞിരിക്കുന്ന എല്ലാകാര്യങ്ങളും മത്സ്യത്തൊഴി ലാളികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും.

## ജീവൻരക്ഷാ ഉപകരണങ്ങൾ

### ലൈഫ് ജാക്കറ്റ്



- യാനത്തിൽ പണിയെടുക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും അംഗീകൃത തരത്തി ലുള്ള ലൈഫ് ജാക്കറ്റ് ഉണ്ടായിരിക്കണം.
- മത്സ്യബന്ധനത്തിൽ ഏർപ്പെടുമ്പോൾ നിർബന്ധമായും ലൈഫ് ജാക്കറ്റ് ധരിച്ചിരിക്കണം.
- ലൈഫ് ജാക്കറ്റ് ധരിച്ചിരിക്കുന്ന ആൾ കടലിൽ വീണാൽ രക്ഷപ്പെടാനുള്ള സാധ്യത വളരെ കൂടുതാണ്.
- വളരെ വേഗം എടുക്കുവാൻ സാധിക്കുന്ന സ്ഥലത്ത് ലൈഫ് ജാക്കറ്റ് സൂക്ഷിക്കേണ്ട താണ്.

### ലൈഫ് ബോയ്



- കടലിൽ വീണ ആളെ രക്ഷിക്കുന്നതിനായി യാനത്തിൽ ലൈഫ് ബോയ്
- ( ജീവൻ രക്ഷാ വളയം) ഉണ്ടായിരിക്കണം.
- സ്വയം പ്രകാശിക്കുന്ന വിളക്ക് അല്ലെങ്കിൽ പൊങ്ങികിടക്കുന്ന സുരക്ഷാ കയർ ഘടിപ്പിച്ചിരിക്കുന്ന ലൈഫ് ബോയ് തയ്യാറാക്കി വെയ്ക്കണം.

## നാവിഗേഷൻ ഉപകരണങ്ങൾ

### ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി. പി. എസ്).




ഭൂമിയിൽ എവിടെ നിന്നും ഏത് സമയത്തും ഏത് കാലവസ്ഥയിലും സ്ഥാനവും സമയവും നിർണ്ണയിക്കാനുള്ള നാവിഗേഷൻ സംവിധാനത്തെയാണ് ജി.പി. എസ് എന്ന് വിശേഷിപ്പിക്കുന്നത്.

- ജി.പി.എസ് എന്ന നാവിഗേഷൻ സംവിധാനത്തിന്റെ പ്രവർത്തനം സാധ്യമാകുന്നത് പ്രധാനമായും സാറ്റ് ലൈറ്റുകളുടെയും, നിരീക്ഷണത്തിനും നിയന്ത്രണത്തിനുമുള്ള ഭൗമ കേന്ദ്രങ്ങളുടെയും, ഉപഭോക്താക്കളുടെ കൈയിലുള്ള ജി.പി.എസ് റിസീവർ എന്നീ മൂന്ന് ഘടകങ്ങളുടെ കൂടിച്ചേരൽ വഴിയാണ്.

- ജി.പി.എസ് യാനങ്ങളിൽ ഉപയോഗിക്കുകയാണെങ്കിൽ കടലിൽ യാനത്തിന്റെ സ്ഥാനം അറിയുക, മത്സ്യബന്ധനത്തിന് അനുയോജ്യമായ സ്ഥലങ്ങളിൽ കൃത്യതയോടും വേഗത്തിലും എത്തിച്ചേരുക, കടലിലെ സഞ്ചാരം എളുപ്പമാക്കുക, കടൽ രക്ഷാപ്രവർ ത്തനങ്ങൾ കാര്യക്ഷമമാക്കുക എന്നിങ്ങനെ ഒരുപാട് നേട്ടങ്ങൾ ഉണ്ട്.

### വി. എച്ച്. എഫ് മറൈൻ റേഡിയോ




- മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട കമ്മ്യൂണിക്കേഷൻ ഉപകരണമാണിത്.
- കരയിൽ നിന്ന് യാനങ്ങൾക്കോ, യാനങ്ങൾ പരസ്പരമോ വിവരങ്ങൾ കൈമാറുന്നത് ഇതുവഴിയാണ്.
- കടൽ രക്ഷാപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിൽ ഇതിന്റെ ഉപയോഗം വിലപ്പെട്ടതാണ്.
- അപകടമോ, ദുരന്തമോ ഉണ്ടാവുമ്പോൾ രക്ഷാപ്രവർത്തനത്തിന് ഇവയിലൂടെ വിവരങ്ങൾ കൈമാറാവുന്നതാണ്.

- ഇതിലൂടെ വിവരങ്ങൾ കൈമാറുന്നത് വഴി യാനങ്ങൾ തമ്മിലുള്ള കൂട്ടിയിടി ഒഴിവാക്കാൻ സാധിക്കും.

**ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (എഐഎസ്)**




- മത്സ്യബന്ധനത്തിലേർപ്പെടുന്ന എല്ലാ യന്ത്രവൽകൃത യാനങ്ങളിലും ഓട്ടോമാറ്റിക്ക് ഐഡൻറിഫിക്കേഷൻ സിസ്റ്റം നിർബന്ധമായും ഘടിപ്പിക്കേണ്ടതാണ്.
- യാനങ്ങളുടെ സ്ഥാനം, ഗതി, വേഗത എന്നിവ അറിയാൻ സാധിക്കുന്നു.
- ഇത് ഘടിപ്പിച്ച ചുറ്റുമുളള യാനങ്ങളെ സ്ക്രീനിൽ കാണുന്നതിനാൽ യാനങ്ങൾ തമ്മിലുള്ള കൂട്ടിമുട്ടൽ തടയുന്നു.
- നാവിഗേഷന് സഹായിക്കുന്നു.
- കടൽ രക്ഷാപ്രവർത്തനം കൂടുതൽ സുഗമമാക്കുന്നു.
- കടൽ സുരക്ഷയ്ക്ക് സഹായകമാകുന്നു.

**വെസ്സൽമോണിറ്ററിംഗ് സിസ്റ്റം (വിഎംഎസ്)**






- മത്സ്യബന്ധന യാനങ്ങളുടെ സ്ഥാനവും, ചലനവും നിരീക്ഷിക്കാൻ ഉപയോഗിക്കുന്ന ഒരു ഉപഗ്രഹ നിരീക്ഷണ സംവിധാനമാണ് ഇത്.
- യാനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ട്രാൻസീവർ യൂണിറ്റുകൾ യാനങ്ങളുടെ തിരിച്ചറിയൽ, സ്ഥാനം, സമയം, തീയതി എന്നിവ ഉൾപ്പെടുന്ന പൊസിഷൻ റിപ്പോർട്ടുകൾ കരയിൽ സ്ഥാപിച്ചിരിക്കുന്ന കൺട്രോൾ റൂമുകളിലേക്ക് അയക്കുകയും, മോണിറ്ററിംഗ് സ്ക്രീനിൽ അവ മാപ്പ് ചെയ്ത് പ്രദർശിപ്പിക്കുകയും ചെയ്യുന്നു.
- ഘടിപ്പിച്ച യാനങ്ങൾ അപകടങ്ങളിൽപ്പെടുമ്പോൾ അവയുടെ സ്ഥാനം പെട്ടെന്നു അറിയാനും കടൽ രക്ഷാപ്രവർത്തനം കൂടുതൽ എളുപ്പമാക്കുവാനും സാധിക്കുന്നു.

**അഗ്നിശമന ഉപകരണങ്ങൾ**







- അഗ്നിശമന ഉപകരണങ്ങളായ ഫയർഎക്സ്റ്റിൻഗ്വിഷർ, മണൽ നിറച്ച ബക്കറ്റ് എന്നിവ പെട്ടെന്ന് എടുക്കാവുന്ന സ്ഥലത്ത് വെക്കുക.
- അവ എവിടെയാണ് വെച്ചിരിക്കുന്നത് എന്നും, എങ്ങിനെയാണ് ഉപയോഗിക്കേണ്ടതെന്നും ബോട്ടിലുള്ള എല്ലാ ജീവനക്കാരും അറിഞ്ഞിരിക്കേണ്ടതാണ്.
- അവ നിശ്ചിത ഇടവേളകളിൽ പരിശോധിക്കേണ്ടതും സർവ്വീസ് ചെയ്യേണ്ടതുമാണ്.

## I. മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന വിളക്കുകൾ (ലൈറ്റുകൾ)

മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന യാനം കടലിലൂടെ സഞ്ചരിക്കുമ്പോഴോ രാത്രി മുഴുവനും നങ്കൂരമിട്ട് നിശ്ചലമായി കിടക്കുമ്പോഴോ ചട്ടപ്രകാരമുള്ള വിളക്കുകൾ പ്രകാശിപ്പിക്കേണ്ടതാണ്.

**പായ്മര /കൊടിമര വിളക്ക് (Mast Head Light)**



ബോട്ടിന്റെ അണിയവും അമരവും ബന്ധിപ്പിച്ച് മധ്യഭാഗത്തുകൂടി പോകുന്ന നേർരേഖക്കു മുകളിൽ വെച്ചിട്ടുള്ളതും ബോട്ടിന്റെ മുൻപിൽ നിന്നും ഇടതു വലതു വശങ്ങളിൽ തുലാത്തിന്റെ 22.5 ഡിഗ്രി പിറകിൽ വരെയുള്ള വൃത്ത ഭാഗത്തേക്ക് തുടർച്ചയായി വെള്ള വെളിച്ചം കാണിക്കുന്ന തരത്തിൽ സ്ഥാപിച്ചിട്ടുള്ള ലൈറ്റ് (Hullൽ നിന്നും), കുറഞ്ഞത് 6 മീറ്റർ ഉയരത്തിൽ സ്ഥാപിക്കണം.

**പാർശ്വ വിളക്കുകൾ (Side Lights)**



ബോട്ടിന്റെ വലതു വശം (Star Board Side) പച്ച ലൈറ്റും ഇടതു വശം (Port Side) ചുവന്ന ലൈറ്റും ആണ് നൽകുന്നത്. ഈ ലൈറ്റുകൾ ഇരുവശത്തേക്കും തുടർച്ചയായി വെളിച്ചം പ്രകാശിപ്പിക്കേണ്ടതാണ്. ഇതിന്റെ വെളിച്ചം അണിയം മുതൽ തുലാത്തിന്റെ 22.5 ഡിഗ്രി പിറകിൽ വരെ ലഭിക്കുന്നു. ബോട്ടിന്റെ നീളം 20 മീറ്ററിൽ താഴെ ആണെങ്കിൽ രണ്ട് സൈഡ് ലൈറ്റുകളും ഒരുമിച്ചാക്കിയ സംയുക്ത വിളക്ക് മധ്യത്തിലൂടെയുള്ള അണിയത്തു നിന്നും അമരത്തേക്കുള്ള നേർരേഖക്കു മുകളിൽ സ്ഥാപിച്ചിരിക്കണം.

**പിൻ വിളക്ക് (Stern Light)**



ബോട്ടിന്റെ പിന്നറ്റത്ത് മധ്യഭാഗത്തായി നേരെ പിറകിൽ നിന്നും ഇരുവശത്തും 67.5 ഡിഗ്രിയിൽ കാണത്തക്കവിധം അമരത്തിന്റെ കഴിയുന്നത്ര അഗ്രത്ത് സ്ഥാപിക്കണം.

**ചുറ്റും കാണുന്ന വിളക്ക് (All Round White Light)**






ആങ്കർചെയുന്ന സമയത്ത് പ്രദർശിപ്പിച്ചിരിക്കണം. ചക്രവാള വൃത്താംശത്തിനനുസരിച്ച് 360 ഡിഗ്രിക്ക് സമാനമായ സ്ഥലത്ത് തുടർച്ചയായി പ്രകാശം ലഭ്യമാക്കുന്ന ലൈറ്റ്.

**കെട്ടി വലിക്കുന്നതിനുള്ള വിളക്ക് (Towing Light)**



കേടായ ബോട്ട് ടഗ് ചെയ്ത് കൊണ്ടുവരുമ്പോൾ പ്രദർശിപ്പിച്ചിരിക്കണം. 2 ഹൈ മാസ്റ്റ് ലൈറ്റുകൾ കൂടി ഇതിനോടൊപ്പം പ്രദർശിപ്പിച്ചിരിക്കണം.

സുരക്ഷിതമായി ജോലി ചെയ്യുന്നതിനാവശ്യമായ വെളിച്ചം യാനത്തിന്റെ എല്ലാ ഭാഗത്തും ഉണ്ടായിരിക്കണം. ഏണിപ്പടിയിലും എഞ്ചിൻ റൂമിലും സ്റ്റോർ റൂമിലും ആവശ്യത്തിന് പ്രകാശം കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## II. മത്സ്യബന്ധനയാനത്തിന്റെ രജിസ്ട്രേഷൻ

രജിസ്ട്രേഷനു വേണ്ടിയുള്ള ഓരോ അപേക്ഷയും മെർച്ചൻറ് ഷിപ്പിംഗ് (ഇന്ത്യൻ മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ) നിയമങ്ങൾ 1988 പ്രകാരം നിർദ്ദേശിക്കപ്പെട്ട ഫോറത്തിൽ പൂരിപ്പിച്ച് താഴെ കൊടുത്തിരിക്കുന്ന രേഖകൾ പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ പട്ടിക (1) പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്.

- മത്സ്യബന്ധന യാനത്തിന്റെ ഭൗതിക പരിശോധന റിപ്പോർട്ട്.
- യാനത്തിന്റെ ബിൽ, മറ്റ് അനുബന്ധ ബില്ലുകൾ ഇവയുടെ ഫോട്ടോകോപ്പി.
- എഞ്ചിൻ ബിൽ, അതിന്റെ ഫോട്ടോകോപ്പി
- ആധാർ കാർഡ് കോപ്പി
- പാസ്പോർട്ട് സൈസ് ഫോട്ടോ
- ക്ഷേമനിധി പാസ്സ് ബുക്ക് കോപ്പി (അംഗീകൃത മത്സ്യത്തൊഴിലാളികൾക്ക് മാത്രം)
- ക്ഷേമനിധി രസീതി അതിന്റെ ഫോട്ടോകോപ്പി
- മത്സ്യഫെഡ് ലോൺ മുഖേന എഞ്ചിൻ ലഭ്യമായതാണെങ്കിൽ ഗ്രൂപ്പിന്റെ സമ്മതപത്രവും ക്ലസ്റ്റർ പ്രൊജക്ട് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സംഘത്തിന്റെ കത്തും

**പട്ടിക 1**

| മൊത്തം നീളം അനുസരിച്ചുള്ള മത്സ്യബന്ധന യാന വിഭാഗം | ഫീസ് തുക (രൂപ) |
|---|---|
| 5 മീറ്ററിൽ താഴെ | 100 |
| 5 മീറ്റർ മുതൽ 9.99 മീറ്റർ വരെ | 300 |
| 10 മീറ്റർ മുതൽ 14.99 മീറ്റർ വരെ | 2,000 |
| 15 മീറ്റർ മുതൽ 19.99 മീറ്റർ വരെ | 3,000 |
| 20 മീറ്റർ മുതൽ 24.99 മീറ്റർ വരെ | 15,000 |
| 25 മീറ്ററോ അതിൽ അധികമോ | 25,000 |

**പട്ടിക 2**

**മത്സ്യബന്ധനയാനങ്ങൾക്ക് അനുവദനീയമായ പരമാവധി എഞ്ചിൻകപ്പാസിറ്റി**

| യാനത്തിന്റെ മൊത്തം നീളം | അനുവദനീയമായ പരമാവധി കുതിര ശക്തി |
|---|---|
| 15 മീറ്റർ വരെ | 140 HP |
| 15 മീറ്റർ മുതൽ 17.5 മീറ്റർ വരെ | 200 HP |
| 17.5 മീറ്റർ മുതൽ 20 മീറ്റർ വരെ | 250 HP |

## III . മത്സ്യബന്ധനത്തിനുള്ള ലൈസൻസ് / സ്പെഷ്യൽ പെർമിറ്റ്

മത്സ്യബന്ധനത്തിന്റെ ലൈസൻസ് / സ്പെഷ്യൽ പെർമിറ്റിന് വേണ്ടിയുള്ള ഓരോ അപേക്ഷയും ( ഫോറം 2 അനുസരിച്ച്) ഭൗതിക പരിശോധന റിപ്പോർട്ട് സഹിതം താഴെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസോടുകൂടി അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

**പട്ടിക 3**

| യാനത്തിന്റെ നീളം | ഫീസ് തുക (രൂപ) |
|---|---|
| 5 മീറ്ററിൽ താഴെ | ഇല്ല |
| 5 മീറ്റർ മുതൽ 9.99 മീറ്റർ വരെ | 200 |
| 10 മീറ്റർ മുതൽ 14.99 മീറ്റർ വരെ | 2000 |
| 15 മീറ്റർ മുതൽ 19.99 മീറ്റർ വരെ | 3000 |

യാനത്തിന്റെ മൊത്തം നീളം 20 മീറ്ററിൽ കൂടുതൽ ഉള്ളതോ/ എഞ്ചിൻ കപ്പാസിറ്റി 250 HP ക്ക് മുകളിലുള്ളതോ 01/09/2018– ന് ശേഷം രജിസ്റ്റർ ചെയ്തതോ ആയ യന്ത്രവൽകൃത യാനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതല്ല. അത്തരം യാനങ്ങൾ പ്രതിവർഷം താഴെ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള ഫീസ് കൊടുത്ത് കരസ്ഥമാക്കാവുന്ന പ്രത്യേക മൂൻകൂർ അനുവാദം (സ്പെഷ്യൽ പെർമിറ്റ്) ഉപയോഗിച്ച് തുറമുഖങ്ങളിലെയോ, ഹാർബറുകളിലെയോ പ്രഖ്യാപിക്കപ്പെട്ട പ്രവേശന

ചാലിലൂടെ കടന്നുപോകാവുന്നതാണ്. എന്നാൽ ഇത്തരം മത്സ്യബന്ധന യാനം സ്വയം പ്രവൃത്തിത തിരിച്ചറിയാൻ സംവിധാനം (എ.ഐ.എസ്) അല്ലെങ്കിൽ യാന ട്രാക്കിംഗ് ഉപകരണം ഘടിപ്പിച്ചതും വളരെ ഉയർന്ന ആവൃത്തി മറൈൻ റേഡിയോ ഉള്ളതും രജിസ്ട്രേഷൻ ഉള്ളതും ആയിരിക്കണം.

**പട്ടിക 4**

| യാനത്തിന്റെ തരം | ഫീസ് തുക (രൂപ) |
|---|---|
| യന്ത്രവൽകൃത ഇൻബോർഡ് വള്ളം | 15000 |
| യന്ത്രവൽകൃത ബോട്ട് | 25000 |

## IV. യാനത്തിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന്

യാനത്തിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് വേണ്ടി നിർദ്ദേശിക്കപ്പെട്ട മാതൃകയിലുള്ള അപേക്ഷ ഫോറം താഴെ കൊടുക്കുന്ന രേഖകൾ സഹിതം നിശ്ചിത തുക ഒടുക്കി അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

- മത്സ്യബന്ധന യാനത്തിന്റെ ഭൗതിക പരിശോധന റിപ്പോർട്ട്
- ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ എൻ.ഒ.സി
- (മറ്റ് ജില്ലകളിൽ നിന്നോ അന്യ സംസ്ഥാനത്ത് നിന്നോ വാങ്ങിയവർക്ക് മാത്രം)
- വിൽപ്പന എഗ്രിമെന്റ്, അതിന്റെ ഫോട്ടോകോപ്പി
- ക്ഷേമനിധി പാസ്സ് ബുക്ക് കോപ്പി (അംഗീകൃത മത്സ്യത്തൊഴിലാളികൾക്ക് മാത്രം)
- ക്ഷേമനിധി രശീതി, അതിന്റെ ഫോട്ടോകോപ്പി
- യാനം വാങ്ങുന്നയാളുടെയും വിൽക്കുന്നയാളുടെയും ആധാർ കാർഡിന്റെ കോപ്പി.
- പാസ്പോർട്ട് സൈസ് ഫോട്ടോ

## V. എഞ്ചിൻ കൂട്ടിചേർക്കൽ/യാനം മാറ്റം വരുത്തൽ

താഴെ കൊടുത്തിരിക്കുന്ന രേഖകൾ സഹിതം നിശ്ചിത തുക ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- മത്സ്യബന്ധന യാനത്തിന്റെ ഭൗതിക പരിശോധന റിപ്പോർട്ട്.
- യാനത്തിന്റെ ബിൽ, അതിന്റെ ഫോട്ടോകോപ്പി (യാനം മാറ്റം വരുത്തുന്നതിന്)
- എഞ്ചിന്റെ ബിൽ, അതിന്റെ ഫോട്ടോ കോപ്പി (എഞ്ചിൻ കൂട്ടിചേർക്കൽ)
- ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

- പഴയ എഞ്ചിൻ വാങ്ങിയതാണെങ്കിൽ വിൽപന എഗ്രിമെൻറ്, ടി എഞ്ചിൻ നിലവിൽ പ്രവർത്തിച്ചിരുന്ന യാനത്തിന്റെ ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ ചെയ്യാത്തതാണെങ്കിൽ എഞ്ചിൻ ബിൽ, ഫോട്ടോകോപ്പി, വിൽപന എഗ്രിമെൻറ്.
- ആധാർ കാർഡ് കോപ്പി
- ക്ഷേമനിധി രസീതി/ഫോട്ടോകോപ്പി
- ക്ഷേമനിധി പാസ്സ് ബുക്ക് കോപ്പി (അംഗീകൃത മത്സ്യത്തൊഴിലാളികൾക്ക് മാത്രം)

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനതിനായുള്ള മണ്ണെണ്ണ വിതരണം

3 വിധത്തിലുള്ള മണ്ണെണ്ണ വിതരണമാണ് മത്സ്യമേഖലയിൽ നടക്കുന്നത് .

a. **സബ്സിഡി മണ്ണെണ്ണയുടെ വിതരണം (PDS)**

കേന്ദ്ര സർക്കാർ അനുവദിക്കുന്ന പൊതുവിതരണ ശൃംഖലവഴി അനുവദിക്കുന്ന മണ്ണെണ്ണ. കേന്ദ്ര സർക്കാർ ആവശ്യമായ മണ്ണെണ്ണ വിഹിതം അനുവദിക്കാത്തതിനാൽ നിലവിൽ ഈ സബ്സിഡി മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല .

b. **സബ്സിഡി രഹിത മണ്ണെണ്ണ (Non Subsidy PDS)**

സംസ്ഥാനത്തെ നിലവിലെ മത്സ്യബന്ധന പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വഴി അനുവദിക്കുന്നതാണ് നോൺ സബ്സി ഡൈസ്ഡ് PDS. സംസ്ഥാനത്തെ കാർഷിക ആവശ്യത്തിനും, മത്സ്യബന്ധന ആവശ്യത്തിനും, ഉത്സവ വേളകളിലും, മറ്റു അനുബന്ധ ആവശ്യങ്ങൾക്കും കേന്ദ്ര സർക്കാരിൽ നിന്നും അനുവദിക്കുന്ന നോൺ സബ്സിഡി മണ്ണെണ്ണയിൽ നിന്നുമാണ് മത്സ്യബന്ധന മേഖലയ്ക്കുളള വിഹിതം അനുവദിക്കുന്നത്.

മത്സ്യബന്ധന മേഖലയ്ക്ക് (HORSE POWER അടിസ്ഥാനത്തിൽ) അനുവദിക്കുന്ന Non- Subsidized PDS വിഹിതം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 10 HP | 129 Lr |
| 10 HP to 15 HP | 136 Ltr |
| 15 HP യ്ക്ക്മുകളിൽ | 180 Ltr |

c. **മത്സ്യഫെഡ് വഴി നൽകുന്ന നോൺ പി.ഡി.എസ്. മണ്ണെണ്ണ**

2015–16 മുതൽ മത്സ്യഫെഡ്, പൊതുമേഖല എണ്ണ കമ്പനികളായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ (IOC), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ (HPCL), ഭാരത് പെട്രോളിയം (BPCL) എന്നിവരുടെ സഹകരണത്താൽ 9 തീരദേശ ജില്ലകളിലായി 13 മണ്ണെണ്ണ ബങ്കുകൾ (Under ground tanks)

സ്ഥാപിച്ച് മണ്ണെണ്ണ (Non PDS) വിതരണം ആരംഭിച്ചു.  ഒരു ലിറ്ററിന് 25 രൂപ സബ്സിഡിയായി സംസ്ഥാന സർക്കാർ നൽകുന്നു. സബ്സിഡി തുക പെർമിറ്റ് ഉടമകളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നേരിട്ട് നൽകുന്നു.  ചുവടെ പറയുന്ന അളവിലാണ് മത്സ്യഫെഡ് വഴിയുള്ള വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നത്.

| | |
|---|---|
| 10 HP | - 140 Lr |
| 10 HP മുതൽ 15 HP hsc | - 150 Lr |
| 15 HP ക്ക് മുകളിൽ | - 190 Lr |

ഇതോടൊപ്പം സബ്സിഡി ഇല്ലാത്ത മണ്ണെണ്ണ, എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് ഒരു മാസം 230 ലിറ്റർ മുതൽ 630 ലിറ്റർ വരെ പെർമിറ്റ് ഉടമക്ക് ആവശ്യമെങ്കിൽ മത്സ്യഫെഡ് ലഭ്യമാക്കുന്നുണ്ട്.  ഒരു വർഷം മത്സ്യഫെഡ് ബങ്കുകളിൽ കൂടി 15000 മുതൽ 20000 കിലോലിറ്റർ വരെ മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്.

3 വർഷം കൂടുമ്പോൾ ഫിഷറീസ്, സിവിൽ സപ്ലൈസ്, മത്സ്യഫെഡ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്ന സംയുക്ത പരിശോധയിൽ യോഗ്യമെന്ന് കണ്ടെത്തുന്ന എഞ്ചിനുകൾക്കാണ് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നത് .

## മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു

1. മത്സ്യബന്ധന യാനത്തിന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
2. FIMS രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്
    1. എഞ്ചിന്റെ കാലപ്പഴക്കം 10 വർഷത്തിനുള്ളിൽ ആയിരിക്കണം
    2. ഒരുവ്യക്തിക്ക് പരമാവധി 2 എഞ്ചിനുകൾക്ക് മാത്രമേ പെർമിറ്റ് അനുവദിക്കുകയുള്ളൂ

### മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ പദ്ധതി 2018 – 19

സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. 2018–19 സാമ്പത്തിക വർഷത്തിൽ ഹള്ളിന് മാത്രമാണ് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്.  എന്നാൽ 2019–20 മുതൽ ഹള്ളിനും എഞ്ചിനും ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. ഇടെൻഡർ നടപടിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പൊതുമേഖലാ സ്ഥാപന മായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ടി പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിത വുമാണ്.  നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് പ്രീമിയം തുക. നിലവിൽ യാനങ്ങളുടെ വലുപ്പത്തിന്റെയും എഞ്ചിൻ കപ്പാസിറ്റിയുടെയും അടിസ്ഥാനത്തിൽ പ്രീമിയം തുക നിശ്ചയിച്ചിരിക്കുന്നത് ചുവടെ പറയും പ്രകാരം ആണ്.

| ക്രമനമ്പർ | കാറ്റഗറി | സം അഷ്വേർഡ് (രൂപയിൽ) | പ്രീമിയം തുക (2022– 23) (രൂപയിൽ) |
|---|---|---|---|
| 1 | നീളം 10 മീറ്ററിനു താഴെയും എഞ്ചിൻ കപ്പാസിറ്റി 10 എച്ച്.പി. ക്ക് താഴെയുമുള്ള മത്സ്യബന്ധന യാനങ്ങൾ | 350000 | 5450 |
| 2 | നീളം 10 മീറ്ററിനു താഴെയും എഞ്ചിൻ കപ്പാസിറ്റി 10 എച്ച്.പി. ക്ക് മുകളിലു മുള്ള മത്സ്യബന്ധന യാനങ്ങൾ | 400000 | 6.228 |
| 3 | നീളം 10 മീറ്ററിനും 15 മീറ്ററിനും ഇടയിലും എഞ്ചിൻ കപ്പാസിറ്റി 40 എച്ച്. പി. വരെയുള്ള മത്സ്യബന്ധനയാനങ്ങൾ | 600000 | 9342 |
| 4 | നീളം 10 മീറ്ററിനും 15 മീറ്ററിനും ഇടയിലും എഞ്ചിൻ കപ്പാസിറ്റി 40 എച്ച്. പി. ക്ക് മുകളിലുള്ള മത്സ്യബന്ധനയാനങ്ങൾ | 800000 | 12456 |
| 5 | നീളം 15 മീറ്ററിനും 20 മീറ്ററിനും ഇടയിലും എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ളതുമായ മത്സ്യബന്ധനയാനങ്ങൾ | 2300000 | 34169 |
| 6 | നീളം 20 മീറ്ററിനു മുകളിലുള്ളതും എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ളതുമായ മത്സ്യബന്ധന യാനങ്ങൾ | 4600000് | 68337 |

മോട്ടോർ ഘടിപ്പിച്ച കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന പരമ്പരാഗത യാനങ്ങളെയും എഞ്ചിനുകളെയുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 10 വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത യാനങ്ങളും എഞ്ചിനുകളുമാണ് പദ്ധതിക്കായി പരിഗണിക്കുന്നത്. എഞ്ചിനുമായി മാത്രമായി ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതല്ല.

1) മത്സ്യബന്ധയാനത്തിനും എഞ്ചിനും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടായിരിക്കണം.
2) കെ.എം.എഫ്.ആർ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുവർത്തിച്ചുള്ള മത്സ്യബന്ധന യാനവും എഞ്ചിനും ആയിരിക്കേണ്ടതും, ആയത് പ്രകാരമുള്ള മത്സ്യബന്ധന വലയും മറ്റ് ഉപകരണങ്ങളും മാത്രം ഉപയോഗിക്കുന്നതും ആയിരിക്കേണ്ടതാണ്.
3) യാനത്തിന്റെ ഉടമസ്ഥൻ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നിലവിലുള്ള ആൾ ആയിരിക്കണം.
4) യാനം പ്രവർത്തിപ്പിക്കുന്നത് കേരള തീരത്തുള്ള ലാൻഡിംഗ് സെന്റർ/ ഹാർബർ കേന്ദ്രീകരിച്ചായിരിക്കണം.
5) ഒരു മത്സ്യത്തൊഴിലാളിയുടെ പരമാവധി രണ്ട് യാനവും, ഒരു യാനത്തിന് പരമാവധി ഒരു എഞ്ചിനും മാത്രം ആനുകൂല്യം ലഭ്യമാകുന്നതാണ്.
6) ഇൻഷുറൻസ് പരിരക്ഷ ഒരു വർഷത്തേക്കായിരിക്കും.
7) യാനവും എഞ്ചിനും ഒരുമിച്ചുള്ള പൂർണ്ണമോ ഭാഗികമോ ആയ അപകടത്തിനോ യാനം മാത്രമായുള്ള പൂർണ്ണമോ ഭാഗികമോ ആയ അപകടങ്ങൾക്കാണ് ക്ലെയിം ലഭ്യമാകുന്നത്. എഞ്ചിൻ മാത്രമായുള്ള അപകടം ക്ലെയിമിനായി പരിഗണിക്കുന്നതല്ല.

നിശ്ചിത അപേക്ഷയോടൊപ്പം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം എന്നിവയുടെ പകർപ്പ് ഉൾപ്പെടെ അതാത് മത്സ്യഭവൻ ഓഫീസിൽ ഗുണഭോക്തൃ വിഹിതം അടച്ച് മത്സ്യത്തൊഴിലാളികൾക്ക് പദ്ധതിയിൽ അംഗമാകാവുന്നതാണ്.

## മറൈൻ ആംബുലൻസ് സേവനങ്ങൾ

മത്സ്യബന്ധനത്തിനിടെ ഉണ്ടാകുന്ന അപകടങ്ങളിൽപ്പെട്ട് ഓരോ വർഷവും നിരവധി മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയോ, കാണാതാകുകയോ, ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്യുന്നുണ്ട്. അത്തരം സാഹചര്യങ്ങളിൽ അതിവേഗത്തിൽ രക്ഷാപ്രവർത്തനം നടത്താൻ കഴിയുന്ന സംവിധാനം മത്സ്യത്തൊഴിലാളികളുടെ ദീർഘകാലത്തെ ആവശ്യമായിരുന്നു.

ഈ സാഹചര്യത്തിലാണ് രക്ഷാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദുരന്ത മുഖത്തുവച്ചുതന്നെ പ്രാഥമിക ചികിത്സ ലഭ്യമാക്കി അതിവേഗം കരയിലെത്തിച്ച് ജീവൻ രക്ഷിക്കുന്നതിനുമുതകുന്ന മറൈൻ ആംബുലൻസുകൾ സജ്ജമാക്കാൻ സർക്കാർ അനുമതി നൽകിയത്. ആദ്യഘട്ടത്തിൽ മൂന്ന് മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിനാണ് 31/05/2018 ന് കൊച്ചിൻ ഷിപ്പിയാർഡുമായി കരാറിൽ ഏർപ്പെട്ടത്. ഒരു ബോട്ടിന് 6.08 കോടി രൂപ നിരക്കിൽ 18.24 കോടി രൂപയാണ് പദ്ധതിയുടെ മൊത്തം അടങ്കൽ തുക. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 7.36 കോടി രൂപയും, ഫിഷറീസ് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നുള്ള 2 കോടി രൂപയുമാണ് സർക്കാർ അനുവദിച്ചത്. കൂടാതെ ഒരു ആംബുലൻസിന്റെ നിർമ്മാണച്ചെലവ് പൂർണ്ണമായും BPCL ഉം, ഒന്നിന്റെ പകുതി ചെലവ് കൊച്ചിൻ ഷിപ്പ്യാർഡും അവരുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടിൽ നിന്നുമാണ് വഹിച്ചത്. ബോട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക ഉപദേശം ലഭ്യമാക്കിയത് കൊച്ചി കേന്ദ്രമായി പ്രവർത്തിയ്ക്കുന്ന CIFT ആണ്.

23 മീറ്റർ നീളവും 5.5 മീറ്റർ വീതിയും 3 മീറ്റർ ആഴവുമുള്ള മറൈൻ ആംബുലൻസുകൾക്ക് അപകടത്തിൽപ്പെടുന്ന 10 പേരെ വരെ ഒരേ സമയം സുരക്ഷിതമായി കിടത്തി കരയിലെത്തിക്കാൻ സാധിക്കും. 700 എച്ച്.പി വീതമുള്ള 2 സ്കാനിയ എഞ്ചിനുകൾ ഘടിപ്പിച്ചിട്ടുള്ള ആംബുലൻസുകൾക്ക് പരമാവധി 14 നോട്ട് സ്പീഡ് ലഭ്യമാകും. IRS മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ബോട്ടുകൾ രൂപകൽപന ചെയ്തിട്ടുള്ളത്. പ്രാഥമിക ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും ഒരുക്കിയിട്ടുള്ള ആംബുലൻസിൽ 24 മണിക്കൂറും പാരാ മെഡിക്കൽ സ്റ്റാഫിന്റെ സേവനം ഉണ്ടാകും. പ്രതീക്ഷ, പ്രത്യാശ, കാരുണ്യ എന്നിങ്ങനെ നാമകരണം ചെയ്തിട്ടുള്ള മറൈൻ ആംബുലൻസുകൾ യഥാക്രമം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലകളിലാണ് 24 മണിക്കൂർ രക്ഷാ പ്രവർത്തനത്തിന് നിയോഗിച്ചിട്ടുള്ളത്.

## ഫിഷറീസ് കൺട്രോൾറൂം

കടൽ സുരക്ഷയുമായി ബന്ധപ്പെട്ട കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാ സമയം മത്സ്യത്തൊഴിലാളികൾക്കെത്തിച്ച് കൊടുക്കുക, വിവിധ ഏജൻസികളെ കോർത്തിണക്കിക്കൊണ്ട് രക്ഷാപ്രവർത്തനം ഏകോപിപ്പിയ്ക്കുക എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിയ്ക്കുന്നുണ്ട്.

**ഫിഷറീസ് മാസ്റ്റർ കൺട്രോൾ റൂമിന്റെ ഫോൺ നമ്പർ**

| | | |
|---|---|---|
| മൊബൈൽ | : | 8547155621,<br>ഡയറക്ടറേറ്റ് |
| ലാന്റ് ലൈൻ | : | 0471–2960896 |

**റീജിയണൽ കൺട്രോൾ റൂമിന്റെ ഫോൺ നമ്പർ**

| | | |
|---|---|---|
| വിഴിഞ്ഞം | : | 0471– 2480335 |
| മൊബൈൽ | : | 9447141189 |
| വൈപ്പിൻ | : | 9496007048 |
| ലാന്റ് ഫോൺ | : | 0784–2502768 |
| ബേപ്പൂർ | : | 0495–2414074 |
| മൊബൈൽ | : | 9496007038 (Assistant – Director), 9496007052 |

ഇവ കൂടാതെ മറ്റു ആറു മറൈൻ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളോട് അനുബന്ധിച്ച് ഇരുപത്തിനാല് മണിക്കൂറും കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നു. അവയുടെ ഫോൺ നമ്പറുകൾ ചുവടെ ചേർക്കുന്നു.

**CONTROL ROOM LAND PHONE NUMBERS**

| കൺട്രോൾറൂം /ഫിഷറീസ് സ്റ്റേഷൻ | ലാന്റ് ഫോൺ നമ്പർ |
|---|---|
| നീണ്ടകര | 0476–2680036 |
| തോട്ടപ്പള്ളി | 0477–2297707 |
| അഴിക്കോട് | 0480–2996090 |
| പൊന്നാനി | 0494–2667428 |
| കണ്ണൂർ | 0497–2732487 |
| കാസർഗോഡ് | NIL<br>AD KASARGOD 9747558835 |

## ട്രെയിനിംഗ് ആന്റ് അവയർനെസ്സ് പ്രോഗ്രാം

2021–22 സാമ്പത്തിക വർഷം 'ട്രെയിനിംഗ് ആന്റ് അവയർനെസ്സ് പ്രോഗ്രാം' എന്ന പദ്ധതി വഴി 9 തീരദേശ ജില്ലകളിലെ 540 മത്സ്യത്തൊഴിലാളികൾക്ക് (30 പേരടങ്ങുന്ന 18 ബാച്ചുകളിലായി) ഫിഷറീസ് മേഖലയെ സംബന്ധിക്കുന്ന കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (KMFR) നിയമവും ചട്ടങ്ങളും നടപ്പിലാക്കൽ, സമുദ്ര മേഖലയിൽ ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ, മത്സ്യബന്ധന യാനങ്ങളിലെ ആശയ വിനിമയ ജീവൻ രക്ഷാ ഉപകരണങ്ങൾ, മത്സ്യസമ്പത്തിന്റെ സുസ്ഥിര സംരക്ഷണവും പരിപാലനവും എന്നീ വിഷയങ്ങളിൽ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികൾക്കാണ് ഇത്തരത്തിൽ പരിശീലനം നൽകി വരുന്നത്.

### സമുദ്ര പദ്ധതി

വനിത മത്സ്യവിപണന തൊഴിലാളികൾക്ക് സൗജന്യ യാത്ര ഒരുക്കുന്നതിന്റെ ഭാഗമായി കെ.എസ്. ആർ.ടി.സി യുമായി ചേർന്ന് സമുദ്ര പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തെ ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ നിന്നും മാർക്കറ്റുകളിലേക്കും തിരിച്ചും സൗജന്യമായി യാത്ര ചെയ്യുന്നതിന് 3 കെ.എസ്.ആർ.ടി.സി ബസുകൾ പ്രവർത്തിക്കുന്നു.

## മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കുന്ന ഏകജാലക സേവന പ്രവർത്തനങ്ങൾ

### I. ഏകജാലക സംവിധാനം

മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കുന്ന വിവിധ സേവന പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനും വിവിധ സേവനങ്ങൾക്കായി ഗുണഭോക്താക്കൾ വകുപ്പിലേക്ക് അപേക്ഷിക്കുന്നതിനും വേണ്ടി സർക്കാർ തയ്യാറാക്കിയിരിക്കുന്ന ഏകജാലക സംവിധാനമാണ് ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS). വെബ് സൈറ്റിൽ www.fims.kerala.gov.in എന്ന് പരിശോധിച്ചാൽ ഈ സംവിധാനം ലഭ്യമാകുന്നതാണ്. ഗുണഭോക്താക്കൾക്ക് നേരിട്ടോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

### സേവനങ്ങൾ

1. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി അംഗത്വത്തിനുള്ള അപേക്ഷ.

   അംഗത്വത്തിനുള്ള അപേക്ഷ www.fims.kerala.gov.in എന്ന വെബ് സൈറ്റിൽ ഇ-സർവീസ് എന്ന ലിങ്കിൽ നിന്നും ചലം Registration എന്ന ലിങ്ക് വഴി സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖകൾ pdf ഫോർമാറ്റിൽ തന്നെ വെബ് സൈറ്റിൽ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ അപ്ലോഡ് ചെയ്യുകയും വേണം. അപേക്ഷ വിജയകരമായി സമർപ്പിക്കുമ്പോൾ ഇ- ടോക്കൺ നമ്പർ ലഭ്യമാകുന്നതാണ്. കൂടാതെ അപേക്ഷയുടെ പ്രിൻറ് സൂക്ഷിക്കാവുന്നതുമാണ്. ഇ- ടോക്കൺ നമ്പർ ഉപയോഗിച്ച് വെബ് സൈറ്റിലെ E-service ലെ Track application എന്ന ലിങ്ക് വഴി അപേക്ഷയുടെ സമയാസമയത്തുള്ള അവസ്ഥ പരിശോധിക്കാവുന്നതാണ്.

***അപേക്ഷ സമർപ്പിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ.***

a) അപേക്ഷ സമർപ്പിക്കുന്ന സമയം അപേക്ഷകൻ താമസിക്കുന്ന ജില്ല, ഫിഷറീസ് വില്ലേജ്, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവ ശരിയായി തെരെഞ്ഞെടുക്കേണ്ടതാണ്.

b) അപേക്ഷകന്റെ മൊബൈൽ നമ്പർ ശരിയായി നൽകുക. സ്വന്തമായി മൊബൈൽ നമ്പർ ഇല്ലാത്തവർ ബന്ധുക്കളുടെ നമ്പർ നൽകുക. ഫിഷറീസ് ഓഫീസർക്ക് പരിശോധന സമയത്ത് വിളിച്ച് ബന്ധപ്പെടുന്നതിന് വേണ്ടിയാണ് ഇത്. ആയതിനാൽ പ്രസ്തുത വിവരം മൊബൈൽ ഫോൺ നമ്പറിന്റെ ഉടമസ്ഥനെ അറിയിച്ചിരിക്കണം.

c) അപേക്ഷയോടൊപ്പം ആവശ്യപ്പെടുന്ന വിവരങ്ങൾ ശരിയായി മാത്രം നൽകുക.

d) ഫിഷറീസ് ഓഫീസർക്ക് പരിശോധന സമയത്ത് അപേക്ഷകനെ വളരെ വേഗം കണ്ടുപിടിക്കുന്നതിന് വേണ്ടി അപേക്ഷകന്റെ ഫിഷറീസ് വില്ലേജിൽ തന്നെയുള്ള മത്സ്യത്തൊഴിലാളി ഫണ്ട് ബോർഡിൽ അംഗത്വമുള്ള, അപേക്ഷകനെ പരിചയമുള്ള ഒരു വ്യക്തിയുടെ ഫിംസ് മെമ്പർ ഐഡി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

e) അപേക്ഷകന്റെ കുടുംബത്തിൽ സ്ഥിരമായി താമസിക്കുന്ന എല്ലാ അംഗങ്ങളുടെയും വിവരങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

f) അപേക്ഷകന്റെ കുടുംബത്തിലെ അംഗങ്ങൾക്ക് തുടർ സേവനങ്ങൾ ശരിയായി ലഭ്യമാക്കുന്നതിനായി കുടുംബാംഗങ്ങളുടെ വിവരങ്ങൾ ശരിയായി നൽകുക.

g) പരിശോധന സമയത്ത് അപേക്ഷകനെ ഫിഷറീസ് ഓഫീസർക്ക് കണ്ടുപിടിക്കുവാൻ സാധിക്കാതിരിക്കുകയോ, തെറ്റായ വിവരങ്ങൾ നൽകിയിരിക്കുകയോ ചെയ്താൽ അപേക്ഷ നിരസിക്കാവുന്നതാണ്.

h) അംഗത്വം നിരസിക്കുന്നവർക്ക് ആവശ്യമെങ്കിൽ ഫിഷർമാൻ വെൽഫെയർ ഫണ്ട് ബോർഡ് റീജിയണൽ എക്സിക്യൂട്ടീവ് അപ്പീൽ നൽകാവുന്നതാണ്. റീജിയണൽ എക്സിക്യൂട്ടീവ് പരിശോധന നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

i) നിലവിൽ ഫിഷർമാൻ വെൽഫെയർ ഫണ്ട് ബോർഡ് - ൽ അംഗത്വം ഉള്ളവർ വെബ് സൈറ്റിൽ വിവരങ്ങൾ ഉൾപ്പെടുത്തുവാൻ നേരിട്ട് അപേക്ഷിക്കരുത്. ഇവരുടെ വിവരങ്ങൾ ഫിംസ് - ൽ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത അംഗം നിലവിൽ സ്ഥിരമായി താമസിക്കുന്ന മത്സ്യഭവനിലെ മത്സ്യഭവൻ ആഫിസറുടെ ആഫീസിൽ ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ഉൾപ്പെടെ അപേക്ഷ സമർപ്പിക്കുക.

j) അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ബന്ധപ്പെട്ട മത്സ്യഭവൻ ആഫീസിലോ ഫിഷർമാൻ വെൽഫെയർ ഫണ്ട് ബോർഡ് , ഫിഷറീസ് ആഫീസിലോ, ഫിഷറീസ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന കോൾ സെന്ററിലോ ബന്ധപ്പെടാവുന്നതാണ്. ഫിഷറീസ് ഡയറക്ടറേറ്റിലെ കോൾസെന്റർ ഫോൺനമ്പർ 0471– 2525200 അല്ലെങ്കിൽ 18004253183 (ടോൾഫ്രീ നമ്പർ). കൂടാതെ കോൾ സെന്ററിലേക്ക് fisherieskerala200@gmail.com എന്ന ഇമെയിലിലേക്ക് ഇമെയിലായും ബന്ധപ്പെടാവുന്നതാണ്.

## II. മത്സ്യത്തൊഴിലാളി കുടുംബത്തിന് പൊതുവായ ലോഗിൻ പേജ്

മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഓരോ അംഗത്തിനും ലഭിക്കേണ്ട സേവനങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിന് ഫിംസ്–ൽ ഗൃഹനാഥന്റെ പേരിൽ ഒരു ലോഗിൻപേജ് തയ്യാറാക്കണം. ഇതിലേക്കായി ആദ്യം www.fims.kerala.gov.in ൽ Fishermen login എന്ന menu വിൽനിന്നും Fisherfolk signup ചെയ്യണം. ഇത് ഒരുപ്രാവശ്യം മാത്രം ചെയ്താൽ മതി. ഇതിലേയ്ക്ക് ഗൃഹനാഥന്റെ ഫിംസ് മെമ്പർ ഐഡി, ഫിംസ് –ൽ നൽകിയിരിക്കുന്ന മൊബൈൽ നമ്പർ എന്നിവ അറിഞ്ഞിരിക്കണം. ഫിംസ് മെമ്പർ ഐഡി അറിയുന്നതിന് www.fims.kerala.gov.in –ൽ ലെ സെർച്ച് ഒപ്ഷൻ ഉപയോഗിക്കുകയോ മത്സ്യഭവൻ ആഫീസിൽ അന്വേഷിക്കുകയോ വേണം. ഒരു പ്രാവശ്യം Fishermen login തുടങ്ങി കഴിഞ്ഞാൽ പ്രസ്തുത കുടുംബവുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും പ്രസ്തുത login ഉപകരിക്കും. നിലവിൽ ഫിംസ് മെമ്പർ ഐഡി, യൂസർ നെയിം ആയും മൊബൈൽനമ്പർ പാസ്‌വേഡ് ആയും ആണ് നിശ്ചയിച്ചിരിക്കുന്നത്. ലോഗിൻ ചെയ്തശേഷം ഫോൺനമ്പർ മാറ്റിയാലും സൈൻ അപ് ചെയ്ത സമയത്ത് ഉപയോഗിച്ച് മൊബൈൽ നമ്പർ തന്നെ തുടർന്നും പാസ് വേഡ് ആയി ഉപയോഗിക്കുക. മത്സ്യത്തൊഴിലാളിയുടെ ഐഡൻറ്റിറ്റി കാർഡും ഇതിൽ നിന്നും ലഭ്യമാവുന്നതാണ്.

മത്സ്യബന്ധന വകുപ്പുവഴി നൽകുന്ന സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുവാനുണ്ടെങ്കിൽ അതിനുള്ള സംവിധാനം ഫിഷർമെൻ ലോഗിനിൽ നൽകുന്നതും പ്രസ്തുത അപേക്ഷയിൽ തുടർ ആവശ്യങ്ങളുണ്ടെങ്കിൽ ഇതിൽ നിന്നും അറിയാവുന്നതുമാണ്. ഈ സേവനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് നിലവിൽ ഡേറ്റാ ബെയിസിൽ പ്രസ്തുത കുടുംബത്തെ സംബന്ധിച്ച് എല്ലാ വിവരവും ഉണ്ടെന്നും ആയത് ശരിയാണെന്നും ഉറപ്പു വരുത്തുക. കൂടാതെ കുടുംബാംഗങ്ങളിൽ കൂട്ടിചേർക്കലുകളോ ഒഴിവാക്കലോ ആവശ്യമുള്ളപ്പോൾ ബന്ധപ്പെട്ട ഫിഷറീസ് ആഫീസറുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകൾ കാണിച്ച് ബോധ്യപ്പെടുത്തി തിരുത്തലുകൾ വരുത്തുക. കൂടാതെ ഓരോ വർഷത്തെയും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ വിഹിതം യഥാസമയം അടക്കുകയും, വിഹിതം അടച്ച വിവരം ഫിംസ് –ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

## III. സർക്കാർ നൽകുന്ന വിവിധ അടിയന്തിര സഹായങ്ങൾ ലഭിക്കുന്നതിന് അറിഞ്ഞിരിക്കേണ്ടവ.

മത്സ്യബന്ധനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്നവർക്ക് കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന സാമ്പത്തിക സഹായങ്ങളും മറ്റ് ഉൽപ്പന്നങ്ങൾ നൽകിയുള്ള സഹായങ്ങളും സർക്കാർ തന്നെ നേരിട്ട് നൽകിവരുന്നു. ഇതിന് പല അവസരത്തിലും അപേക്ഷകൾ പോലും വാങ്ങുന്നില്ല. പകരം ഫിംസ് – ൽ നിലവിലുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി എടുക്കുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന്, കോവിഡ് 19 മഹാമാരി നിലനിന്ന സമയത്ത് മത്സ്യബന്ധന മേഖലയിലുള്ളവർക്ക് കൈത്താങ്ങായി ഓരോ കുടുംബത്തിനും 3000/ രൂപ വീതവും 1000/ രൂപ വീതവും റേഷൻ കിറ്റും പലപ്പോഴായി നൽകുകയുണ്ടായി. ഇതിനൊന്നും തന്നെ അപേക്ഷ സ്വീകരിച്ചിരുന്നില്ല. പകരം ഫിംസ് ഡാറ്റ അടിസ്ഥാനമാക്കി എടുക്കുകയാണ് ചെയ്തത്. ആയതിനാൽ ഇത്തരം സേവനങ്ങൾ യഥാസമയം യഥാർത്ഥ വ്യക്തികൾക്ക് ലഭ്യമാവുന്നതിന് അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ.

(a) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ള, വിഹിതം അടച്ച് അംഗത്വം നിലനിർത്തിയിട്ടുള്ള എല്ലാ അംഗങ്ങളും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റുന്ന എല്ലാ അംഗങ്ങളും അവരുടെയും കുടുംബത്തിന്റെയും വിവരങ്ങൾ ഫിംസ് – ൽ ഉണ്ടെന്ന് ഉറപ്പു വരുത്തുക.

(b) ക്ഷേമനിധി ബോർഡിൽ അംഗത്വം ഉള്ള ഓരോ അംഗവും അവരുടെ യഥാർത്ഥ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തന്നെയാണ് ഫിംസ് –ൽ ഉള്ളതെന്ന് ഉറപ്പു വരുത്തുക.

(c) ഓരോ അംഗവും അവരുടെ ബാങ്കിലെ സിംഗിൾ ഓണർഡ് അക്കൗണ്ട് വിവരം തന്നെയാണ് നൽകിയിരിക്കുന്നത് എന്ന ഉറപ്പു വരുത്തുക. ജോയിന്റ് അക്കൗണ്ട് ആണെങ്കിൽ സേവനങ്ങൾ യഥാസമയം നൽകുവാൻ പലപ്പോഴും അസൗകര്യങ്ങൾ നേരിട്ടിട്ടുണ്ട്.

(d) ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, വ്യക്തിഗത വിവരങ്ങൾ, കുടുംബത്തിന്റെ വിവരങ്ങൾ, മത്സ്യബന്ധന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ, യാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ യഥാസമയം പുതുക്കി സൂക്ഷിക്കുക. ഇവയിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട മത്സ്യഭവൻ ആഫീസുമായി ബന്ധപ്പെടുക.

(e) ഫിംസ്–ലെ വിവരങ്ങൾ പരിശോധിക്കുന്നതിനും അപേക്ഷകൾ നൽകുന്നതിനും ഓരോ വ്യക്തിക്കും ഇന്റർനെറ്റുള്ള കമ്പ്യൂട്ടറിൽ നിന്നോ മൊബൈൽ വഴിയോ സ്വന്തമായി ചെയ്യാവുന്നതും, ഇത്തരം സേവനങ്ങൾ നൽകുന്ന അക്ഷയ കേന്ദ്രങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതുമാണ്.

(e) ഇത്തരത്തിൽ വിവരങ്ങൾ യഥാസമയം പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തി സൂക്ഷിക്കുന്നവർക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വം പുതുക്കൽ ഒഴികെ മറ്റെല്ലാ സേവനങ്ങളും ഓൺലൈനായി തന്നെ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുകയാണ് FIMS എന്ന ഏകജാലക സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സംവിധാനത്തെ കുറിച്ചുള്ള സംശയങ്ങൾക്കും, നിർദ്ദേശങ്ങൾക്കുമായി ഗുണഭോക്താക്കൾക്ക് മത്സ്യബന്ധന വകുപ്പിന്റെ കോൾ സെന്ററുമായി ബന്ധപ്പെടാവുന്നതാണ്.

## പുനർഗേഹം പദ്ധതി

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന സംസ്ഥാന സർക്കാരിന്റെ ബൃഹത് പദ്ധതിയാണ് പുനർഗേഹം.

ഫിഷറീസ് വകുപ്പ് 2018–ൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18,685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളും ഉൾപ്പെടെ ആകെ 21220 കുടുംബങ്ങളാണ് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡന്റ്സ് ഗ്രൂപ്പ് രൂപീകരിച്ച് അപ്പാർട്ട്മെന്റുകൾ നിർമ്മിച്ചും, സർക്കാർ/സ്വകാര്യ ഭൂമി സർക്കാർ ഏറ്റെടുത്ത് ഫ്ളാറ്റുകൾ നിർമ്മിച്ചും പുനരധിവാസത്തിന് കഴിയും.

**വ്യക്തിഗത ഭവന നിർമ്മാണം**

- 11841 കുടുംബങ്ങളെ പദ്ധതി ഗുണഭോക്താക്കളായി ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചു.
- 3777 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമി വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ചു.

- 3212 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രർ ചെയ്തു.
- 1874 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു.
- 390 ഗുണഭോക്താക്കളെ ഫ്ളാറ്റുകളിൽ പുനരധിവസിപ്പിച്ചു.

**വ്യക്തിഗത ഭവന നിർമ്മാണം സംബന്ധിച്ച ജില്ല തിരിച്ചുള്ള പുരോഗതി**

| ജില്ല | DLAC അംഗീകരിച്ചവർ | DLMC അംഗീകരിച്ചവർ | ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ചവർ | ഭവന നിർമ്മാണം പൂർത്തീകരിച്ചവർ |
|---|---|---|---|---|
| തിരുവനന്തപുരം | 4116 | 1219 | 1023 | 507 |
| കൊല്ലം | 526 | 383 | 332 | 269 |
| ആലപ്പുഴ | 1804 | 813 | 683 | 441 |
| എറണാകുളം | 268 | 85 | 83 | 53 |
| തൃശ്ശൂർ | 730 | 360 | 328 | 253 |
| മലപ്പുറം | 1322 | 428 | 286 | 153 |
| കോഴിക്കോട് | 323 | 114 | 112 | 79 |
| കണ്ണൂർ | 1583 | 174 | 164 | 80 |
| കാസർഗോഡ് | 1169 | 201 | 201 | 39 |
| ആകെ | 11841 | 3777 | 3212 | 1874 |

**ഭവന സമുച്ചയം കൈമാറിയത്** :

തിരുവനന്തപുരം ജില്ലയിൽ കാരോട് (128) ബീമാപള്ളി (20), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128), എന്നീ കെട്ടിട സമുച്ചയങ്ങൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | കാരോട് | 128 |
| 2 | തിരുവനന്തപുരം | ബീമാപള്ളി | 20 |
| 3 | കൊല്ലം | QSS കോളനി | 114 |
| 4 | മലപ്പുറം | പൊന്നാനി | 128 |
| | **ആകെ** | | **390** |

**നിർമ്മാണം പുരോഗമിക്കുന്നവ**

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | ആലപ്പുഴ | മണ്ണുംപുറം | 228 |
| 2 | മലപ്പുറം | നിറമരുതൂർ | 16 |

| | | | |
|---|---|---|---|
| 3 | തിരുവനന്തപുരം | കാരോട് | 24 |
| 4 | തിരുവനന്തപുരം | വലിയതുറ | 192 |
| 5 | മലപ്പുറം | പൊന്നാനി | 100 |
| 6 | കോഴിക്കോട് | വെസ്റ്റ്ഹിൽ | 80 |
| 7 | കാസർഗോഡ് | കോയിപ്പാടി | 144 |
| 8 | തിരുവനന്തപുരം | മുട്ടത്തറ | 400 |
| 9 | തിരുവനന്തപുരം | കൊച്ചുവേളി | 168 |
| 10 | തിരുവനന്തപുരം | സെന്റ് ആന്റണീസ് | 24 |
| | **ആകെ** | | **1376** |

V. **പദ്ധതി പ്രകാരം ഭവന സമുച്ചയ നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമിയുടെ വിവരം**

| ക്രമ നം. | വില്ലേജ് | സർവ്വേ നം. | ഏരിയ | ലൊക്കേഷൻ | വകുപ്പ് |
|---|---|---|---|---|---|
| 1 | മുട്ടത്തറ | | 35 ഏക്കർ | ആൾ ഇന്ത്യാ റേഡിയോ | റവന്യൂ ഭൂമി |
| 2 | കടകംപള്ളി | 2623/5, 5, 87, 88, 89, 10 A | 18 ഏക്കർ | ആൾ സെയിന്റ്സ് കോളേജ് | സർക്കാർ ഭൂമി |
| 3 | മുട്ടത്തറ | 2615/B | 2.71 ഏക്കർ | SM Lock ജംഗ്ഷൻ, വലിയതുറ | സർക്കാർ ഭൂമി |
| 4 | മുട്ടത്തറ | 2856/1, 2852/1, 2858/2 17 | 2.94 ഏക്കർ | വലിയതുറ വികലാംഗ കോളനിയ്ക്ക് സമീപം | റവന്യൂ ഭൂമി |
| 5 | കടകംപള്ളി | 2760 A, 2161 A, 2761 B, 2762 A | 2 ഏക്കർ | slm¨pthfn TSSS | സ്വകാര്യ ഭൂമി |
| 6 | മയ്യനാട് | 350/4, 350/5, 350/9 | 1.276 ഏക്കർ | മയ്യനാട് | സർക്കാർ ഭൂമി |
| 7 | വാടാനപ്പള്ളി/ തൃശ്ശൂർ | 152/6A2 | 0.44 ഏക്കർ | വാടാനപ്പിള്ളി | റവന്യൂ ഭൂമി |
| 8 | വാടാനപ്പള്ളി/ തൃശ്ശൂർ | 152/5B | 0.13 ഏക്കർ | വാടാനപ്പിള്ളി | ഫിഷറീസ് |
| 9 | മൂടാടി, കോഴിക്കോട് | 38/1 B, 37/1, 35/4, 35/10 | 5.2688 ഏക്കർ | കെൽട്രോൺ | |
| 10. | കസബ കോഴിക്കോട് | | 0.60 ഏക്കർ | | സർക്കാർ പുറമ്പോക്ക് ഭൂമി |

| ക്രമ നം. | വില്ലേജ് | സർവ്വേ നം. | ഏരിയ | ലൊക്കേഷൻ | വകുപ്പ് |
|---|---|---|---|---|---|
| 11 | ഏലത്തൂർ | 25/1,7,8 B1 | 0.60 ഏക്കർ | | നാളികര വികസന കോർപ്പറേഷൻ |
| 12 | പുതിയങ്ങാടി | 15181/1, 182/1, 183, 185/1 | 5 ഏക്കർ | HMI | സർക്കാർ പുറമ്പോക്ക് ഭൂമി |
| 16 | പാതിരിയോട് കണ്ണൂർ | 14/1 | 1.90 ഏക്കർ | പാതിരിയോട് വില്ലേജ്, പാതിരിയോട് അംശം, വേളാനൂർ ദേശം | പി.ഡബ്ല്യൂ.ഡി |
| | **ആകെ** | | **75.86 ഏക്കർ** | | |

ക്ഷീരവികസന വകുപ്പിന്റെ കൈവശം നിന്നും 8 ഏക്കർ ഭൂമി ലഭ്യമാക്കി 400 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 81 കോടി രൂപയുടെ ഭരണാനുമതി സ.ഉ.(സാധാ)നം. 877/2022/F&P. തീയതി 26.12.2022 പ്രകാരം ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി കൈമാറി നൽകിയ കടകംപള്ളി വില്ലേജിലെ 2 ഏക്കർ ഭൂമിയിലും സെന്റ് ആന്റണീസ് സ്കൂൾ കൈമാറി നൽകിയ 37 സെന്റ് ഭൂമിയിലുമായി 192 ഫ്ളാറ്റുകൾ നിർമ്മിക്കുന്നയതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

## വിദ്യാതീരം

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ എൻട്രൻസ്, IIT/NIT എൻട്രൻസ്, സിവിൽ സർവീസ്, എന്നിവയ്ക്ക് സൗജന്യ പരിശീലനം നൽകുന്ന പദ്ധതി.

### A. മെഡിക്കൽ എൻട്രൻസ് പരിശീലനം

**I. അർഹമായ മാനദണ്ഡം**

1. അപേക്ഷകൻ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളി/ പെൻഷണറുടെ മകൻ/ മകൾ ആയിരിക്കണം.
2. ഹയർ സെക്കന്ററി/വി.എച്ച്.എസ്.സി. തലത്തിൽ നടന്ന പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ 85%ത്തിലധികം മാർക്ക് നേടിയിരിക്കണം. ഇതിന്റെ അഭാവത്തിൽ മുൻ വർഷത്തെ നീറ്റ് പരീക്ഷയിൽ യോഗ്യത നേടുകയും ഏറ്റവും കുറഞ്ഞത് 40% മാർക്കെങ്കിലും ഉണ്ടായിരിക്കുകയും വേണം.
3. തെരഞ്ഞെടുക്കുന്ന പരിശീലന കേന്ദ്രത്തിന്റെ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിന് സന്നദ്ധരായിരിക്കണം.
4. ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവശ്യം മാത്രമേ ഇത്തരത്തിൽ ആനുകൂല്യം അനുവദിക്കുകയുള്ളൂ. സർക്കാരിൽ നിന്നും മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ ആനുകൂല്യത്തിന് അർഹരല്ല.

II. **അപേക്ഷയോടൊപ്പം വേണ്ട രേഖകൾ**

1. അമ്മയോ അച്ഛനോ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയാണെന്ന് തെളിയിക്കുന്ന ഫിഷറീസ് ഓഫീസറുടെ സാക്ഷ്യപത്രമോ മത്സ്യബോർഡ് നൽകിയ ക്ഷേമനിധി പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. പ്ലസ്ടു/ വി.എച്ച്.എസ്.ഇ./ തത്തുല്യ പരീക്ഷയിൽ വിജയിച്ചു എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. മുൻ വർഷത്തെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ 40% മാർക്ക് ലഭിച്ചു എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
4. ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസ് മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

III. **ആനുകൂല്യങ്ങൾ**

1. സംസ്ഥാനത്തെ പ്രധാനപ്പെട്ട മെഡിക്കൽ എൻട്രൻസ് പരിശീലന കേന്ദ്രങ്ങളിൽ നിന്നും സർക്കാർ തെരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ താമസിച്ചു പഠിക്കുന്നതിനുള്ള ധനസഹായമാണ് അനുവദിക്കുന്നത്.
2. കുട്ടികളുടെ ഫീസ്, ആഹാരം, താമസം ഉൾപ്പെടെയുള്ള ചെലവുകളുടെ ബിൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് അനുവദിച്ചു നൽകുന്നതാണ്.
3. ഒരു വിദ്യാർത്ഥിക്ക് അനുവദിക്കാവുന്ന പരമാവധി തുക അതാത് സമയത്തെ സർക്കാർ ഉത്തരവിന് വിധേയമായിരിക്കണം.

## B. IIT/NIT എൻട്രൻസ് പരിശീലനം

I. **അർഹതാ മാനദണ്ഡം**

1. അപേക്ഷകൻ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളി/പെൻഷണറുടെ മകൻ/മകൾ ആയിരിക്കണം.
2. +2, VHSE പരീക്ഷയിൽ ഏറ്റവും കുറഞ്ഞത് 60%മാർക്ക് നേടി വിജയിച്ചിരിക്കണം.
3. തെരഞ്ഞെടുത്ത പരിശീലന സ്ഥാപനത്തിന്റെ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നതിന് സന്നദ്ധരായിരിക്കണം.
4. ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവശ്യം മാത്രമേ ഇത്തരത്തിൽ ആനുകൂല്യം അനുവദിക്കുകയുള്ളൂ. സർക്കാരിൽനിന്നും മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ ആനുകൂല്യത്തിന് അർഹരല്ല.

II. **അപേക്ഷയോടൊപ്പം വേണ്ട രേഖകൾ**

1. അച്ഛനോ അമ്മയോ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയാണെന്ന് തെളിയിക്കുന്ന ഫിഷറീസ് ഓഫീസറുടെ സാക്ഷ്യപത്രമോ മത്സ്യബോർഡ് നൽകിയ ക്ഷേമനിധി പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

2. ഡിഗ്രിതലത്തിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസ് മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**III. ആനുകൂല്യങ്ങൾ**

1. സംസ്ഥാനത്തെ തിരഞ്ഞെടുത്ത പരിശീലന കേന്ദ്രങ്ങളിൽ നിന്നും സർക്കാർ തെരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ താമസിച്ചു പഠിക്കുന്നതിനുള്ള ധനസഹായമാണ് അനുവദിക്കുന്നത്.
2. കുട്ടികളുടെ ഫീസ്, ആഹാരം, താമസ ചെലവ് എന്നിവ ഉൾപ്പെടെയുള്ള ചെലവുകളുടെ ബിൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചു നൽകുന്നതാണ്.
3. ഓരോ വിദ്യാർത്ഥിക്കും അനുവദിക്കാവുന്ന പരമാവധി തുക അതാത് സമയത്തെ സർക്കാർ ഉത്തരവിന് വിധേയമായിരിക്കണം.

## C. സിവിൽ സർവ്വീസ് പരിശീലനം

**I. അർഹമായ മാനദണ്ഡം**

1. അപേക്ഷകൻ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളി/പെൻഷണറുടെ മകൻ/ മകൾ ആയിരിക്കണം.
2. ഡിഗ്രി തലത്തിൽ നടന്ന പരീക്ഷയിൽ ഏറ്റവും കുറഞ്ഞത് 60% മാർക്ക് നേടി വിജയിച്ചിരിക്കണം. ഡിഗ്രി തലത്തിൽ അർഹമായ മാർക്ക് ലഭിച്ചവർക്ക് സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന പ്രവേശന പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും അർഹരായവരെ തെരഞ്ഞെടുക്കുന്നത്
3. തെരഞ്ഞെടുക്കുന്ന പരിശീലന കേന്ദ്രത്തിന്റെ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിന് സന്നദ്ധരായിരിക്കണം.
4. ഒരു വിദ്യാർത്ഥിക്ക് ഒരു പ്രാവശ്യം മാത്രമേ ഇത്തരത്തിൽ ആനുകൂല്യം അനുവദിക്കുകയുള്ളൂ. സർക്കാരിൽ നിന്നും മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ ആനുകൂല്യത്തിന് അർഹരല്ല.

**II. അപേക്ഷയോടൊപ്പം വേണ്ട രേഖകൾ**

1. അച്ഛനോ അമ്മയോ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികയാണെന്ന് തെളിയിക്കുന്ന ഫിഷറീസ് ഓഫീസറുടെ സാക്ഷ്യപത്രമോ മത്സ്യബോർഡ് നൽകിയ ക്ഷേമനിധി പാസ് ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. ഡിഗ്രി തലത്തിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3. ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസ് മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**III. ആനുകൂല്യങ്ങൾ**

1. കേരള സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന റഗുലർ കോഴ്സിന് താമസിച്ചു പഠിക്കുന്നതിനോ ഒരു വർഷക്കാലത്തേയ്ക്കുള്ള വീക്ക് എൻഡ് കോഴ്സിന് പഠിക്കുന്നതിനോ ഉള്ള ധനസഹായമാണ് അനുവദിക്കുന്നത്.

2. കുട്ടികളുടെ ഫീസ്, മെസ് ചെലവ്, താമസം എന്നിവ ഉൾപ്പെടെയുള്ള ചെലവുകളുടെ ബിൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അനുവദിച്ച് നൽകുന്നതാണ്.
3. ഓരോ വിദ്യാർത്ഥിക്കും അനുവദിക്കാവുന്ന പരമാവധി തുക അതാത് സമയത്തെ സർക്കാർ ഉത്തരവിന് വിധേയമായിരിക്കണം.

## 2. സമ്പാദ്യ സമാശ്വാസ പദ്ധതി

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ ധനസഹായം നൽകുന്നതിനാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രകാരം 1500/ രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായം കൂടി ഉൾപ്പെടുത്തി കടലോരം മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലും ധനസഹായമായി ആകെ 4500/ രൂപ അനുവദിക്കുന്നു.

**അർഹതാമാനദണ്ഡം**

1. മത്സ്യബന്ധനം മുഖ്യഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള പ്രവർത്തനോന്മുഖ മത്സ്യത്തൊഴിലാളിയായിരിക്കണം.
2. മത്സ്യബോർഡിൽ അംഗത്വം ഉള്ള രജിസ്ട്രേർഡ് മത്സ്യത്തൊഴിലാളി ആയിരിക്കണം.
3. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS) ൽ എൻറോൾ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി ആയിരിക്കണം.

**ആനുകൂല്യങ്ങൾ**

1500/രൂപ ഗുണഭോക്താക്കളിൽ നിന്നും സ്വീകരിയ്ക്കുകയും കടലോര മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളായ മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ 1500/രൂപവീതം 4500/ രൂപ ധനസഹായം അനുവദിയ്ക്കുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി 1500/ രൂപ വീതം 4500/ രൂപ ധനസഹായം അനുവദിക്കുന്നു.

## കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ലഭ്യമാക്കുന്ന സേവനങ്ങൾ

**വാർദ്ധക്യകാല പെൻഷൻ**:

വാർദ്ധക്യകാലത്ത് വരുമാന മാർഗ്ഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/ രൂപയാണ്.

**അർഹത**:

60 വയസ്സ് പൂർത്തിയാക്കുകയും തൊഴിലിൽനിന്നും വിരമിക്കുകയും ചെയ്യുന്ന ക്ഷേമനിധി അംഗങ്ങൾ പെൻഷൻ ലഭിക്കുന്നതിന് അർഹരാണ്. പെൻഷൻ അപേക്ഷിക്കുന്ന തിയ്യതിയിൽ മത്സ്യ

ബോർഡിൽ അംഗത്വം 5 വർഷം പൂർത്തിയായിരിക്കുകയും വിഹിതം അടക്കുകയും വേണം. മത്സ്യത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിന് കേരളത്തിൽ കുറഞ്ഞത് 10 വർഷമെങ്കിലും മത്സ്യത്തൊഴിലാളിയായി ജോലിചെയ്ത് ഉപജീവനം നടത്തണം. അനുബന്ധത്തൊഴിലാളി പെൻഷന് അപേക്ഷിക്കുവാൻ അപേക്ഷകൻ കേരളത്തിലെ സ്ഥിര താമസക്കാരനും കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കുറവായിക്കുകയും വേണം.

**അപേക്ഷ സമർപ്പിക്കേണ്ട വിധം:**

60 വയസ്സ് പൂർത്തിയാകുന്ന സാമ്പത്തിക വർഷത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. മത്സ്യത്തൊഴിലാളികൾ ജൂൺ മാസം 1– ാം തീയതി മുതൽ മാർച്ച് മാസം 31– ാം തീയതി വരെയുള്ള കാലയളവിലെയും അനുബന്ധത്തൊഴിലാളികൾ ജനുവരി 1–ാം തീയതി മുതൽ മാർച്ച് 31–ാം തീയതി വരെയുളള കാലയളവിലേയും എല്ലാ പ്രവർത്തി ദിവസങ്ങളിലും അപേക്ഷ സമർപ്പിക്കാം. അപേക്ഷ തയ്യാറാക്കി 2 പകർപ്പുകൾ നിശ്ചിത ഫോറത്തിൽ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെ പ്പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

**മത്സ്യത്തൊഴിലാളികൾ**

1) അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്നതിന് സ്കൂളിൽ നിന്നോ, ജനന മരണ രജിസ്ട്രാറിൽ നിന്നോ ലഭിക്കുന്ന സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് ഇവയൊന്നുമില്ലെങ്കിൽ നിശ്ചിത ഫോറത്തിൽ ഉളള മെഡിക്കൽ സർട്ടിഫിക്കറ്റ്
2) ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ പകർപ്പ്
3) ആധാർ ലിങ്ക് ചെയ്ത വ്യക്തിഗത ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്
4) പഞ്ചായത്തിൽ/മുൻസിപ്പാലിറ്റിയിൽ നിന്ന് മറ്റു പെൻഷൻ ലഭിക്കുന്നില്ല എന്ന സർട്ടിഫിക്കറ്റ്
5) റേഷൻ കാർഡിന്റെ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
6) ആധാർ കാർഡിന്റെ പകർപ്പ്

**അനുബന്ധത്തൊഴിലാളികൾ**

1. 1,00,000/ രൂപ വരെ കുടുംബ വാർഷിക വരുമാന പരിധിയായി റേഷൻകാർഡിൽ രേഖപ്പെടുത്തിയിട്ടുള്ളവർ
2. മറ്റു പെൻഷനുകൾ ലഭിക്കുന്നില്ലെന്നു തെളിയിക്കുന്ന രേഖ (വില്ലേജ് ഓഫീസറിൽനിന്നോ, സ്വയം ഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നോ ലഭിക്കുന്ന സർട്ടിഫിക്കറ്റ് )
3. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (സ്ക്കൂൾ സർട്ടിഫിക്കറ്റ്, ജനന മരണ രജിസ്ട്രാറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് , പാസ് പോർട്ട്) ഇവയൊന്നുമില്ലെങ്കിൽ നിശ്ചിത ഫോറത്തിലുളള മെഡിക്കൽ സർട്ടിഫിക്കറ്റ്.
4. വിഹിതം പൂർണ്ണമായി അടച്ചിട്ടുണ്ടെന്ന് തെളിയിക്കുന്നതിന് മത്സ്യബോർഡ് പാസ്സ്ബുക്കിന്റെ പൂർണ്ണമായ പകർപ്പ് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) ,

5. റേഷൻകാർഡിന്റെ  പകർപ്പ് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
6. ആധാർകാർഡിന്റെ പകർപ്പ് ( ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
7. വ്യക്തിഗത ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)

**പെൻഷൻ അനുമതി**

പെൻഷൻ അനുവദിച്ച വിവരവും നിരസിക്കുകയാണെങ്കിൽ ആ വിവരവും അപേക്ഷകനെ അറിയിക്കുന്നതാണ്. അനുവദിച്ച വിവരം ലഭിച്ചാൽ ഉടനെ പാസ്സ് ബുക്ക് സഹിതം ഫിഷറീസ് ഓഫീസറെ സമീപിച്ച് അനുവാദ ഉത്തരവിന്റെ  വിവരങ്ങൾ പാസ് ബുക്കിൽ എഴുതി വാങ്ങിക്കേണ്ടതാണ്. പെൻഷൻ തുക ഗഡുക്കളായിട്ടായിരിക്കും വിതരണം ചെയ്യുന്നത്. ശാരീരിക അസ്വാസ്ഥ്യമുള്ളവർക്ക് മണി ഓർഡർ അയച്ച് കൊടുക്കുന്നതിനും വ്യവസ്ഥയുണ്ട്.  എന്നാൽ ഇതിലേക്ക് രേഖാമൂലം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**അപ്പീൽ:**

അപേക്ഷ നിരസിച്ച ഉത്തരവിൻമേൽ ആക്ഷേപമുണ്ടെങ്കിൽ അപ്പീൽ അപേക്ഷ 90 ദിവസത്തിനകം ഫണ്ട് ബോർഡ് കമ്മീഷണർക്ക് സമർപ്പിക്കണ്ടതാണ്.

## വിധവാ പെൻഷൻ

മത്സ്യത്തൊഴിലാളികളുടെ മരണംമൂലം  നിരാലംബരായി തീരുന്നവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ളപദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്തശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ തുക ഒരു ഗഡുപോലും കൈപറ്റുന്നതിനുമുമ്പായി  മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/ രൂപ നൽകി വരുന്നു.

**നിബന്ധനകൾ:**

a. സ്ഥിരവരുമാനമുള്ള  ഉദ്യോഗമുണ്ടെങ്കിൽ ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ ലഭിക്കുകയില്ല
b. പുനർവിവാഹം നടക്കുന്ന പക്ഷം വിവാഹം നടക്കുന്ന മാസം മുതൽ പെൻഷൻ റദ്ദു ചെയ്യുന്നതാണ്.
c. പെൻഷൻ തുക മത്സ്യബോർഡിന്റെ  വാർദ്ധക്യകാല  പെൻഷൻ പദ്ധതി  നിരക്കിൽ നൽകുന്നതാണ്.

**അപേക്ഷകൾ സമർപ്പിക്കേണ്ട വിധം:**

നിശ്ചിത ഫോറത്തിൽ അപേക്ഷയുടെ 2 കോപ്പികൾ തയ്യാറാക്കി മരിച്ച മത്സ്യത്തൊഴിലാളി  അംഗമായിരുന്ന ഗ്രാമത്തിന്റെ ചുമതല വഹിക്കുന്ന  ഫിഷറീസ് ഓഫീസർക്ക്  സമർപ്പിക്കേണ്ടതാണ്. മരണം നടന്ന് 90 ദിവസത്തിനുള്ളിൽ ഫിഷറീസ്  ഓഫീസർക്ക്  അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കണം.

a. മത്സ്യത്തൊഴിലാളിയുടെ മരണ സർട്ടിഫിക്കറ്റ് പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്

b. മത്സ്യബോർഡ് വിഹിതമടച്ച പേജിന്റെയും പാസ്സ് ബുക്കിന്റെയും പൂർണ്ണമായ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

c. മറ്റു പെൻഷൻ ലഭിക്കുന്നില്ല എന്ന് തെളിയിക്കുന്ന രേഖ, ആധാർ കാർഡിന്റെ പകർപ്പ്

d. വ്യക്തിഗത ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട്)

e. റേഷൻകാർഡിന്റെ പകർപ്പ് (കുടുംബ വിവരം അടങ്ങിയ പേജ് സഹിതം)

f. പുനർ വിവാഹം നടത്തിയിട്ടില്ലെന്നും സ്ഥിരവരുമാനമുള്ള തൊഴിൽ ഇല്ലെന്നു തെളിയിക്കുന്നതിന് പഞ്ചായത്ത്, മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ / സെക്രട്ടറി വാർഡ് കൗൺസിലർ നൽകുന്ന സാക്ഷ്യപത്രം

g. പെൻഷൻ തുക മത്സ്യബോർഡിന്റെ വിധവ പെൻഷൻ പദ്ധതി പ്രകാരം സർക്കാരിൽനിന്നും അനുവദിക്കുന്ന മുറയ്ക്ക് വിതരണം നടത്തുന്നതാണ്. രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം പെൻഷൻ തുക മണിഓർഡർ ആയി അയച്ചുകൊടുക്കുന്നതിനും വ്യവസ്ഥയുണ്ട്.

**അപ്പീൽ:**

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്.

## ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവസന്ധാരണത്തിനും നാടിൻറെ നൻമയ്ക്കും വേണ്ടി ജോലി ചെയ്യുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. 07.12.2007 മുതൽ മത്സ്യസുരക്ഷാ പദ്ധതിയിൻ കീഴിൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ളവരിൽ കൃത്യമായി വിഹിതം അടച്ച് അംഗത്വം പുതുക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷുർ ചെയ്യുന്നു. ഇൻഷുറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽനിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇൻഷുറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും നൽകുന്നു.

17.12.2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധമത്സ്യത്തൊഴിലാളികൾക്കും അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും.

| | | |
|---|---|---|
| 1 | അപകട മരണം | 10 ലക്ഷം രൂപ |
| 2 | മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതാകൽ (മത്സ്യത്തൊഴിലാളികൾക്ക് മാത്രം) | 10 ലക്ഷം രൂപ |
| 3 | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| 4 | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |

| | | |
|---|---|---|
| 5 | അപകട മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5000/ രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/ രൂപ) |
| 6 | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/ രൂപ (പരമാവധി) |
| 7 | ശവസംസ്കാര ചടങ്ങ് | 2,500/ രൂപ |

നിശ്ചിത ഇൻഷുറൻസ് കമ്പനിയുടെ ക്ലെയിം ഫോറം പൂരിപ്പിച്ച് ഒപ്പ് വെച്ച് അനുബന്ധ രേഖകൾ സഹിതം ക്ലെയിം അപേക്ഷ നൽകേണ്ടതാണ്. മത്സ്യബോർഡ് പാസ് ബുക്കിന്റെ പകർപ്പും, ഇൻഷുർ ചെയ്ത വ്യക്തിയുടെയും അവകാശിയുടേയും ഐഡി കാർഡും അവകാശിയുടെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളും ഫിഷറീസ് ഓഫീസറുടെയും, മേഖല എക്സിക്യൂട്ടീവിൻറെയും അന്വേഷണ റിപ്പോർട്ടും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

അപകടമുണ്ടായാലുടനെ തന്നെ വിവരം പോലീസ് സ്റ്റേഷനിലും മത്സ്യബോർഡ് ഫിഷറീസ് ഓഫീസറെയും അറിയിക്കണം. മൃതശരീരം പോസ്റ്റ്മോർട്ടം നടത്തേണ്ടതാണ്. നഷ്ടപരിഹാരതുക ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിൽ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം കഴിയുന്നത്ര വേഗം അപേക്ഷ തയ്യാറാക്കി (നാല് പകർപ്പുകൾ) ഫിഷറീസ് ഓഫീസർക്ക് നൽകണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം.

**അപകട മരണം സംഭവിച്ചാൽ** :

1. മരണ സർട്ടിഫിക്കറ്റ് അസ്സൽ
2. പോലീസ് സ്റ്റേഷനിലെ പ്രഥമ വിവര റിപ്പോർട്ടിന്റെ (എഫ് ഐ ആർ) പകർപ്പ്
3. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിന്റെയും ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെയും പകർപ്പ്
4. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശരീരഭാഗങ്ങൾ രാസപരിശോധനയ്ക്ക് അയച്ചിരിക്കുന്നതായി രേഖപ്പെടുത്തിയാൽ രാസപരിശോധന റിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.
5. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്.
6. വിദ്യാഭ്യാസ ആനുകൂല്യത്തിന് വിദ്യാർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്
7. ശവസംസ്ക്കാരചെലവ് ലഭ്യമാകുന്നതിന് ആയതിന്റെ ബിൽ

**ശാരീരിക അവശത സംഭവിച്ചാൽ** :

1. ആശുപത്രിയിലെ കേസ് സർട്ടിഫിക്കറ്റ്/ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്
2. ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിശ്ചിത ഫോറത്തിൽ

**അപകടംമൂലം കാണാതാവുകയാണെങ്കിൽ (മത്സ്യത്തൊഴിലാളികൾക്ക് മാത്രം)** :

1. പോലീസ് സ്റ്റേഷനിൽ നിന്നുള്ള റിപ്പോർട്ട്
2. കളക്ടർ/ആർഡിഒ നൽകുന്ന സർട്ടിഫിക്കറ്റ്

3. മാർഗ്ഗരേഖ പ്രകാരമുള്ള അവകാശികളുടെ സത്യപ്രസ്താവന നോട്ടറി സാക്ഷ്യപ്പെടുത്തിയത്.
4. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്.

**അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസ**

1. പോലീസിന്റെ പ്രഥമ വിവരറിപ്പോർട്ട്
2. പോലീസിന്റെ അന്തിമ ചാർജ്ജ് ഷീറ്റ്
3. ആശുപത്രി ഡിസ്ചാർജ്ജ് കാർഡ്
4. ആശുപത്രിയിലെ അസ്സൽ ബിൽ

## മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം അല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം അല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും, ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴി ലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 50,000 രൂപയാണ്.

**നിബന്ധനകൾ:**

1. മരിച്ച മത്സ്യത്തൊഴിലാളി 60 വയസ്സിൽ താഴെ പ്രായമുള്ള ആളായിരിക്കണം.
2. ക്ഷേമനിധി വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. 60 വയസ്സിനു ശേഷം തൊഴിൽ തുടരുകയും പട്ടികയിൽ പേരുണ്ടായിരിക്കുകയും വിഹിതങ്ങൾ കൃത്യമായി അടക്കുകയും ചെയ്യുന്നവരുടെയും ആശ്രിതർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

**അപേക്ഷ നൽകേണ്ട വിധം:**

മത്സ്യബന്ധനസമയത്തോ, തൊട്ടുപിന്നാലെയോ അപകടം അല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണം സംഭവിച്ചാൽ ഉടനെ തന്നെ ഫിഷറീസ് ഓഫീസറേയും തൊട്ടടുത്ത പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കണം. സാമ്പത്തിക സഹായത്തിനുള്ള അപേക്ഷയുടെ മൂന്നു പകർപ്പുകൾ തയ്യാറാക്കി താഴെ പറയുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

1. മരണ സർട്ടിഫിക്കറ്റ് അസ്സൽ
2. ആശുപത്രിയിൽ പ്രവേശിച്ച ശേഷമാണ് മരണമെങ്കിൽ മരണം സാധാരണ രോഗം കൊണ്ടുണ്ടായതല്ലെന്നും അപ്രതീക്ഷിതമായ കാരണങ്ങൾ കൊണ്ടായിരുന്നുവെന്നും തെളിയിക്കുന്നതിന് ഡോക്ടറുടെ സർട്ടിഫിക്കറ്റ്
3. പോലീസ് സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന പ്രഥമ വിവര റിപ്പോർട്ടിന്റെ പകർപ്പ്

4. മരിച്ചയാളിന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ഫോട്ടോ കോപ്പി ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്. ഫിഷറീസ് ഓഫീസറുടെയും മേഖല എക്സിക്യൂട്ടീവിന്റെയും അന്വേഷണ റിപ്പോർട്ട് പ്രകാരം ധനസഹായം അനുവദിക്കുന്നതാണ്.

5. അവകാശിയുടെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ

**അപ്പീൽ:**

കമ്മീഷണറാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്. കമ്മീഷണറുടെ തീരുമാനത്തിൻമേൽ ആക്ഷേപമുണ്ടെങ്കിൽ ആയതിനുള്ള അപ്പീൽ അപേക്ഷ ബോർഡിന്റെ പരിഗണനയ്ക്കായി ചെയർമാൻ സമർപ്പിക്കേണ്ടതാണ്.

## മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം ഉൾപ്പെടെയുള്ള ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 600/ രൂപയാണ്. മത്സ്യത്തൊഴിലാളികളുടെ അച്ഛൻ, അമ്മ, ഭാര്യ/ഭർത്താവ്, മൈനർമാരായ ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണം സംഭവിക്കുമ്പോഴാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നത്.

### അപേക്ഷ സമർപ്പിക്കേണ്ട വിധം

ഒരാളുടെ മരണത്തോടനുബന്ധിച്ച് ഒന്നിലധികം മത്സ്യത്തൊഴിലാളികൾ അപേക്ഷകരായുണ്ടെങ്കിൽ സാമ്പത്തിക സഹായത്തുക അർഹരായ അപേക്ഷകർക്ക് തുല്യമായി വീതിച്ചോ, അവർ യോജിച്ച് രേഖാമൂലം ആവശ്യപ്പെടുന്നയാൾക്കോ നൽകുന്നതാണ്.

ആശ്രിതൻ മരിച്ച് മൂന്ന് മാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം.

1. ആശ്രിതന്റെ മരണ സർട്ടിഫിക്കറ്റ്
2. ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ മത്സ്യബോർഡ് പാസ് ബുക്കിന്റെ പകർപ്പ്.

**ധനസഹായം അനുവദിക്കൽ** :

റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവ് ആണ് ധനസഹായം അനുവദിക്കുന്നത്.

**അപ്പീൽ** :

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്.

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 15,000/ രൂപയാണ്.

### നിബന്ധനകൾ

1. മരിച്ച മത്സ്യത്തൊഴിലാളി 60 വയസ്സിൽ താഴെ പ്രായമുള്ള ആളായിരിക്കണം . ക്ഷേമനിധി വിഹിതം പൂർണ്ണമായി അടച്ചിരിക്കണം.

3. 60 വയസ്സിനുശേഷം തൊഴിൽ തുടരുകയും പട്ടികയിൽ പേരുണ്ടായിരിക്കുകയും വിഹിതങ്ങൾ കൃത്യമായി അടക്കുകയും ചെയ്യുന്നവരുടെ ആശ്രിതർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

4. ഏതു സാഹചര്യത്തിൽ എവിടെവെച്ചു മരണപ്പെട്ടാലും ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായം നൽകുന്നതാണ്.

5. മാർഗ്ഗരേഖ പ്രകാരമുള്ള ആശ്രിതർ ഇല്ലെങ്കിൽ ഫിഷറീസ് ഓഫീസറുടെ ശുപാർശ പ്രകാരം മരണാന്തര ചിലവുകൾ വഹിച്ച ആൾക്ക് 1000/ രൂപ ധനസഹായമായി നൽകുന്നു.

6. മരണവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതായാൽ ടി തുകയിൽ നിന്നും ഈ പദ്ധതി പ്രകാരം അനുവദിച്ച് നൽകിയ തുക കുറച്ച് ബാക്കി തുക മാത്രം നൽകുന്നതാണ്.

#### അപേക്ഷ നൽകേണ്ട വിധം

മാർഗ്ഗരേഖ പ്രകാരമുള്ള ആശ്രിതർക്ക് അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിച്ചിരിക്കണം. അപേക്ഷകനും മരിച്ചയാളുമായുള്ള ബന്ധവും മരിച്ച തിയതിയും അപേക്ഷയിൽ പ്രത്യേകമായി കാണിച്ചിരിക്കേണ്ടതാണ്. മരിച്ചയാളിന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും മരണസർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

#### ധനസഹായം അനുവദിക്കൽ

റീജിയണൽ എക്സിക്യൂട്ടീവ്/ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത്.

#### അപ്പീൽ

ഈ പദ്ധതി പ്രകാരമുള്ള അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം മത്സ്യത്തൊഴിലാളി ഫണ്ട് ബോർഡ് കമ്മീഷണർക്കും അനുബന്ധത്തൊഴിലാളികൾ റീജിയണൽ എക്സിക്യൂട്ടീവ് / ജൂനിയർ എക്സിക്യൂട്ടീവിനും സമർപ്പിക്കാവുന്നതാണ്.

# അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി

അപകടംമൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

**ധനസഹായത്തുക**

അവശതാ കാലത്തെ ആദ്യത്തെ ഏഴ് ദിവസത്തേക്ക് 100/ രൂപയും പിന്നീടുള്ള ഓരോ ദിവസത്തേക്ക് 15/ രൂപ വീതവും പരമാവധി 500/ രൂപ ഈ പദ്ധതി പ്രകാരം ധനസഹായമായി നൽകുന്നതാണ്. കുറഞ്ഞത് ഏഴ് ദിവസമെങ്കിലും തൊഴിൽ ചെയ്യാൻ പറ്റാതെ വന്നാൽ മാത്രമെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയുള്ളൂ.

**അപേക്ഷ നൽകേണ്ട വിധം**

അപകടം മൂലം അവശതയുണ്ടായാൽ ഉടനെ തന്നെ വിവരം ഫിഷറീസ് ഓഫീസറെ അറിയിക്കണം. ധനസഹായത്തിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ 2 പകർപ്പുകൾ തയ്യാറാക്കി അപകടം സംഭവിച്ച തിയതി മുതൽ 3 മാസത്തിനകം ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിച്ചിരിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം

a. ചികിൽസിച്ച സർക്കാർ ഡോക്ടറിൽ നിന്നും ലഭിച്ച നിശ്ചിത ഫോറത്തിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്

b അപേക്ഷകന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)

അപേക്ഷയിൻമേൽ ഫിഷറീസ് ഓഫീസർ വിശദമായ അന്വേഷണം നടത്തുകയും അർഹതയുള്ള അപേക്ഷകൾ മാത്രം റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവിന് അയച്ച് കൊടുക്കുന്നതുമാണ്. റീജിയണൽ എക്സിക്യൂട്ടീവ് /ജൂനിയർ എക്സിക്യൂട്ടീവാണ് അപേക്ഷയിൻമേൽ യുക്തമായ തീരുമാനം എടുക്കുന്നത്.

**അപ്പീൽ**

ഈ പദ്ധതി പ്രകാരമുള്ള അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം ഫണ്ട് ബോർഡ് കമ്മീഷണർക്ക് സമർപ്പിക്കാവുന്നതാണ്.

**അടിയന്തിര ധനസഹായം**

അപകട മരണം സംഭവിച്ച മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായമായി 10,000/ രൂപ നൽകുന്ന പദ്ധതിയാണിത്.

**മാരകരോഗ ചികിൽസാ പദ്ധതി**

മാരകരോഗങ്ങൾ പിടിപ്പെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ ചികിത്സയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും**

| | | മത്സ്യത്തൊഴിലാളി | അനുബന്ധ തൊഴിലാളി |
|---|---|---|---|
| ഹൃദ്രോഗം | പരമാവധി | 50,000/ രൂപ | 25,000/ രൂപ |
| വൃക്കരോഗം | പരമാവധി | 50,000/ രൂപ | 25,000/ രൂപ |
| ക്യാൻസർ | പരമാവധി | 50,000/ രൂപ | 25,000/ രൂപ |
| തലച്ചോറിലെ ട്യൂമർ | പരമാവധി | 50,000/ രൂപ | |
| തളർവാതം | പരമാവധി | 12,000/ രൂപ | 10,000/ രൂപ |
| ചികിത്സിച്ചു ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | പരമാവധി | 5000/ രൂപ | 10,000/ രൂപ |
| വനിത അനുബന്ധത്തൊഴിലാളികൾക്ക് ഗർഭാശയ സംബന്ധമായ രോഗങ്ങൾക്ക് | പരമാവധി | ... | 5000 / രൂപ |

**നിബന്ധനകൾ**

1. അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം.
2. മത്സ്യബോർഡിൽ അംഗത്വമുള്ളവരായിരിക്കണം. ആദ്യമായി വിഹിതം മത്സ്യത്തൊഴിലാളി 5 വർഷമെങ്കിലും / അനുബന്ധത്തൊഴിലാളി 2 വർഷമെങ്കിലും പൂർത്തിയാക്കുകയും കുടിശ്ശികയില്ലാതെ വിഹിതങ്ങളെല്ലാം അടക്കുകയും ചെയ്തിരിക്കണം.
3. വാർഷിക വരുമാനം 50,000/ രൂപയിൽ കുടുതലായിരിക്കരുത്.
4. സർക്കാർ ആശുപത്രിയിലെയും, സഹകരണ ആശുപത്രിയിലെയും ചികിൽസയ്ക്കു മാത്രമെ ധനസഹായം ലഭിക്കുകയുള്ളു. സർക്കാർ ആശുപത്രിയിൽ നിന്നും റഫർ ചെയ്യുന്ന കേസുകളിൽ സ്വകാര്യ ആശുപത്രിയിലെ ചികിൽസയ്ക്കും മണിപ്പാൽ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്ന കേസ്സുകളിൽ അവിടുത്തെ ചികിൽസയ്ക്കും ധനസഹായം അനുവദിക്കുന്നതാണ്.

**അപേക്ഷകൾ സമർപ്പിക്കേണ്ട വിധം**

രോഗിയോ രോഗിയുടെ ആശ്രിതരോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ 3 പകർപ്പുകൾ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം.

1. വരുമാനം തെളിയിക്കുന്നതിന് റേഷൻകാർഡിന്റെ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
2 സർക്കാർ ആശുപത്രിയിൽ ചികിൽസിച്ച ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്
3. സർക്കാർ ആശുപത്രിയിൽ നിന്നും സ്വകാര്യആശുപത്രിയിലേക്ക് റഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിനുള്ള രേഖ.

4. ചികിത്സാ ചിലവിലേക്കുളള ബില്ലുകൾ ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കണം
5. രോഗിയുടെ വയസ്സ് തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റ് അഥവാ ജനന മരണ രജിസ്ട്രാറുടെ സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽ ജ്ഞാനസ്നാന സർട്ടിഫിക്കറ്റ് ഇവയൊന്നുമില്ലെങ്കിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ്
6 മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
7. ചികിത്സിക്കുന്ന ഡോക്ടറുടെ പ്രിസ്ക്രിപ്ഷന്റെ പകർപ്പ്

താഴെ പറയുന്ന സ്വകാര്യ ആശുപത്രികളിൽ നേരിട്ട് ചികിൽസ നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും ധനസഹായം അനുവദിക്കുന്നതാണ്.

1. ഉത്രാടം തിരുന്നാൾ ആശുപത്രി , തിരുവനന്തപുരം
2. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻറ് റിസർച്ച് സെൻറർ, ഇടപ്പള്ളി, എറണാകുളം
3. ബേബി മെമ്മോറിയൽ ആശുപത്രി, കോഴിക്കോട്
4. വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ/ ഹൈടെക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, തൃശ്ശൂർ
5. ഫാത്തിമ ഹോസ്പിറ്റൽ, കോഴിക്കോട്
6. കോട്ടക്കൽ ആര്യവൈദ്യശാല (തളർവാതത്തിനുമാത്രം)

**ധനസഹായം അനുവദിക്കൽ**

ഈ പദ്ധതിയുടെ ധനസഹായം അനുവദിക്കുന്നത് ക്ഷേമനിധി ബോർഡ് കമ്മീഷണറാണ്.

**അപ്പീൽ:**

കമ്മീഷണറുടെ തീരുമാനത്തിൻമേലുള്ള അപ്പീലുകൾ ചെയർമാൻ സമർപ്പിക്കാവുന്നതാണ്.

## ചെയർമാൻസ് റിലീഫ് ഫണ്ട്:

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾമൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിത മനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ള രക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, വെള്ളപ്പൊക്കം, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാംപുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേ നായ എന്നിവ കടിച്ചതു മൂലവും തീപ്പൊള്ളലേറ്റും, ഇലക്ട്രിക് ഷോക്കേറ്റും അടിയന്തിര ചികിത്സ വേണ്ടിവരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് 500/ രൂപ മുതൽ പരമാവധി 5000/ രൂപ വരെ ധനസഹായം അനുവദിക്കുന്നു.

**ധനസഹായം അനുവദിക്കുന്ന വിധം**

അപകടങ്ങളെപ്പറ്റിയും നാശനഷ്ടങ്ങളെപറ്റിയുമുള്ള വിവരങ്ങൾ ലഭിച്ചാലുടനെ തന്നെ ബന്ധപ്പെട്ട മത്സ്യബോർഡ് ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിച്ച് ധനസഹായം അനുവദിക്കുന്നതാണ്. ധനസഹായ ത്തുക അടിയന്തിര സന്ദർഭങ്ങളോടനുബന്ധിച്ച് അപേക്ഷ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കാ വുന്നതാണ്.

**ധനസഹായം അനുവദിക്കൽ**

ഈ പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നത് കമ്മീഷണറുടെ നിർദ്ദേശ പ്രകാരം റീജി യണൽ എക്സിക്യൂട്ടീവാണ്.

## ബോർഡിന്റെ പ്രത്യേക ധനസഹായം

ദുരിതമനുഭവിയ്ക്കുന്ന മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്ക് മാനുഷിക പരിഗണ നയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡിൽ നിന്നും അനുവദിയ്ക്കുന്നു.

## വിവാഹ ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും പെൺമക്കളുടെ വിവാ ഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 10,000/ രൂപയാണ്. വിവാഹത്തിനു ശേഷം 60 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട രേഖകൾ (മാര്യേജ് സർട്ടിഫിക്കറ്റ്) സഹിതം ഫിഷറീസ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ആരാണ് അപേക്ഷിക്കേണ്ടത്**

1. 60 വയസ്സിൽ താഴെ പ്രായമുള്ള മത്സ്യത്തൊഴിലാളികൾ/ അനുബന്ധത്തൊഴിലാളികൾ, മത്സ്യ തൊഴിലാളി/ അനുബന്ധതൊഴിലാളികളുടെ വിധവകൾ (വിഹിതം കുടിശ്ശികയുണ്ടെങ്കിൽ ഭർത്താവ് മരിച്ച തീയതിവരെയുള്ള വിഹിതം അടച്ചിരിക്കണം) രണ്ട് പെൺമക്കളുടെയും വിവാഹത്തിന് അപേക്ഷിക്കാം
2. 60വയസ്സിൽ കൂടുതൽ പ്രായമുള്ള മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾ, പെൻഷൻ കാർ / പെൻഷൻകാരുടെ വിധവകൾ എന്നിവർക്ക് മുൻപൊരിക്കലും ഈ സഹായം ലഭിച്ചിട്ടി ല്ലെങ്കിൽ ഒരു മകളുടെ മാത്രം വിവാഹത്തിന് ധനസഹായ അപേക്ഷ സമർപ്പിക്കാം.
3. വധു മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി ആണെങ്കിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാം
4. മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളിയായ പിതാവ് / മാതാവ് മരണപ്പെട്ടാൽ വധുവിന് നേരിട്ട് അപേക്ഷ സമർപ്പിക്കാം.

**നിബന്ധനകൾ**

1. വധുവിന് വിവാഹ തീയതിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം.
2. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം റേഷൻ കാർഡിൽ 50,000/ രൂപയിൽ താഴെ ആയിരിക്കണം ( റേഷൻകാർഡിന്റെ പകർപ്പ് സമർപ്പിക്കണം)

3. മത്സ്യത്തൊഴിലാളി വിഹിതങ്ങൾ പൂർണ്ണമായും അടച്ചിരിക്കണം
4. അംഗത്വമെടുത്ത് ആദ്യമായി വിഹിതം അടച്ചതുമുതൽ 3 വർഷം കഴിഞ്ഞാൽ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുകയുള്ളു.
5. ക്ഷേമനിധി അംഗത്വമുണ്ടായിരിക്കെ അപകട ഇൻഷുറൻസ് പദ്ധതിയിൽ വിവക്ഷിക്കുന്ന വിധം അവശത അനുഭവിക്കേണ്ടി വന്നതു മൂലം മത്സ്യത്തൊഴിലാളി പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്കും ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട്.

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

1. വിവാഹ തീയതി മുതൽ 60 ദിവസത്തിനകം അപേക്ഷ ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.
2. നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷകളുടെ 2 പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം.
    (1) വധുവിന്റെ വയസ്സ് തെളിയിക്കുന്ന രേഖ
    (2) 50,000/ രൂപയിൽ താഴെ റേഷൻകാർഡിൽ വാർഷിക വരുമാനം രേഖപ്പെടുത്തിയതിന്റെ പകർപ്പ്
    (3) മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ പകർപ്പ് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)
    (4) വിവാഹ സർട്ടിഫിക്കറ്റ്

**ധനസഹായം അനുവദിക്കൽ:**

മേഖല റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവ് ആണ് ഈ പദ്ധതി പ്രകാരം ഉളള ധനസഹായം അനുവദിക്കേണ്ടത്.

**അപ്പീൽ:**

അപേക്ഷ നിരസിക്കപ്പെട്ടാൽ നിരസന ഉത്തരവിൻമേൽ ആക്ഷേപമുണ്ടെങ്കിൽ നിരസന ഉത്തരവ് തിയ്യതി മുതൽ 90 ദിവസത്തിനകം കമ്മീഷണർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## പ്രസവ ശുശ്രൂഷക്കുളള ധനസഹായ പദ്ധതി:

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. ക്ഷേമനിധിയിൽ കുടിശ്ശിക ഇല്ലാതെ വിഹിതം അടച്ചുതീർത്തിട്ടുള്ള പ്രവർത്ത്യൂൻമുഖ മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി വനിതകൾക്കും, മത്സ്യത്തൊഴിലാളി / അനുബന്ധത്തൊഴിലാളി ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായമായി 750/ രൂപ വീതം നൽകി വരുന്നു.

**നിബന്ധനകൾ:**

മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി വനിതകൾക്ക് നേരിട്ട് ധനസഹായ അപേക്ഷ സമർപ്പിക്കാം. ഭർത്താവിന് ക്ഷേമനിധി അംഗത്വം ഉണ്ടായിരിക്കുകയും ഭാര്യക്ക് അംഗത്വമില്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഭർത്താവാണ് ധനസഹായ അപേക്ഷ സമർപ്പിക്കേണ്ടത്. പ്രസ്തുത വനിതയ്ക്ക് 19 വയസ്സെങ്കിലും പ്രായം ഉണ്ടായിരിക്കേണ്ടതാണ്. നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി താഴെ കാണിച്ചിട്ടുള്ള രേഖകൾ സഹിതം പ്രസവ തിയ്യതിക്ക് 2 മുതൽ 8 ആഴ്ചയ്ക്കുള്ളിലായി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

1. എം.ബി.ബി.എസ് യോഗ്യതയുള്ള ഡോക്ടറിൽനിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്
2. അപേക്ഷകയുടെ / അപേക്ഷകന്റെ വിവാഹ സർട്ടിഫിക്കറ്റ്
3. വയസ്സ് തെളിയിക്കുന്നതിനുള്ള നിയമാനുസൃത രേഖ

**ധനസഹായം അനുവദിക്കൽ :**

റീജിയണൽ എക്സിക്യൂട്ടീവ് / ജൂനിയർ എക്സിക്യൂട്ടീവ് ഓഫീസറാണ് ധനസഹായം അനുവദിക്കുന്നത്.

**അപ്പീൽ:**

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## കുടുംബ സംവിധാന പദ്ധതി:

വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ശസ്ത്രക്രിയയോടനുബന്ധിച്ചുള്ള ശുശ്രൂഷാ ചിലവുകൾക്കായി 500 രൂപയാണ് ധനസഹായമായി നൽകുന്നത്.

**അപേക്ഷ നൽകേണ്ട വിധം:**

1. ശസ്ത്രക്രിയയ്ക്കു വിധേയരാകുന്ന മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി ആയ സ്ത്രീകൾക്കോ പുരുഷൻമാർക്കോ നേരിട്ട് അപേക്ഷ നൽകാം. അവരുടെ ഭർത്താവോ/ഭാര്യയോ ശസ്ത്രക്രിയയ്ക്കു വിധേയരായാലും മത്സ്യത്തൊഴിലാളിക്ക് ധനസഹായ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. ശസ്ത്രക്രിയ കഴിഞ്ഞ് 60 ദിവസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷയുടെ 2 പകർപ്പുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം.

    (1) ശസ്ത്രക്രിയ നടത്തിയ അംഗീകൃത സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ്

    (2) മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

**ധനസഹായം അനുവദിക്കൽ** :

റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവ് ആണ് ധനസഹായം അനുവദിക്കുന്നത്

**അപ്പീൽ:**

അപ്പീൽ അപേക്ഷകൾ 90 ദിവസത്തിനകം കമ്മീഷണർക്ക് സമർപ്പിക്കണ്ടതാണ്.

## എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്:

വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കളായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്നതിനാണ് ഈ പദ്ധതി തയ്യറാക്കിയിട്ടുള്ളത്.

**ക്യാഷ് അവാർഡ് തുക .**:

1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക് : 5,000/ രൂപ
2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക് : 4,000/ രൂപ
3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് : 3,000/ രൂപ
4. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന ഓരോ സ്കൂളിലേയും 3 വിദ്യാർത്ഥികൾക്ക് വീതം : 3000/ രൂപ

ക്യാഷ് അവാർഡിനു പുറമെ മെറിറ്റ് സർട്ടിഫിക്കറ്റുകളും, മൊമെന്റോയും നൽകുന്നതാണ്.

**അപേക്ഷ സമർപ്പിക്കേണ്ട വിധം:**

ഓരോ വർഷവും എസ്.എസ്.എൽസി പരീക്ഷാഫലം പ്രസിദ്ധീകരിച്ചാലുടനെ തന്നെ കമ്മീഷണർ ഈ പദ്ധതി സംബന്ധിച്ച് ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾ നേരിട്ടോ രക്ഷിതാവ് മുഖേനയോ നിശ്ചിത തിയതിക്കകം അപേക്ഷകൻ ബന്ധപ്പെട്ട ഓഫീസർക്ക് സമർപ്പിക്കണം. സമയപരിധിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കിയാൽ മതിയാകും. വിദ്യാർത്ഥിയുടേയും, രക്ഷാകർത്താവിന്റെയും പേരും മേൽവിലാസവും വിദ്യാർത്ഥിയുടെ വയസ്സ്, പഠിച്ച സ്കൂൾ, എസ്. എസ്.എൽ സി പരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡ്, രക്ഷിതാവിന്റെ മത്സ്യബോർഡ് അംഗത്വനമ്പർ, മത്സ്യഗ്രാമം, പണമടവ് വിവരങ്ങൾ തുടങ്ങിയവ അപേക്ഷയിലുണ്ടായിരിക്കണം. താഴെ പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.

(1) വിദ്യാർത്ഥിയുടെ വയസ്സും, ഗ്രേഡും തെളിയിക്കുന്നതിനായി എസ്.എസ് എൽസി സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ്, (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)

(2) മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)

**നിബന്ധനകൾ:**

1. വിദ്യാർത്ഥിയുടെ രക്ഷിതാവിന് ക്ഷേമനിധി അംഗത്വമുണ്ടെങ്കിൽ പോലും മത്സ്യബന്ധനം മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള പ്രവർത്തനോൻമുഖ മത്സ്യത്തൊഴിലാളിയായി തുടരുന്നുവെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമെ അപേക്ഷ പരിഗണനീയമാണെന്ന ശുപാർശ ഫിഷറീസ് ഓഫീസർ മേലധികാരിക്ക് സമർപ്പിക്കുകയുള്ളൂ.
2. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 8 വിഷയങ്ങളിലും എ+ ഗ്രേഡ് ലഭിക്കാത്ത വിദ്യാർത്ഥികളെ അവാർഡിനായി പരിഗണിക്കുന്നതല്ല.

## ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി ഹയർ സെക്കന്ററി (+2) വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് 5000/– രൂപ വീതം ഈ പദ്ധതി പ്രകാരമുള്ള പ്രോത്സാഹന ധനസഹായം നൽകി വരുന്നു.

**അർഹതയും അപേക്ഷിക്കേണ്ട വിധവും:**

മത്സ്യബോർഡിൽ സജീവ അംഗത്വമുളളവരുടെ മക്കൾക്ക് മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ധന സഹായത്തിന് അർഹതയുണ്ടായിരിക്കുകയുളളൂ. ഇത് സംബന്ധിച്ച് കമ്മീഷണർ പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചിത നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവ്/ ജൂനിയർ എക്സിക്യൂട്ടീവിന് സമർപ്പിക്കാവുന്നതാണ്. ഓരോ അദ്ധ്യയന വർഷത്തിലും നടത്തുന്ന അവസാന വർഷ പരീക്ഷയിൽ പ്രഥമ അവസരത്തിൽ തന്നെ ജയിക്കുന്ന വിദ്യാർഥികളുടെ അപേക്ഷകൾ മാത്രമെ പരിഗണിക്കുകയുള്ളൂ. അപേക്ഷയിൽ വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പിട്ടിരിക്കേണ്ടതും താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

a. അവസാന വർഷ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ശരിപ്പകർപ്പ്
b. വയസ്സ് തെളിയിക്കുന്ന എസ്.എസ്.എൽസി ബുക്കിന്റെ ശരി പകർപ്പ്
c. രക്ഷിതാവ് മത്സ്യത്തൊഴിലാളി ആണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ശരി പകർപ്പ്
d. വിഹിതം കുടിശ്ശികയില്ലാതെ അടച്ചിട്ടുണ്ടെന്നതിനുളള ഫിഷറീസ് ഓഫീസറുടെ സർട്ടിഫിക്കറ്റും പാസ് ബുക്കിലെ ബന്ധപ്പെട്ട പേജിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും.
e. അവസാനം പഠിച്ച കോളേജ് പ്രിൻസിപ്പലിൽ നിന്നും ലഭിച്ച സ്വഭാവ സർട്ടിഫിക്കറ്റിന്റെ ശരിപകർപ്പ്.

## കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി:

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും, ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും, മെറിറ്റ് സർട്ടിഫിക്കറ്റും, മൊമെൻറോയും നൽകുന്നു.

*എ) ദേശീയതലത്തിൽ*

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 10,000 രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 8,000 രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 5,000 രൂപ |
| സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് | : | 5,000 രൂപ |

*ബി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ*

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 8,000 രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 5,000 രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 3,000 രൂപ |

*സി) സംസ്ഥാന തലത്തിൽ*

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 5,000 രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 3,000 രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 2,000 രൂപ |

*ഡി) ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ*

| | | |
|---|---|---|
| ഒന്നാം സ്ഥാനം നേടുന്നവർക്ക് | : | 3,000 രൂപ |
| രണ്ടാം സ്ഥാനം നേടുന്നവർക്ക് | : | 2,000 രൂപ |
| മൂന്നാം സ്ഥാനം നേടുന്നവർക്ക് | : | 1,000 രൂപ |

**അപേക്ഷ സമർപ്പിക്കേണ്ട വിധം:**

മത്സ്യബോർഡിന്റെ സജീവ അംഗത്വമുള്ളവരുടെ മക്കൾക്ക് മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുള്ളൂ. ഇത് സംബന്ധിച്ച് ബോർഡിന്റെ കമ്മീഷണർ പുറപ്പെടുവിക്കുന്ന വിജ്ഞാപനമനുസരിച്ച് നിശ്ചിത സമയത്തിനകം അപേക്ഷകൾ വെള്ളക്കടലാസിൽ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് സമർപ്പിക്കണം. സമയപരിധിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. താഴെ പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

a. രക്ഷിതാവിന്റെ മത്സ്യബോർഡ് പാസ്സ് ബുക്കിന്റെ ശരി പകർപ്പ്

b. വിജയം കൈവരിച്ച മത്സര സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.

## ബോധവൽക്കരണ പരിപാടി

മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി സംസ്ഥാന ഫിഷറീസ് വകുപ്പും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയാണിത്.

## തണൽ പദ്ധതി

സംസ്ഥാന സർക്കാർ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ഫിഷറീസ് തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ഫിംസ്) –ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും 1350/– രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

## സാന്ത്വന തീരം പദ്ധതി (തീരാരോഗ്യം)

ഗുരുതരരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും, പെൻഷനേഴ്സിനും തുടർചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയാണ് തീരാരോഗ്യം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം/ കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്കുശേഷമുളള ചികിത്സ കരൾരോഗത്തിനുള്ള ചികിൽസ, ഓട്ടിസം/ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിത്സ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്.

ഈ പദ്ധതിക്കായി പരിഗണിക്കുന്ന രോഗചികിത്സകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രോഗ ചികിത്സ | തീരാരോഗ്യം പദ്ധതി |
|---|---|---|
| 1 | ക്യാൻസർ | പരമാവധി 50,000/ രൂപ |
| 2 | തളർവാതം / കിടപ്പു രോഗം | പരമാവധി 20,000/ രൂപ |
| 3 | ഗർഭാശയ സംബന്ധമായ രോഗം | പരമാവധി 10,000/ രൂപ |
| 4 | ഹൃദയം തുറന്നുള്ള ശസ്ത്രക്രിയക്കുശേഷം ഉള്ള ചികിത്സ | പരമാവധി 25,000/ രൂപ |
| 5 | ഡയാലിസിസ് | പരമാവധി 50,000/ രൂപ |
| 6 | കരൾ രോഗം | പരമാവധി 20,000/ രൂപ |
| 7 | ഓട്ടിസം /മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ / അംഗപരിമിതർ | പരമാവധി 10,000/ രൂപ |

**നിബന്ധനകൾ:**

1. അപേക്ഷകൻ മത്സ്യബോർഡിൽ അംഗത്വമുള്ളവരായിരിക്കണം, ആദ്യമായി വിഹിതം അടച്ച് 3 വർഷമെങ്കിലും പൂർത്തിയാക്കുകയും കുടിശ്ശികയില്ലാതെ വിഹിതങ്ങളെല്ലാം അടക്കുകയും ചെയ്തിരിക്കണം.
2. അപേക്ഷകർ 23 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം.

3. കുടുംബ വാർഷിക വരുമാനം 50,000/ രൂപയിൽ കൂടുതലായിരിക്കരുത്.
4. സർക്കാർ ആശുപത്രിയിലെയും, സഹകരണ ആശുപത്രിയിലെയും ചികിത്സയ്ക്കു മാത്രമെ ധനസഹായം ലഭിക്കുകയുള്ളൂ. സർക്കാർ ആശുപത്രിയിൽ നിന്നും റഫർ ചെയ്യുന്ന കേസുകളിൽ അവിടുത്തെ ചികിത്സയ്ക്കും ധനസഹായം അനുവദിക്കുന്നതാണ്.

**അപേക്ഷകൾ സമർപ്പിക്കേണ്ട വിധം:**

രോഗിയോ രോഗിയുടെ ആശ്രിതരോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ 3 പകർപ്പുകൾ തയ്യാറാക്കി സമർപ്പിക്കണം. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യണം.

1. വരുമാനം തെളിയിക്കുന്നതിന് റേഷൻകാർഡിന്റെ പകർപ്പ് (ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.)
2. സർക്കാർ ആശുപത്രിയിൽ ചികിത്സിച്ച ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
3. സർക്കാർ ആശുപത്രിയിൽ നിന്നും സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിനുള്ള രേഖ
4. ചികിത്സാ ചിലവിലേക്കുള്ള ബില്ലുകൾ ചികിത്സിച്ച ഡോക്ടർ സാക്ഷ്യപ്പെടുത്തിയത്.
5. രോഗിയുടെ വയസ്സ് തെളിയിക്കുന്നതിന് സ്കൂൾ സർട്ടിഫിക്കറ്റ് അഥവാ പാസ് പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് ഇവയൊന്നുമില്ലെങ്കിൽ സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ്.
6. മത്സ്യബോർഡ് പാസ്സ്ബുക്കിന്റെ ശരിപകർപ്പ് ഫിഷറീസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്.
7. ചികിത്സിക്കുന്ന ഡോക്ടറുടെ രോഗ വിവര കുറിപ്പിന്റെ പകർപ്പ്.

താഴെ പറയുന്ന സ്വകാര്യ ആശുപത്രികളിൽ നേരിട്ട് ചികിത്സ നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും/ അനുബന്ധത്തൊഴിലാളികൾക്കും ധനസഹായം അനുവദിക്കുന്നതാണ്.

1. ഉത്രാടം തിരുന്നാൾ ആശുപത്രി, തിരുവനന്തപുരം
2. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസർച്ച് സെന്റർ, ഇടപ്പള്ളി, എറണാകുളം
3. ബേബി മെമ്മോറിയൽ ആശുപത്രി, കോഴിക്കോട്
4. വെസ്റ്റ്ഫോർട്ട് ഹോസ്പിറ്റൽ/ഹൈടെക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, തൃശ്ശൂർ
5. കോട്ടക്കൽ ആര്യവൈദ്യശാല (തളർവാതത്തിനു മാത്രം)

ഡയാലിസിസ്, കാൻസർ ചികിത്സ, തളർവാതം, സ്ത്രീസംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സ എന്നിവയ്ക്ക് മത്സ്യബോർഡിന്റെ മാരകരോഗ ചികിത്സാ പദ്ധതിയിൽ യഥാക്രമം വൃക്കരോഗം, കാൻസർ, ട്യൂമർ, തളർവാതം, ഗർഭാശയ രോഗങ്ങൾ എന്നിവക്ക് ആനുകൂല്യം ലഭിച്ചവർക്ക് അപേക്ഷിക്കാവുന്നതാണ്.

മത്സ്യബോർഡിന്റെ മാരകരോഗ ചികിത്സാ പദ്ധതി പ്രകാരം സഹായം ലഭിക്കാതിരുന്നവർ തീരാരോഗ്യം പദ്ധതി പ്രകാരം അപേക്ഷിക്കുമ്പോൾ അപേക്ഷ തീയതിക്ക് ഒരു വർഷം മുമ്പെങ്കിലും പദ്ധതി

യിൽ ഉൾപ്പെട്ട രോഗങ്ങൾ ബാധിച്ച് ചികിത്സയിലായിരുന്നു എന്ന് സർക്കാർ സേവനത്തിലുള്ള വിദഗ്ദ്ധ ഡോക്ടറുടെ/മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം കൂടി ഹാജരാക്കേണ്ടതാണ്. ഈ സാക്ഷ്യപത്രങ്ങൾ താഴെ പറയുന്ന വിദഗ്ദ്ധരിൽ നിന്നും ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| 1. ഡയാലിസിസ് | നെഫ്രോളജിസ്റ്റ്/യൂറോളജിസ്റ്റ് |
| 2. കാൻസർ | ഓങ്കോളജിസ്റ്റ് |
| 3. തളർവാതം/കിടപ്പുരോഗം | സിവിൽ സർജൻ/കൺസൽട്ടന്റ് |
| 4. സ്ത്രീ സംബന്ധമായ രോഗങ്ങൾ | ഗൈനക്കോളജിസ്റ്റ് |
| 5. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയക്കുശേഷം ഉള്ള ചികിത്സ | കാർഡിയോളജിസ്റ്റ് |
| 6. കരൾ രോഗങ്ങളുടെ ചികിത്സ (സിറോസിസ്) | ഗാസ്ട്രോ എൻറോളജിസ്റ്റ് |
| 7. ഓട്ടിസം ബാധിച്ച/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ചികിത്സ | മെഡിക്കൽ ബോർഡ് |

**പദ്ധതി നടപ്പാക്കുന്ന വിധം:**

അപേക്ഷകൾ രോഗിയോ രോഗിയുടെ ആശ്രിതരോ അതാത് ജില്ലയിലെ മത്സ്യബോർഡിലെ ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തീരാരോഗ്യം പദ്ധതിയുടെ ജില്ലാതല കമ്മറ്റി മുമ്പാകെ ലഭ്യമായ അപേക്ഷകളിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകന്റെ യോഗ്യത നിർണ്ണയിക്കുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ മേഖലാ എക്സിക്യൂട്ടീവ് അപേക്ഷകന് ചികിത്സാ സഹായം അനുവദിക്കുന്നു.

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് (നിഫാം))

### 1. ഇ–ഗ്രാന്റ്സ്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 'മത്സ്യത്തൊഴിലാളി' യായി രജിസ്റ്റർ ചെയ്ത വരുടെ മക്കൾക്കുളള പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം ഫിഷറീസ് വകുപ്പ് വഴി ഓൺലൈനായി നൽകുന്ന ഇഗ്രാൻറസ് പദ്ധതി ഈ കാര്യാലയം മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, പോളിടെക്നിക്ക് കോഴ്സുകൾ ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാകുന്നതിനായി വിദ്യാർത്ഥികൾ, www.egratnzfisheries.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

### 1. പരിശീലന പരിപാടികൾ

സംസ്ഥാനത്താകെയുളള മത്സ്യത്തൊഴിലാളികൾക്കായി വിവിധ വിഷയങ്ങളിൽ കേന്ദ്രസ്ഥാപനങ്ങളായ CMFRI,CIFT,CIFNET എന്നിവിടങ്ങളിൽ വെച്ച് ഈ കാര്യാലയം മുഖേന പരിശീലനപരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

ജനകീയമത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുളള മത്സ്യകർ ഷകർക്കായി വിവിധയിനം മത്സ്യകൃഷികൾ ശാസ്ത്രീയമായി നടത്തുന്നതിനുളള പരിശീലനം ഈ കാര്യാലയം

വഴി നൽകി വരുന്നു. എൻ.എഫ്.ഡി.ബി സ്കീമിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾ, മത്സ്യ കർഷകർ, എന്നിവർക്കായി CMFRI –ലും ഈ കാര്യാലയത്തിലും വെച്ചും അനുബന്ധത്തൊഴിലാളികളായ സ്ത്രീകൾ എന്നിവർക്കായി കൊച്ചി, NIFPHATT –ൽ വെച്ചും വിവിധ പരിശീലന പരിപാടികൾ നടത്തി വരുന്നു.

ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കായി പ്രതിമാസം 7,500/ രൂപ സ്റ്റൈപന്റോടു കൂടി വകുപ്പിനു കീഴിലെ വിവിധ ഹാച്ചറികൾ, ഫിഷ് ഫാമുകൾ എന്നിവിടങ്ങളിൽ വെച്ച് 8 മാസക്കാലയളവിലെ അക്വാകൾച്ചർ പരിശീലനപരിപാടി ഈ കാര്യാലയം മുഖേന നടത്തി വരുന്നു. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുള്ള ഇൻസൈഡ് ദ സ്റ്റേറ്റ് പരിശീലന പരിപാടിയുടെ ഭാഗമായി വകുപ്പിലെ ടെക്നിക്കൽ വിഭാഗം ഉദ്യോഗസ്ഥർക്കായി CMFRI, CIFT, KUFOS, NIFAM എന്നിവിടങ്ങളിൽ വച്ചും, സഹകരണ വിഭാഗം ഉദ്യോഗസ്ഥർക്കായി ICM, കണ്ണൂർ, ICM, തിരുവനന്തപുരം എന്നിവിടങ്ങളിൽ വച്ചും പരിശീലന പരിപാടികൾ നടന്നു വരുന്നു.

കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുള്ള ഓട്ട്സൈഡ് ദ സ്റ്റേറ്റ് പരിശീലന പരിപാടിയുടെ ഭാഗമായി ടെക്നിക്കൽ വിഭാഗം ജീവനക്കാർക്കായി രാജ്യത്തെ പ്രധാന കേന്ദ്ര സ്ഥാപനങ്ങളായ RGCA സിർക്കലി, CIBA ചെന്നൈ, RGCA വിജയവാഡ, CMFRI കാർവാർ, CMFRI മാൻഡപ്പം, CIFA ഭുവനേശ്വർ എന്നിവിടങ്ങളിലും സീനിയർ ഓഫീസർമാർക്കായി BIRD ലക്നൊ– ൽ വെച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുള്ള National level exposure visit ഭാഗമായി സീനിയർ ഉദ്യോഗസ്ഥർക്കായി CIFRI ബറാക്ക്പൂർ, കൊൽക്കത്ത, CMFRI വെറാവൽ റീജിയണൽ സെന്റർ - ഗുജറാത്ത് എന്നിവിടങ്ങളിൽ പരിശീലന പരിപാടികൾ exposure visit ഈ കാര്യാലയം മുഖേന നടത്തി വരുന്നു.

സ്റ്റേറ്റ്ടെയിനിംഗ് പോളിസി–ടെ ഭാഗമായി ഐ.എം.ജി., കൊച്ചിയുടെ സഹകരണത്തോടെ വകുപ്പിലെ മിനിസ്റ്റീരിയൽ, ടെക്നിക്കൽ, ഹാച്ചറി ജീവനക്കാർ എന്നിവർക്ക് അവരുടെ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

കേരള ഫിഷറീസ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ജൂനിയർ ലെവൽ ടെക്നിക്കൽ ഓഫീസർ തസ്തികകളിൽ നിയമിതരാവുന്നവർക്ക് ടി തസ്തികകളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ഫിഷറീസ് വകുപ്പ് സംഘടിപ്പിക്കുന്ന 90 പ്രവർത്തി ദിവസം കാലാവധിയുള്ള ഇൻസർവ്വീസ് സ്റ്റാഫ് ട്രെയിനിംഗ് കോഴ്സ് നടത്തുന്നത് ഈ കാര്യാലയം മുഖേനയാണ്.

കേന്ദ്ര കൃഷി വകുപ്പിന്റെ പരിശീലനസ്ഥാപനമായ എക്സ്റ്റൻഷൻ എഡുക്കേഷൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് (ഇ.ഇ.ഐ), ഹൈദരാബാദ് ന്റെ സഹകരണത്തോടുകൂടി വകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാർക്കായി വിവിധ വിഷയങ്ങളിൽ പരിശീലനപരിപാടികൾ നടത്തി വരുന്നു.

**മത്സ്യഫെഡ്** (MATSYAFED)

1984–ൽ സ്ഥാപിതമായ കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ (മത്സ്യഫെഡ്), ഈ കാലയളവിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്ന ശക്തമായ നെടുംതൂണായി വളർന്നു കഴിഞ്ഞു. 658 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായ ഈ കേന്ദ്ര ഫെഡറേഷൻ, ഉൽപ്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നീ എല്ലാ അടിസ്ഥാന മേഖലകളിലുമുള്ള വളർച്ച

ലക്ഷ്യമാക്കുന്നു. ഇതിനായി വായ്പ, സാങ്കേതികവിദ്യകൾ, വിപണനം, ശേഷിവർദ്ധന എന്നീ നാലു ചക്രങ്ങളുള്ള ഒരു നയമാണ് സ്വീകരിച്ചിട്ടുള്ളത്.

**മത്സ്യഫെഡിന്റെ ദൗത്യം**

കേരളത്തിലെ മത്സ്യമേഖലയിൽ ഉൽപ്പാദനം, സംഭരണം, വിപണനം, സാങ്കേതിക മുന്നേറ്റം, ശേഷി വർദ്ധന എന്നിവയിലെ നേരിട്ടുള്ള ഇടപെടലുകളിലൂടെ, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനും സാംസ്കാരിക കാഴ്ചപ്പാട് വിപുലീകരിക്കുന്നതിനും അവരെ സഹായിക്കുക.

ഈ ദൗത്യം സാക്ഷാൽക്കരിക്കുന്നതിനും കാഴ്ചപ്പാടുകൾ നിറവേറ്റുന്നതിനുമായി മത്സ്യഫെഡ് കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി പല പദ്ധതികളും നടപ്പിലാക്കി വരുന്നു. ഈ പ്രക്രിയയിൽ ഇനിയും ഏറെ മുന്നോട്ടു പോകാനുണ്ട്. മേഖലയിൽ ഇതിനോടകമുണ്ടായ പുരോഗതിയെ കൃതാർത്ഥതയോടെ അംഗീകരിച്ചു കൊണ്ടു തന്നെ മത്സ്യഫെഡിന്റെ കാഴ്ചപ്പാട് പൂർത്തീകരിക്കുന്നതിനായി കേരള സർക്കാരിന്റെ സഹായത്തോടെ പ്രവർത്തന തന്ത്രങ്ങളിൽ അടിസ്ഥാനപരമായ മാറ്റം കൊണ്ടു വരുന്നതിന് മത്സ്യഫെഡ് ആലോചിക്കുന്നു.

- മത്സ്യത്തൊഴിലാളികൾക്ക് സഹകരണസംഘങ്ങളുടെ ആവശ്യകത ശക്തമായി ബോദ്ധ്യപ്പെടുന്ന വിധത്തിൽ സഹകരണ സംവിധാനത്തെ മൊത്തത്തിൽ ശാക്തീകരിക്കുക.
- മത്സ്യത്തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ സ്വന്തമാക്കുന്നതിനായി സമയബന്ധിതമായി ആവശ്യാനുസരണം പലിശരഹിതവായ്പ ലഭ്യമാക്കുക.
- മലിനീകരണമുണ്ടാക്കാത്ത, പ്രകൃതിസൗഹൃദമായ പെട്രോൾ/ ഡീസൽ ഔട്ട്ബോർഡ് എഞ്ചിനുകൾ പോലെയുള്ള ഉപകരണങ്ങൾ പരിചയപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
- മെച്ചപ്പെട്ട രീതിയിൽ രൂപകൽപ്പന ചെയ്യപ്പെട്ടവയും കൂടുതൽ കാര്യക്ഷമതയുള്ളവയുമായ മത്സ്യബന്ധനയാനങ്ങൾ വഴി കടലിലെ സുരക്ഷ ഉറപ്പുവരുത്തുക.
- പ്രകൃതിയുമായി ഇണങ്ങുന്ന നിയന്ത്രണങ്ങൾ വഴി ഉൽപ്പാദനം വർദ്ധിപ്പിക്കുക
- തീരത്തു നിന്ന് വിപണിയിലേക്ക് നേരിട്ടുള്ള വിപണനത്തിലൂടെ ആഭ്യന്തര മത്സ്യവിപണനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
- മത്സ്യബന്ധനോപകരണങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കാൻ കഴിയുന്ന ഉന്നത ഗുണനിലവാരമുള്ള ഇന്ധനവും ഓയിലുകളും ആവശ്യാനുസരണം ലഭ്യമാക്കുക
- മേഖലയുടെ സമഗ്രമായ നവീകരണത്തിനായി കാര്യക്ഷമത വർദ്ധനവിനുള്ള സംരംഭങ്ങൾ തുടങ്ങുക.

**പദ്ധതി വിഭാഗം**

മത്സ്യത്തിന്റെ ആദ്യവിൽപ്പനാവകാശം മത്സ്യത്തൊഴിലാളിക്കുതന്നെ എന്ന് ഉറപ്പുവരുത്തുന്നതിനായി, മത്സ്യഫെഡ്, പ്രാഥമിക സഹകരണ സംഘങ്ങൾ വഴി തീരദേശ മത്സ്യലേലം സംഘടിപ്പിച്ചു വരുന്നു. മത്സ്യത്തിന് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതോടൊപ്പം പ്രതിദിന വരുമാനത്തിൽ നിന്ന് വായ്പാ തിരിച്ചടവ് നടത്തുന്നതിനും ഇത് സഹായിക്കുന്നു. ഇത് മത്സ്യത്തൊഴിലാളിയുടെ സാമൂഹ്യസാമ്പത്തിക നിലവാരം

മെച്ചപ്പെടുത്തുന്നതിനും വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കാരണമാകുന്നു. നിലവിൽ 233 പ്രാഥമിക സഹകരണ സംഘങ്ങൾ തങ്ങളുടെ അംഗങ്ങൾക്കായി മത്സ്യലേലം നടത്തി വരുന്നു.

## I. **ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ** (NCDC) **ധനസഹായത്തോടെയുള്ള സംയോജിത മത്സ്യവികസന പദ്ധതി** (IFDP):

മത്സ്യത്തൊഴിലാളികൾക്ക്, മത്സ്യബന്ധനോപകരണങ്ങളും പ്രവർത്തന മൂലധനവും വായ്പ യായി നൽകുന്ന സംയോജിത മത്സ്യവികസന പദ്ധതി (IFDP), ദേശീയ സഹകരണ വികസന കോർ പ്പറേഷന്റെ (NCDC) ധനസഹായത്തോടെ മത്സ്യഫെഡ് 1985 മുതൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം, നാളിതുവരെ NCDC 601.71 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതികൾ അനുവദിച്ച് നൽകിയിട്ടുണ്ട്. 37000 മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിന്റെ കീഴിലുള്ള സംഘങ്ങളുടെ തീരദേശ ലേലത്തിൽ പങ്കെടുക്കുന്നു. പത്തൊൻപതാമത് സംയോജിത മത്സ്യവികസന പദ്ധതി (IFDP 2017-18) മുതൽ പലിശരഹിത വായ്പാ പദ്ധതി ആയാണ് നടപ്പിലാക്കുന്നത്. ഇരുപത്തിരണ്ടാമത് പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. നാളിതുവരെ ഒന്നേകാൽ ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് IFDP പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള വായ്പയും ഈ പദ്ധതി വഴി നൽകി വരുന്നു.

**ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റേയും (NBCFDC) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റേയും (NMDFC) വായ്പാ പദ്ധതികളും മൈക്രോഫിനാൻസ് പദ്ധതിയും:**

1997 മുതൽ, NBCFDC, NMDFC ധനസഹായത്തോടെ, കുറഞ്ഞ പലിശ നിരക്കിൽ സ്വയം തൊഴിൽ വായ്പകളും സ്വയംസഹായ സംഘങ്ങൾക്കുള്ള മൈക്രോഫിനാൻസ് വായ്പകളും നൽകി വരുന്നു. ഈ ഏജൻസികളുടെ ധനസഹായം, പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കുന്നതിനും ഉപയോഗിക്കുന്നു.

## II. **ടേം വായ്പ പദ്ധതി**

മത്സ്യബന്ധനത്തിനും മറ്റ് സ്വയം തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനും NBCFDC, NMDFC ധനസഹായത്തോടെ 5 വർഷം വരെ കാലാവധിയിൽ പരമാവധി 4 ലക്ഷം രൂപ വരെ വ്യക്തിഗത വായ്പ നൽകുന്നു. മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള വായ്പ, പലിശരഹിതമായും മറ്റ് സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പ 6% പലിശ നിരക്കിലുമാണ് നൽകുന്നത്. നാളിതു വരെ 107.56 കോടി രൂപ ഈ ഇനത്തിൽ വായ്പ നൽകിയിട്ടുണ്ട്.

## III. **മൈക്രോഫിനാൻസ് പദ്ധതി:**

പ്രാഥമിക സഹകരണ സംഘങ്ങൾക്കു കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയംസഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി.യുടേയും എൻ.എം.ഡി.എഫ്.സി.യുടേയും ധനസഹായ ത്തോടെ മൈക്രോഫിനാൻസ് വായ്പകൾ നൽകുന്നു. ഒരാൾക്ക് പരമാവധി 60,000 രൂപാ വരെ 5% പലിശക്ക്, രണ്ടു വർഷത്തെ തിരിച്ചടവു കാലാവധിയിൽ നൽകുന്നു. പ്രാഥമിക സംഘത്തിന് മാർജിൻ ആയി 1% തുക നൽകുന്നു. ഒരു വർഷം ശരാശരി 60 കോടി രൂപ വായ്പയായി നൽകുന്ന ഈ പദ്ധതി പ്രകാരം നാളിതുവരെ 755.54 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു.

**മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യക്കച്ചവടത്തിന് പലിശരഹിത വായ്പ:**

2008–09 മുതൽ മത്സ്യഫെഡ് ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 9 കടലോര ജില്ലകളും ഉൾനാടൻ ജില്ലയായ കോട്ടയവും ഉൾപ്പെടെ 400 പ്രാഥമിക സംഘങ്ങൾ വഴി ഈ പദ്ധതിയുടെ 10 ഘട്ടങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഏകദേശം 65500 വനിതകൾക്ക് തുടർച്ചയായി ആദ്യഘട്ടത്തിൽ 10000 രൂപ വീതവും തുടർന്ന് 20000 രൂപ വീതവും വായ്പ നൽകുന്നു. ആകെ 310.73 കോടി രൂപ വായ്പയായി നൽകിയിട്ടുള്ള ഈ പദ്ധതി മത്സ്യക്കച്ചവടക്കാർക്ക് ഏറെ പ്രയോജനപ്രദവും ജനപ്രീതിയുള്ളതുമാണ്.

**മത്സ്യബന്ധനോപകരണ വായ്പകൾക്കും വനിതകൾക്കുള്ള മത്സ്യവിപണന വായ്പകൾക്കുമുള്ള പലിശ സബ്സിഡി:**

എൻ.സി.ഡി.സി., എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ധനസഹായം ഉപയോഗിച്ച് മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്കു നൽകുന്ന മത്സ്യബന്ധനോപകരണ വായ്പകൾക്കും, വനിതകൾക്കുള്ള മത്സ്യവിപണന വായ്പകൾക്കുമുള്ള പലിശ, സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു.

**വായ്പാ ദുരിതാശ്വാസ പദ്ധതി** (LDRS):

മൈക്രോഫിനാൻസ് വായ്പ, മത്സ്യക്കച്ചവടത്തിന് പലിശരഹിത വായ്പ എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾ മരണപ്പെടുകയോ, സ്ഥിരമായി അവശരാകുകയോ ചെയ്യുന്ന പക്ഷം അവരെ സഹായിക്കുവാനുള്ളതാണ് ഈ പദ്ധതി. വായ്പ നൽകുന്ന സമയത്ത് ഗുണഭോക്താക്കളിൽ നിന്ന് ശേഖരിക്കപ്പെടുന്ന 0.35% തുകയാണ് (കുറഞ്ഞത് 100 രൂപ) ഈ പദ്ധതിയുടെ സഞ്ചിതനിധി.

**നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം:**

നാടൻ വള്ളങ്ങൾക്കു വേണ്ടി വാങ്ങുന്ന, 10 കുതിരശക്തിയിൽ താഴെയുള്ള ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് വിലയുടെ 20% പരമാവധി 30000 രൂപ സബ്സിഡി നൽകുന്നതാണ് ഈ പദ്ധതി. നാളിതുവരെ 9568 ഗുണഭോക്താക്കൾക്കായി 9.95 കോടി രൂപ സബ്സിഡിയായി നൽകി കഴിഞ്ഞു.

**വലകൾക്കുള്ള സബ്സിഡി:**

ഈ പദ്ധതി പ്രകാരം 10 കുതിരശക്തിയിൽ താഴെയുള്ള ഔട്ട്ബോർഡ് എഞ്ചിനുകൾ ഉപയോഗിക്കുന്ന വള്ളങ്ങൾക്കു വേണ്ടി വാങ്ങുന്ന വലകൾക്ക് 25% പരമാവധി 10000 രൂപ സബ്സിഡി നൽകുന്നു. ഈ പദ്ധതി പ്രകാരം 8509 ഗുണഭോക്താക്കൾക്ക് 5.79 കോടി രൂപ സബ്സിഡി നൽകിക്കഴിഞ്ഞു.

**മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി (MISS):**

എൻ.സി.ഡി.സി., എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ മത്സ്യഫെഡ് വായ്പയായി നൽകുന്ന മത്സ്യബന്ധനോപകരണങ്ങൾ ഈ പദ്ധതി വഴി സുരക്ഷിതമാക്കുന്നു. ഇതിനായി വായ്പ നൽകുന്ന സമയത്ത് ഗുണഭോക്താക്കളിൽ നിന്ന് വായ്പത്തുകയുടെ 4% പ്രീമിയം ഈടാക്കുന്നു. എൻ.സി.ഡി.സി. വായ്പകൾക്ക് പ്രീമിയം തുകയുടെ പകുതി (2%) സംസ്ഥാന സർക്കാർ സബ്സിഡി ആയി നൽകുന്നു.

**ഫൈബർ ഗ്ലാസ് വള്ളങ്ങൾ (ബ്ലൂറവലൂഷൻ പദ്ധതി):**

ബ്ലൂറവലൂഷൻ പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ്സ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതി 40% സബ്സിഡിയോടുകൂടി നടപ്പിലാക്കി.

**കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി:**

31/12/2008 വരെ മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽ നിന്ന് എടുത്തിട്ടുള്ള എൻ.സി.ഡി .സി. വായ്പകളും, എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. സ്വയം തൊഴിൽ വായ്പകളും പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളും വ്യവസ്ഥകൾക്കു വിധേയമായി തിരിച്ചടവിൽ ഇളവു വരുത്തുന്ന പദ്ധതിയാണ് ഇത്.

**മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ്** :

കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് വായ്പ ലഭിക്കുന്നതിനായി 11000 മത്സ്യത്തൊഴിലാളികൾ വിവിധ ബാങ്കുകളിലായി അപേക്ഷ സമർപ്പിക്കുകയും 790 മത്സ്യത്തൊഴിലാളികൾക്ക് 9.31 കോടി രൂപ കെ.സി.സി വായ്പ ലഭിക്കുകയും ചെയ്തു.

**പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന** (PMMSY)

പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ 100 മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് വള്ളം, വല, എഞ്ചിൻ എന്നിവ നൽകുന്നതിന് യൂണിറ്റൊന്നിന് 5 ലക്ഷം രൂപ വീതം 5 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയിലേയ്ക്കുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടന്നു വരുന്നു.

**എം.പി.ഇ.ഡി.എ നെറ്റ് ഫിഷ് പദ്ധതി**

എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.

എം.പി.ഇ.ഡി.എയുടെ കീഴിലുള്ള നെറ്റ് ഫിഷ് (Network for Fish Qualtiy Management and Sustainable Fishing) എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെ കോട്ടയം ജില്ലയിലെ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട 60 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്ക് ലക്ഷം രൂപയും വനിതകളുടെ 5 സ്വയം സഹായ ഗ്രൂപ്പുകൾക്ക് സോളാർ ഫിഷ് ഡ്രൈയറുകൾ നൽകുന്നതിന് 10 ലക്ഷം രൂപയും നൽകുന്ന പദ്ധതി നടപ്പിലാക്കി. 90% തുക നെറ്റ് ഫിഷ് ഗ്രാൻറായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി തുടർന്ന് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് നെറ്റ് ഫിഷ് അനുമതി നൽകിയിട്ടുണ്ട്.

**മത്സ്യഫെഡിൽ നിന്നും വായ്പയോ, ധനസഹായമോ ലഭിക്കുന്നതിനുള്ള നടപടിക്രമം.**

മത്സ്യഫെഡിൽ നിന്നും വായ്പയോ, ധനസഹായമോ ആവശ്യമുള്ള മത്സ്യത്തൊഴിലാളികളോ, ഗ്രൂപ്പോ അവർ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിൽ അപേക്ഷ നൽകണം. സംഘം ഭരണ സമിതിയുടെ വ്യക്തമായ ശുപാർശ സഹിതം പ്രസ്തുത അപേക്ഷകൾ ക്ലസ്റ്റർ പ്രോജക്ട് ഓഫീസർക്ക് സമർപ്പിക്കണം. ക്ലസ്റ്റർ പ്രോജക്ട് ഓഫീസർ ടി അപേക്ഷയിന്മേൽ വിശദമായ അന്വേഷണം നടത്തി വ്യക്തമായ ശുപാർശ സഹിതം ജില്ലാ മാനേജർക്ക് സമർപ്പിക്കണം. അപേക്ഷകൾ പരിശോധിച്ചശേഷം ജില്ലാ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കമ്മിറ്റി ഉചിതമായി തീരുമാനമെടുക്കുന്നു. ഈ തീരുമാനത്തിൽ

കേന്ദ്ര ഓഫീസിൽ നിന്നും ഫണ്ട് അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് ജില്ലാ മാനേജർ വായ്പ/ ധനസഹായം അനുവദിച്ചു ഉത്തരവ് നൽകുന്നു.

### മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

നിലവിലുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും (ആകെ പത്ത് ലക്ഷം രൂപ), മരണാനന്തര ചടങ്ങുകൾക്കായി 2500/രൂപയും (ആകെ രണ്ടായിരത്തി അഞ്ഞൂറു രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10000/രൂപ (ആകെ പതിനായിരം രൂപ) (ഒരാളിന് അയ്യായിരം രൂപവീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴിയാണ് അംഗങ്ങളാകേണ്ടത്.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി

മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്ക്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവമൂലം മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അംഗങ്ങളുടെ കുട്ടികളുടെയും, ആശ്രിതരുടെയും മാരക രോഗങ്ങളുടെയും ചികിത്സക്കായും, പ്രകൃതി ദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായും 'മത്സ്യത്തൊഴിലാളി ക്ഷേമനിധി' എന്ന ശീർഷകത്തിൽ ലാഭവിഹിതതിന്റെ തോതനുസരിച്ച് മാനദണ്ഡങ്ങൾക്ക് അനുസൃതമായി ധനസഹായം നൽകിവരുന്നു. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

1. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് അടിയന്തരാശ്വാസമായി 10,000/– രൂപ (പതിനായിരം രൂപ).
2. നിത്യ രോഗിയായി മാറിയിട്ടുള്ള തൊഴിലാളികൾക്ക് അവരുടെ ചികിത്സക്കായി 10,000/– രൂപ (പതിനായിരം രൂപ) വരെ നൽകുന്നതാണ്.
3. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തരസഹായമായി 10,000/– രൂപ (പതിനായിരം രൂപ). വരെ നൽകുന്നതാണ്.
4. പ്രകൃതിദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് അടിയന്തര സഹായമായി പരമാവധി 10,000/– രൂപ (പതിനായിരം രൂപ) വരെ നൽകുന്നതാണ്.
5. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്ക്കാഘാതം എന്നിവ മൂലം മരിച്ചാൽ അവ ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ആശ്വാസധനം നൽകുന്നതാണ്.

'മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ' നിന്നും ധനസഹായം ലഭിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതം അംഗത്വമുള്ള മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾ മുഖാന്തിരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

## മത്സ്യഫെഡ് വ്യാസാ സ്റ്റോറുകൾ

മത്സ്യഫെഡിന് 9 തീരദേശ ജില്ലകളിലായി 13 വ്യാസാ സ്റ്റോറുകളുടെ ഒരു ശൃംഖലയാണ് ഉള്ളത്. അവ വഴി മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ ഔട്ട്ബോർഡ് മോട്ടറുകൾ, മത്സ്യബന്ധനത്തിന് ആവശ്യമായ വലകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ 2ഠ ഓയിൽ മുതലായവ ഗുണനിലവാരം ഉറപ്പാക്കി മിതമായ നിരക്കിൽ ലഭ്യമാക്കാൻ സാധിക്കുന്നു. ഈ ഉൽപ്പന്നങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് പണമായും, വായ്പയായും സ്റ്റോറുകൾ വഴി ലഭ്യമാണ്. വ്യാസാ സ്റ്റോറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | വ്യാസ സ്റ്റോർ സ്ഥിതി ചെയ്യുന്ന സ്ഥലം | ഫോൺ നമ്പർ | ഇ മെയിൽ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | വിഴിഞ്ഞം | 9526041150 | vyasastorevizhinjam@gmail.com |
| | | പൂന്തുറ | 9526041151 | vyasastorepoonthura@gmail.com |
| 2 | കൊല്ലം | നീണ്ടകര | 9526041152 | vyasaneendakara@gmail.com |
| 3 | ആലപ്പുഴ | അമ്പലപ്പുഴ | 9526041154 | ambalappuzhavyasa@gmail.com |
| | | അർത്തുങ്കൽ | 9526041153 | vyasaarthungal@gmail.com |
| 4 | എറണാകുളം | കണ്ണമാലി | 9526041155 | mastyafedekml@gmail.com |
| | | മുരുക്കുംപാടം | 9526041396 | |
| | | മുനമ്പം | 9526041385 | |
| 5 | തൃശ്ശൂർ | കൈപ്പമംഗലം | 9526041157 | mfedvyasatcr@gmail.com |
| 6 | മലപ്പുറം | താനൂർ | 9526041383<br>9747759015 | vyasatnr455@gmail.com |
| 7 | കോഴിക്കോട് | കോഴിക്കോട് | 9526041168 | mfeddokkd@gmail.com |
| 8 | കണ്ണൂർ | മാപ്പിളബേ | 9526041206 | mfed_knr@yahoo.com |
| 9 | കാസർഗോഡ് | കാസർഗോഡ് | 9526041165 | pravi30577@gmail.com |

## മത്സ്യഫെഡ് മണ്ണെണ്ണ ബങ്കുകൾ

പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി മണ്ണെണ്ണ ഉപയോഗപ്പെടുത്തുന്ന ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഇരുപതിനായിരത്തിലധികം വള്ളങ്ങൾ മത്സ്യബന്ധനത്തിനായി ഉപയോഗപ്പെടുത്തുന്നു. 2015–16 മുതൽ മത്സ്യഫെഡ് വഴി മൂന്ന് പൊതുമേഖല എണ്ണ കമ്പനികളുടെ സഹകരണത്തോടെ 9 തീരദേശങ്ങളിലായി 13 ബങ്കുകൾ സ്ഥാപിച്ച Non PDS (വെള്ള മണ്ണെണ്ണ) വിതരണം നടത്തി വരുന്നു. ഒരു ലിറ്ററിന് 25/ രൂപ (ഇരുപത്തി അഞ്ച് രൂപ) നിരക്കിൽ സബ്സിഡി നൽകി കൊണ്ട 140 മുതൽ 190 ലിറ്റർ വരെ (എഞ്ചിന്റെ കുതിര ശക്തിക്കയ്നുസരിച്ച്) ഒരു മാസം ഒരു പെർമിറ്റിന് നൽകി വരുന്നു. ഇതോടൊപ്പം സബ്സിഡി ഇല്ലാത്ത മണ്ണെണ്ണ 230 ലിറ്റർ മുതൽ 630 ലിറ്റർ വരെ (എഞ്ചിന്റെ കുതിര ശക്തിക്കനുസരിച്ച്) പെർമിറ്റ് ഉടമകൾക്ക് ആവശ്യമെങ്കിൽ ലഭ്യമാക്കുന്നുണ്ട്. 15000 പെർമിറ്റ് ഉടമകൾക്ക് വെള്ള മണ്ണെണ്ണ നൽകുന്നുണ്ട്. നിലവിൽ പ്രതിവർഷം 20,000 കിലോ ലിറ്റർ വരെ സബ്സിഡി (25/ രൂപ ലിറ്ററിന്) വെള്ള മണ്ണെണ്ണ ടി ബങ്കുകൾ വഴി വിതരണം ചെയ്യുന്നു. പൊതു വിപണി

യിൽ മണ്ണെണ്ണ വില പിടിച്ചു നിർത്തുന്നതിനും, മദ്ധ്യവർത്തികളുടെയും, മണ്ണെണ്ണ കച്ചവടക്കാരുടെയും പിടിയിൽ നിന്ന് മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നതിനും മത്സ്യബന്ധനത്തിന് ആവശ്യമുള്ള മണ്ണെണ്ണയുടെ ലഭ്യത വർഷം മുഴുവനും ഉറപ്പു വരുത്തുന്നതിനും ഈ പ്രവർത്തനം മൂലം കഴിയുന്നു. മത്സ്യത്തൊഴിലാളികൾ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ്, ഫിഷറീസ്, മത്സ്യഫെഡ് എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധന വഴിയാണ് അർഹരായ മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് അനുവദിക്കുന്നത്. യാനങ്ങളുടെയും, എഞ്ചിനുകളുടെയും ഭൗതിക പരിശോധന വഴിയും കൂടാതെ ബന്ധപ്പെട്ട രേഖകളുടെയും പരിശോധന വഴിയുമാണ് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഒരു വ്യക്തിക്ക് പരമാവധി 2 എഞ്ചിനുകൾക്ക് മാത്രമേ പെർമിറ്റ് അനുവദിക്കുകയുള്ളൂ. തട്ടുമടി യാനത്തിന്റെ ഉടമകൾക്ക് ഒന്നിൽ കൂടുതൽ വള്ളങ്ങൾ ഉണ്ടെങ്കിൽ പരമാവധി 4 എഞ്ചിനുകൾ വരെ പെർമിറ്റ് അനുവദിക്കുന്നതാണ്. ഗുണഭോക്താക്കളെ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. യാനങ്ങളുടെ രജിസ്ട്രേഷൻ നടത്തിയതായിരിക്കണം.
2. യാനത്തിന് ഫിഷിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.
3. ആധാർ/തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്/FIMS രജിസ്ട്രേഷൻ എന്നിവയും ഹാജരാക്കണം.

സബ്സിഡി തുക ലഭിക്കാവാൻ അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടെ ഗുണഭോക്തൃ ലിസ്റ്റ് മത്സ്യഫെഡ് ഫിഷറീസ് ഡയറക്ടർ ഓഫീസിൽ സമർപ്പിക്കുകയും ആയത് പ്രകാരം ട്രഷറി മുഖേന മത്സ്യത്തൊഴിലാളികളുടെ (പെർമിറ്റ് ഉടമകളുടെ) ബാങ്ക് അക്കൗണ്ടിലേയ്ക്ക് (ഡി.ബി.റ്റി) സബ്സിഡി തുക നൽകുകയുമാണ് ചെയ്യുന്നത്.

## സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (SAF)

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനും ഉതകുന്ന ബദൽ ജീവനോപാധി പദ്ധതികൾ 2005 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഫിഷറീസ് വകുപ്പിനു കീഴിലെ സ്ഥാപനമാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്). കേന്ദ്രാവിഷ്കൃത പദ്ധതികളായ സുനാമി അടിയന്തിര സഹായ പദ്ധതി (ടീപ്പ്), സുനാമി പുനരധിവാസ പദ്ധതി (ടി.ആർ.പി), പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധി പദ്ധതി (പി.എം.എൻ.ആർ.എഫ്) എന്നീ പദ്ധതികൾ സാഫ് വിജയകരമായി നടപ്പിലാക്കി. ഇതിന്റെ തുടർച്ചയായി ഇത്തരം ഗ്രൂപ്പുകളുടെ സുസ്ഥിരമായ നിലനിൽപ്പിനും പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 2010 മുതൽ സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് 'തീരമൈത്രി' എന്ന പേരിൽ എല്ലാ തീരദേശ ജില്ലകളിലും കോട്ടയത്തും ജീവനോപാധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### ലക്ഷ്യങ്ങൾ

1. TEAP, TRP, PMNRF പദ്ധതികളിലൂടെ ആരംഭിച്ചതും എല്ലാ വർഷങ്ങളിലും ആരംഭിക്കുന്ന തീരമൈത്രി ആക്ടിവിറ്റി ഗ്രൂപ്പുകൾക്കും പിന്തുണാ സംവിധാനം ലഭ്യമാക്കി അവയുടെ വളർച്ചയും തുടർച്ചയും ഉറപ്പാക്കുക.

1. സംസ്ഥാനത്തുടനീളം/തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ പുതിയ ബദൽ ജീവനോപാധി കണ്ടെത്തുന്നതിനായി സൂക്ഷ്മ സംരംഭക യൂണിറ്റുകൾ ആരംഭിക്കുന്നതിനായി പ്രവർത്തിക്കുകയും അതിലൂടെ ഗുണഭോക്താക്കളായി വരുന്ന സ്ത്രീകൾക്ക് ഉപജീവനവും വരുമാനവും ഉറപ്പുവരുത്തുക. ഇതിനായി 2 മുതൽ 5 വരെ അംഗങ്ങൾ അടങ്ങിയ ആക്ടിവിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുകയും ആക്ടിവിറ്റി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു.
2. പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുള്ള തീരമൈത്രി മാനേജ്മെന്റ് കൗൺസിലു (ടിഎംസി) കളിലൂടെ ആക്ടിവിറ്റി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ ശക്തമാക്കുക.
3. ആക്ടിവിറ്റി ഗ്രൂപ്പുകൾക്ക് ആവശ്യമായ പരിശീലനങ്ങൾ, സാമ്പത്തിക സഹായം, വിൽപ്പന പ്രോത്സാഹന പ്രവർത്തനങ്ങൾ, ലേബലിംഗ്, മാർക്കറ്റിംഗ് എന്നിവയെല്ലാം ലഭ്യമാക്കുക.
4. ബദൽ ജീവനോപാധിക്കായി ആരംഭിക്കുന്ന മത്സ്യത്തൊഴിലാളി വനിതകളുടെ യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി പദ്ധതി ഘടകങ്ങൾ ആവിഷ്ക്കരിക്കുക.
5. ലഘുസംരംഭങ്ങളുടെ നിലനിൽപ്പിനായി ഗുണഭോക്താക്കൾക്ക് ആവശ്യമായ നൂതന സാങ്കേതിക പരിശീലനങ്ങൾ നൽകുക.
6. വനിത തൊഴിൽ സംരംഭങ്ങളിലൂടെ ആരംഭിക്കുന്ന ഗ്രൂപ്പുകളുടെ ഉൽപ്പന്നങ്ങൾ
7. പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലെ കുടുംബങ്ങളുടെ ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങളിൽ പുരോഗതി കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വനിതകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുക.
8. പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിലെ കുടുംബങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് പ്രാപ്തരായവരും വിവിധ സേവന തുറകളിൽ പരിചയം സിദ്ധിച്ചവരുമായ ഉദ്യോഗസ്ഥർ അടങ്ങിയ ഒരു മൾട്ടി ഡിസിപ്ലിനറി ടീമിനെ നിയോഗിക്കുക.

**സാഫ് നടപ്പിലാക്കിയ പദ്ധതികൾ**

1. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം 2005-06 to 2008-09 (Economic Empowerment of Fisherwomen)
2. സുനാമി അടിയന്തിര സഹായ പദ്ധതി 2006-07 Tsunami Emergency Assistance Programme (TEAP) with the assistance Asian Development Bank.
3. സുനാമി പുനരധിവാസ പദ്ധതി 2008 -10 Tsunami Rehabilitation Programme (TRP)
4. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി 2008-10

   Prime Minister's National Relief Fund (PMNRF) (2008-10)
5. മൂല്യവർദ്ധിത മത്സ്യഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്

   Establishment of Value-Added Fish Production Unit (VAFP) (2009-10)
6. ചെറുകിടസംരംഭങ്ങളുടെ നിലനിൽപ്പ് (2009-10)

   Sustainabiltiy of Micro Enterprises (SME) (2009-10)

7. ഉല്പന്നങ്ങളുടെ വിപണനത്തിനുള്ള സഹായം (2009 - 10)
   Market Support to Fisherwomen (MSF)
8. തീരമൈത്രി പദ്ധതി 2010-11 to 2021-22
   Theeramythri Project
9. അഷ്ടമുടി രണ്ടാം ഘട്ടം 2018-19
   Ashtamudi Phase II-Development of Microenterprises for Alternative Livelihood of Fisherwomen
10. 3 R റീബിൽഡ്, റിവൈവൽ & റീ ഫോം 2018 - 19
    3R Package for Ensuring Sustainable Livelihoods of Fisherwomen in Kerala (Rebuilding, Revival and Reforms) Formation of JLGs
11. ജെഎൽജി പദ്ധതി 2020 - 21, 2021 - 22
    JLG Project for Ensuring Livelihood Securtiy of Fisherwomen in Kerala
12. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക് 2018 - 19, 2020 - 21
    Hygienic Refrigerated Mobile Fish Vending Kiosks

**സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കായുള്ള ഇടപെടലുകൾ**

1. ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ പലിശരഹിത പ്രവർത്തന മൂലധനം
2. സാങ്കേതിക വിദ്യ നവീകരണത്തിനായി 50,000 രൂപ വരെ ഗ്രൂപ്പുകൾക്ക് തിരിച്ചടക്കാത്ത ഗ്രാന്റ്
3. ഗ്രൂപ്പുകൾക്കായി 5 ലക്ഷം രൂപ വരെയുള്ള ബാങ്ക് ലോണിന് 5% പലിശ സബ്സിഡി
4. നൂതനവും സാങ്കേതികവുമായ എല്ലാവിധ പരിശീലനങ്ങളും പൂർണ്ണമായും സൗജന്യമായും
5. ഗ്രൂപ്പുകളുടെ ഉല്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മേളകളും എക്സിബിഷനുകളും.
6. 100 യൂണീറ്റുകളെ ആദ്യഘട്ടത്തിൽ online marketing & sales സംവിധാനത്തിലേക്ക് കൊണ്ടുവന്നു.
7. തീരമൈത്രി യൂണിറ്റുകളെ വിവിധതരം മേളകളിലും എക്സിബിഷനുകളിലും പങ്കെടുപ്പിക്കുകയും അതു വഴി അവരുടെ ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2021 –ൽ ഡൽഹിയിൽ വച്ച് നടന്ന മാറ്റത്തിന് India International Trade Fair –ൽ കൊമേഷ്യൽ വിഭാഗത്തിൽ പങ്കെടുത്തു.

**പദ്ധതി നിർവ്വഹണം**

1. സാഫ് ഗവേണിംഗ് ബോഡി ചെയർമാൻ ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയാണ്.
2. സംസ്ഥാന തലത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടറും ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരും ഫീൽഡ്തലത്തിൽ മിഷൻ കോ ഓർഡിനേറ്റർമാരും പ്രവർത്തിക്കുന്നു.
3. 9 തീരദേശ ജില്ലകളിലും കോട്ടയം ജില്ലയിലുമാണ് തീരമൈത്രി സംരംഭങ്ങൾ പ്രധാനമായും ആരംഭിച്ചിട്ടുള്ളത്.
4. 1600 ഓളം യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 5000 ത്തോളം വരുന്ന സ്ത്രീകൾക്ക് സുസ്ഥിരമായ വരുമാനം ഈ സംരംഭങ്ങളിലൂടെ ലഭ്യമാക്കുന്നു.

5. സാഫ് യൂണിറ്റുകളുടെ പ്രതിവർഷ വിറ്റുവരവ് (ബിസിനസ്സ്) 84 കോടി രൂപയാണ് രൂപയാണ്.
6. ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സമാന സ്വഭാവമുള്ള യൂണിറ്റുകളെ കോർത്തിണക്കി ക്യാറ്റഗറി ഫെഡറേഷനും (നിലവിൽ ഫിഷ് & ഫിഷ് പ്രോസസ്സിംഗ്, ഫുഡ് & ഫുഡ് പ്രോസസ്സിംഗ്, ടെക്സ്റ്റൈൽസ് & ഗാർമെൻസ്, സൂപ്പർമാർക്കറ്റ് & റീറ്റെയിൽ സ്റ്റോർ, സർവ്വീസ് & അദേഴ്സ്) ഫെഡറേഷനുകളുടെ മേൽനോട്ടം വഹിക്കുന്ന അപെക്സ് ഫെഡറേഷനും പ്രവർത്തിക്കുന്നു.
7. സാഫിന്റെ യൂണിറ്റുകളുടെ പ്രവർത്തന മേൽനേട്ടം വഹിക്കുന്ന മിഷൻ കോഡിനേറ്റർമാരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഏകട അടിസ്ഥാനപ്പെടുത്തിയുള്ള Activtiy Report Management Information System ( ARMIS) നടപ്പിലാക്കി.
8. സാഫിന്റെ പ്രവർത്തനം സംസ്ഥാന തലത്തിൽ പ്രതിമാസ അവലോകനത്തിലൂടെയും ജില്ലയിലെ പ്രവർത്തനങ്ങൾ പ്രതിവാര അവലോകന യോഗങ്ങളിലൂടെയും വിലയിരുത്തി മികവുറ്റതാക്കുന്നു.

**സാഫ് പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. ഫിഷർമെൻ ഫിമിലി രജിസ്റ്ററിൽ അംഗത്വമുള്ള വനിതകൾ
2. ഏതെങ്കിലും മത്സ്യഗ്രാമത്തിൽ സ്ഥിര താമസക്കാർ
3. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകൾ
4. സാഫിൽ നിന്നോ ഫിഷറീസ് വകുപ്പിൽ നിന്നോ ധനസഹായം ലഭിക്കാത്തവർ
5. 20 നും 40 നും ഇടയ്ക്ക് പ്രായമുള്ളവർ മുൻഗണന
6. പ്രത്യേക വിഭാഗത്തിൽ പെടുന്നവർക്ക് (ട്രാൻജെന്റർ, വിധവ, ശാരീരിക വൈകല്യമുള്ള കുട്ടികൾ ഉള്ളവർ) കൂടിയ പ്രായപരിധി 50 വയസ്സ്.
7. ഗ്രൂപ്പഗംങ്ങളിൽ 40 ശതമാനം പേർക്ക് പ്ലസ് ടു വിദ്യാഭ്യാസ യോഗ്യത അഭികാമ്യം

**അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

1. ഗുണഭോക്തൃ സംഘങ്ങൾക്ക് പദ്ധതികളെ കുറിച്ച് ബോധവൽക്കരണ പരിപാടികൾ അതാത് ജില്ലാ നോഡൽ ഓഫീസർമാരുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുന്നു.
2. ജില്ലാ ഫിഷറീസ്/മത്സ്യഭവൻ/സാഫ് നോഡൽ ഓഫീസുകൾ/ സാഫ് വെബ് സൈറ്റ് എന്നിവ വഴി വിവിധ പദ്ധതികൾക്കായുള്ള അപേക്ഷ ഫോറം വിതരണം ചെയ്യുന്നു.
3. പൂരിപ്പിച്ച അപേക്ഷകളുടെ രജിസ്ട്രേഷനും കോഡിംഗും നടത്തുന്നു.
4. അപേക്ഷകളിൽമേൽ അന്വേഷണം നടത്തി വെരിഫിക്കേഷൻ ചാർട്ട് തയ്യാറാക്കുന്നു.
5. അപേക്ഷകൾ ഗ്രേഡ് ചെയ്ത് പ്രാഥമിക അർഹതാ ലിസ്റ്റ് തയ്യാറാക്കുന്നു.
6. അർഹതാ ലിസ്റ്റ് ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.
7. ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരിച്ച ലിസ്റ്റ് ബന്ധപ്പെട്ട ഓഫീസുകളിൽ പ്രസിദ്ധീകരിക്കുന്നു.

### ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുളള നടപടിക്രമങ്ങൾ

1. അംഗീകരിച്ച ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് ഓപ്പർച്യൂണിറ്റി ഗൈഡൻസ് പ്രോഗ്രാം നടത്തുന്നു.
2. തെരഞ്ഞെടുക്കപ്പെടുന്ന ഗ്രൂപ്പുകൾക്ക് സംരംഭം ആരംഭിക്കുന്നതിനു മുമ്പായി അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, അക്കൗണ്ടിംഗ് ട്രെയിനിംഗ്, എന്നിവയ്ക്ക് പുറമേ മിനിറ്റ്സ് പുസ്തകം എഴുതൽ, ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുക, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, മികച്ച വിപണി കണ്ടെത്തൽ തുടങ്ങിയ വിഷയങ്ങളിലും പരിശീലനങ്ങൾ നൽകുന്നു.
3. 5 ദിവസത്തെ പരിശീലനം പൂർത്തിയാക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്ന സംരംഭത്തിന്റെ പ്രൊജക്ട് തയ്യാറാക്കുന്നു.
4. യൂണിറ്റിന്റെ പേരിൽ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു.
5. പദ്ധതി ആരംഭിക്കുന്നതിനുള്ള എല്ലാ ഘടകങ്ങളും പൂർത്തീകരിച്ച ശേഷം അതാത് വർഷങ്ങളിൽ പദ്ധതികളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഗ്രാന്റ് അനുവദിക്കുന്നു.

### 2022– 23 വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1. ആൾട്ടർണേറ്റീവ് ആന്റ് സപ്പോർട്ടീവ് ലൈവ്ലിഹുഡ് ഓപ്പർച്യൂണിറ്റി ആന്റ് എൻപവർമെന്റ് ഓഫ് ഫിഷർവുമൻ ഇൻ കേരള 2022-23

a. തീരമൈത്രി പ്രോജക്ട്

- ➢ 800 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ക്കൊണ്ട് 160 ചെറുകിട തൊഴിൽ സംരംഭങ്ങൾ.
- ➢ 2 മുതൽ 5 വരെയുള്ള അംഗങ്ങൾ
- ➢ ഒരു ഗ്രൂപ്പിന് 5 ലക്ഷം രൂപ വരെ ( ഒരംഗത്തിന് ഒരു ലക്ഷം) ഗ്രാന്റ്.
- ➢ പദ്ധതിയുടെ 75 ശതമാനം ഗ്രാന്റ്, 20 ശതമാനം ബാങ്ക് ലോൺ, 5 ശതമാനം ഗുണഭോക്തൃ വിഹിതം.

b) ജെ എൽ ജി പ്രോജക്ട് ഫോർ എൻഷുറിംഗ് ലൈവ്ലിഹുഡ് സെക്യൂരിറ്റി ഓഫ് ഫിഷർവുമൻ ഇൻ കേരള

500 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് 100 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ

- ➢ ഒരു ഗ്രൂപ്പിന് 50000 രൂപ വരെ (ഒരംഗത്തിന് 10000 രൂപ) റിവോൾവിംഗ് ഫണ്ട്.

### *കൂടുതൽ വിവരങ്ങൾക്ക്*

ജോയിന്റ് ഡയറക്ടർ ഓഫ് ഫിഷറീസ് & എക്സിക്യൂട്ടീവ് ഡയറക്ടർ,
സാഫ് സൊസൈറ്റി ഫോർ
അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്)
ഫിഷറീസ് ട്രെയിനിംഗ് സെന്റർ, നിഫാം, കിഴക്കേ കടുങ്ങല്ലൂർ, ആലുവ,
എറണാകുളം 683102
E mail-saf4help@gmail.com, saf4help@yahoo.com, Web:www.safkerala.org

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC)

കേരള സംസ്ഥാനത്തിന്റെ തീരദേശമേഖലയുടെ സമഗ്ര പുരോഗതിയും സുസ്ഥിരമായ വികസനവും ലക്ഷ്യമിട്ടു കൊണ്ട് 1956–ലെ കമ്പനി നിയമം അനുസരിച്ച് 2009 – ലാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് രൂപം കൊണ്ടത്. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന് പുറമെ കേന്ദ്രസർക്കാർ, എൻ.എഫ്.ഡി.ബി, നബാർഡ്, വാണിജ്യ ബാങ്കുകൾ തുടങ്ങി മറ്റു ദേശീയ ധനസഹായ സ്ഥാപനങ്ങൾ വഴിയുള്ള സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും ഫണ്ട് സ്വരൂപിച്ച് നിരവധി പദ്ധതികൾ ഇന്ന് കോർപ്പറേഷൻ കേരളമൊട്ടാക്കെ നടപ്പിലാക്കിവരുന്നു. ഏകദേശം 1000 കോടിയോളം രൂപയുടെ പദ്ധതികൾ തീരദേശമേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വളരെ വിജയകരമായി പൂർത്തീകരിച്ചു വരുന്നു. ഇതിൽ കേന്ദ്ര സർക്കാർ/ കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നുമായും തുക കണ്ടെത്തിയിട്ടുണ്ട്.

കേരള സംസ്ഥാനത്തിന്റെ 222 കടലോര ഗ്രാമങ്ങളും 113 കായലോര ഗ്രാമങ്ങളും മാതൃകാ മത്സ്യ ഗ്രാമങ്ങളായി വികസിപ്പിക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ട് സംസ്ഥാനത്തിന്റെ തീരപ്രദേശത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അടിസ്ഥാനസൗകര്യ വികസനത്തിൽ ഇതരമേഖലകളെ അപേക്ഷിച്ച് മത്സ്യബന്ധന മേഖല ഏറെ പിന്നിലാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ഇടതുപക്ഷ സർക്കാർ ഈ മേഖലയിൽ വിവിധ വികസന പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ പൂർത്തിയാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശ മേഖലയിലെ മത്സ്യബന്ധന അടിസ്ഥാനസൗകര്യങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ സൗകര്യങ്ങൾ, ഭവന നിർമ്മാണം, മത്സ്യമാർക്കറ്റുകൾ എന്നിവയുടെ നിർമ്മാണത്തിനും വികസനത്തിനും വിവിധ പദ്ധതികൾ വളരെ കാര്യക്ഷമമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിലേക്കായി സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിനു പുറമെ, NABARD, NFDB, KIIFB തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിൽ നിന്നും ഫണ്ട് ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾ വിപുലീകരിച്ച് നടപ്പിലാക്കുന്നതിൽ ഈ സർക്കാർ വളരെ അധികം വിജയം കൈവരിച്ചിട്ടുണ്ട്. ഇതിനു പുറമെ ഫിഷറീസ്, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പുകളുടെ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് സർക്കാർ നിയമിച്ചിരിക്കുന്നത്. 109 കോടി രുപയുടെ തീരസംരക്ഷണ പദ്ധതികൾ, 209 കോടി രുപയുടെ മത്സ്യബന്ധന ഹാർബറുകൾ, 66 കോടി രൂപയുടെ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതികൾ 120 കോടി രൂപയുടെ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം എന്നിവയാണ് പ്രധാന കിഫ്ബി പദ്ധതികൾ.

അടിസ്ഥാന സൗകര്യവികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് പുറമെ സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വാണിജ്യാടിസ്ഥാനത്തിൽ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന രംഗത്തേയ്ക്കും കടന്നിരിക്കുന്നു. ശുചിത്വമായ അന്തരീക്ഷത്തിൽ സോളാർ ഡ്രയറിൽ ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത ഉണക്ക മത്സ്യ ഉല്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാൻഡിൽ തീരദേശ വികസന കോർപ്പറേഷൻ വിപണിയിലെത്തിച്ചിരിക്കുന്നു. ഇതോടൊപ്പം ശുദ്ധമായ മത്സ്യോൽപ്പന്നങ്ങൽ സംസ്ക്കരിച്ച് പുതുമ ഒട്ടും തന്നെ നഷ്ടപ്പെടാതെ വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള നിരവധി സംരംഭക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി 'പരിവർത്തനം' എന്ന പേരിൽ മറ്റൊരു

നൂതനവും വിപ്ലവകരവുമായ പദ്ധതിക്കും കോർപ്പറേഷൻ തുടക്കം കുറിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി 200 ഓളം ഉദ്യോഗാർത്ഥികൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുന്നതാണ്. മത്സ്യം ഉൽപ്പന്നങ്ങൾ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നതിനുമുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും തീരക്കടലിൽ കൃത്രിമ പാര് മോഡ്യൂളുകൾ നിക്ഷേപിക്കുന്ന പദ്ധതിയും കോർപ്പറേഷൻ മുഖേനെ നടപ്പിലാക്കി വരുന്നു. അതുമൂലം മത്സ്യസമ്പത്ത് വർദ്ധിക്കുന്നതിനും മത്സ്യകുഞ്ഞുങ്ങളുടെ പ്രജനനത്തിന് കൂടുതൽ സൗകര്യം ഒരുക്കുന്നതുമാണ്.

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ

### 1. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി ഭവനം

കേരള സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വീട് നിർമ്മിച്ച് നൽകുന്നതിനും തൊഴിൽ ചെയ്തു ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനുമുള്ള സംവിധാനവും ഒരുക്കുകയെന്ന ഉദ്ദേശത്തോടെ സർക്കാർ വിവിധ പാർപ്പിട പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

ഭൂരഹിത ഭവന രഹിതമത്സ്യത്തൊഴിലാളി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം എന്ന നിലയിൽ 192 വ്യക്തിഗത ഫ്ളാറ്റുകൾ അടങ്ങിയ ഭവന സമുച്ചയം തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന വളരെ വിജയകരമായി പൂർത്തീകരിച്ചു മത്സ്യത്തൊഴിലാളികൾക്ക് കൈമാറ്റം ചെയ്തു കഴിഞ്ഞു. പ്രസ്തുത ഫ്ളാറ്റ് സമുച്ചയം അതിന്റെ ഗുണ നിലവാരത്തിലും, സൗകര്യങ്ങളിലും, സമയബന്ധിതമായ പൂർത്തീകരണത്തിലും ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുള്ളതാണ്. ഇതേതുടർന്ന് തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിൽ മത്സ്യബന്ധന വകുപ്പ് ഏറ്റെടുത്ത 2.60 ഏക്കർ സ്ഥലത്ത് മുട്ടത്തറ മോഡലിൽ 16 ബ്ലോക്കുകളിലായി 128 വ്യക്തിഗത ഫ്ളാറ്റ് അടങ്ങുന്ന പാർപ്പിട സമുച്ചയം പൂർത്തീകരിക്കുകയും ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തു.

ഇതു കൂടാതെ കൊല്ലം ജില്ലയിലെ ക്യൂ.എസ്സ്എസ്സ്. കോളനിയിൽ 179 വ്യക്തിഗത ഫ്ളാറ്റുകൾ അടങ്ങുന്ന ഫ്ളാറ്റ് സമുച്ചയം, ആലപ്പുഴ ജില്ലയിലെ മണ്ണുംപ്പുറത്ത് 372 വ്യക്തിഗത ഫ്ളാറ്റുകൾ അടങ്ങുന്ന ഫ്ളാറ്റ് സമുച്ചയം, കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹില്ലിൽ 80 ഫ്ളാറ്റുകളുടെ നിർമ്മാണം എന്നിവയും കോർപ്പറേഷൻ മുഖേനെ നടപ്പിലാക്കുന്നു.

### 2. തീരദേശ വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസനം

തീരദേശമേഖലയുടെ സാമൂഹ്യ വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനവും അതോടൊപ്പം തന്നെ സ്മാർട്ട് ക്ലാസ്സ് റൂമുകൾ, കളിസ്ഥലങ്ങൾ, വൃത്തിയുള്ള അടുക്കള, എന്നിവയുടെ നിർമ്മാണം, വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം, സ്പോർട്ട്സ് കിറ്റ് വിതരണം തുടങ്ങിയ പ്രവർത്തികൾക്ക് പ്രഥമ പരിഗണന നൽകി നടപ്പിലാക്കി വരുന്നു. 84 കോടിയോളം രൂപയുടെ 34 വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. 25ഓളം പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിരിക്കുന്നു. തിരഞ്ഞെടുത്ത 4 ഫിഷറീസ് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്ന ബൃഹത്ത്

പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു. ഇതോടൊപ്പം മത്സ്യത്തൊഴിലാളി സമൂഹത്തിലെ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിനികൾക്ക് സൌജന്യമായി സൈക്കിൾ ലഭ്യമാക്കുന്ന പദ്ധതി, തീരദേശ സ്കൂളുകളിൽ സ്പോർട്ട്സ് കിറ്റ് വിതരണം, സ്മാർട്ട് ക്ലാസ്സ് നിർമ്മാണം, അടുക്കള നിർമ്മാണം എന്നിവയും നടപ്പിലാക്കുന്നു.

### 3. തീരദേശ ആരോഗ്യാടിസ്ഥാന സൗകര്യവികസനം

തീരദേശ മേഖലയുടെ സാമൂഹ്യ ആരോഗ്യ വികസനത്തിൽ ആരോഗ്യാടിസ്ഥാന സൗകര്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് തീരദേശത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകൾ, പബ്ലിക്ക് ഹെൽത്ത് സെന്ററുകൾ, സബ് സെന്ററുകൾ, തീരദേശ ആശുപത്രികൾ എന്നിവിടങ്ങളിൽ പശ്ചാത്തല സൗകര്യ വികസനം, മറ്റു ഭൗതിക സൗകര്യങ്ങൾ വികസനങ്ങൾ തുടങ്ങിയ പ്രവൃത്തികൾക്ക് കോർപ്പറേഷൻ പ്രഥമ പരിഗണന നൽകി നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു.

32 കോടിയോളം രൂപയുടെ 20 ആരോഗ്യാടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. 17 ഓളം പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിരിക്കുന്നു. കൊല്ലം സർക്കാർ ആശുപത്രിയിൽ 30 ഡയാലിസ്സ് യൂണിറ്റുകൾ അടങ്ങുന്ന ഒരു ഡയാലിസ്സിസ്സ് സെന്റർ സ്ഥാപിച്ചത് വളരെയേറെ പ്രശംസ ഏറ്റു വാങ്ങിയ പദ്ധതികളിൽ ഒന്നാണ്.

### 4. സംസ്ഥാനത്ത് ആധുനിക ശുചിത്വ പൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ ശൃംഖല

കടലിൽ നിന്നും പിടിക്കുന്ന മത്സ്യം അതിന്റെ പുതുമയും ഗുണനിലവാരവും നിലനിർത്തി കൊണ്ട് ഗുണഭോക്താവിന്റെ അടുക്കളയിൽ എത്തിക്കാനുതകുന്ന രീതിയിൽ ഒരു കോൾഡ് ചെയിൻ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ ആധുനിക മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ചു വരുന്നു. ഗുണമേന്മയും ശുചിത്വ വുമുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക അതുവഴി മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ ആനുപാതികമായ വർദ്ധനവ് കൊണ്ടുവരിക, എല്ലാത്തിനും ഉപരി സംസ്ഥാനത്തെ മത്സ്യവിപണനം വിപുലീ കരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2016–17 സാമ്പത്തിക വർഷത്തിൽ 3.56 കോടിരൂപ അടങ്കൽ തുകയിൽ കൊല്ലം ജില്ലയിലെ കരിക്കോട് ഒരു ആധുനിക മത്സ്യമാർക്കറ്റും 2017–18 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിലെ മയ്യനാട് 1.59 കോടി രൂപ അടങ്കൽ തുകയിൽ ഒരുമത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമായി പദ്ധതി പൂർത്തീകരിച്ചു.

സംസ്ഥാനത്തെ 51 മത്സ്യമാർക്കറ്റുകൾ 120 കോടി കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിച്ചു ഹൈടെക്ക് മാർക്കറ്റുകളാക്കി മാറ്റുന്നതിനായി അംഗീകാരം ലഭ്യമായിട്ടുണ്ട്.

### 5. ഫിഷറീസ് ഫാമുകളുടെയും ഹാച്ചറികളുടെയും വികസനം

കേരളത്തിൽ മത്സ്യബന്ധനം കൊണ്ടുള്ള മത്സ്യലഭ്യത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ മത്സ്യോ ല്പാദന വർദ്ധനവിനായി ജലകൃഷിയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി കൊണ്ട് ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഉൾനാടൻ മത്സ്യകൃഷിയിൽ നിന്നുമുള്ള ഉത്പാദനം നിലവിലുള്ളതിൽ നിന്നും ഇരട്ടിയായി വർദ്ധിപ്പിക്കുക, മത്സ്യകർഷകർക്ക് ഗുണനിലവാരമുള്ള മത്സ്യവിത്തുകൾ ലഭ്യമാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ സംസ്ഥാനത്തിലെ വിവിധ ഫിഷ് ഫാമുകൾ, ഹാച്ചറികൾ എന്നിവ ഇതിനോടകം തന്നെ പുനരുദ്ധരിച്ച് പ്രവർത്തന സജ്ജമായിരിക്കുന്നു.

55.00 കോടി രൂപയുടെ ഫാമുകളുടെയും, ഹാച്ചറികളുടെയും വികസന പ്രവർത്തനങ്ങൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് പൂർത്തീകരിച്ചു വരുന്നു. ഇതിനോടകം 27.00 കോടി യോളം രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിരിക്കുന്നു.

**6. തീരസമുദ്രത്തിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമ പാര് നിക്ഷേപിക്കൽ പദ്ധതി**

അമിത വിഭവ ചൂഷണവും മത്സ്യബന്ധന മേഖലയിൽ നിലനിൽക്കുന്ന മത്സരവും, പരിസ്ഥിതി സൗഹൃദമല്ലാത്ത മത്സ്യബന്ധന രീതികളും സംസ്ഥാനത്തിന്റെ തീരക്കടലിലുള്ള മത്സ്യസമ്പത്ത് ഗണ്യമായി കുറയ്ക്കുകയും ആയത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയാകെ ജീവിത സാഹചര്യത്തിന് തന്നെ പ്രയാസങ്ങൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിന് ഒരു പരിഹാരമായി തീരക്കടലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അത് സുസ്ഥിരമായി പരിപാലിക്കുന്നതിനും പരിസ്ഥിതി സൗഹൃദ മത്സ്യബന്ധന രീതികൾ പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യമിട്ടുകൊണ്ട് ഫിഷറീസ് വകുപ്പ് 'കൃത്രിമപ്പാര് നിക്ഷേപിക്കൽ പദ്ധതി' നടപ്പിലാക്കി വരുന്നത്. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യ വസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്തമായ പാരിന് സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മോഡ്യൂളുകൾ ജി. പി.എസ്. സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി മത്സ്യത്തൊഴിലാളികളുടെ സാന്നിദ്ധ്യത്തിൽ നിക്ഷേ പിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, തുമ്പ, പുതുക്കുറിച്ചി, കൊച്ചുതുറ, കൊല്ലംകോട്, പരുത്തിയൂർ, പൂന്തുറ, പൂവാർ, ബീമാപ്പള്ളി, വലിയതുറ എന്നിവിടങ്ങളിൽ ഇതിനോടകം കൃത്യമ പാരുകൾ സ്ഥാപിച്ചുകഴിഞ്ഞു.

**7. തീരസംരക്ഷണ പ്രവർത്തികൾ**

ഏകദേശം 590 കിലോമീറ്റർ ദൈർഘ്യമുള്ള കേരളത്തീരത്തിൽ 218 കിലോമീറ്ററോളം നിരന്തര കടലാക്രമണ നേരിടുന്ന പ്രദേശങ്ങളാണ്. ഇതിൽ തന്നെ 55 കീലോമീറ്ററോളം തീരം അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളാണ്. ഇപ്രകാരം കടലാക്രമണ ഭീഷണി നേരിടുന്ന തുറമുഖ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ദീർകാല ഗവേഷണങ്ങൾക്കൊടുവിൽ തീരസംരക്ഷണ പദ്ധതികൾക്ക് രൂപം നൽകിയിരിക്കുന്നു. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന തീരസംരക്ഷണ പ്രവർത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് സർക്കാർ തിരഞ്ഞെടുത്തിരിക്കുന്നത്. 7 പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കണ്ണൂർ ജില്ലയിലെ തലായ് ഫിഷിംഗ് ഹാർബർ അനുബന്ധ കടൽ തീരസംരക്ഷണം ഇതിനോടകം പൂർത്തീകരിച്ചു. കൊല്ലം ബീച്ച് മുതൽ താന്നിവരെ തീരസംരക്ഷണം, മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ അനുബന്ധ കടൽതീര സംരക്ഷണം, ചേറ്റുവ ഫിഷിംഗ് ഹാർബർ അനുബന്ധ കടൽ തീരസംരക്ഷണം എന്നിവ ധ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. മുതലപ്പൊഴി ഫിഷറി ഹാർബർ താഴംപള്ളി, കഠിനംകുളം കടൽ തീരസംരക്ഷണം, കായംകുളം ഫിഷിംഗ് ഹാർബർ അനുബന്ധ കടൽ തീരംസംരക്ഷണം, തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ അനുബന്ധ കടൽ തീരസംരക്ഷണം ആരംഭിക്കേണ്ടതുണ്ട്.

പൂന്തുറ വലിയതുറ പ്രദേശം സംസ്ഥാനത്ത് തന്നെ ഏറ്റവും രൂക്ഷമായി കടൽക്ഷോഭം അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രദേശങ്ങളാണ്. കൺവെൻഷണൽ രീതിയിലുള്ള കടൽഭിത്തി നിർമ്മാണം കൊണ്ടു മാത്രം ഇവിടത്തെ കടലാക്രമണം ശാശ്വതമായി ചെറുക്കാൻ കഴിയില്ല. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രമുഖ സമുദ്ര ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയും (NIOT) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും സംയുക്തമായി അനു

യോജ്യമായ ഒരു തീരസംരക്ഷണ പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. 100 മീറ്റർ നീളത്തിൽ ഓഫ്ഷോർ ബ്രേക്ക് വാട്ടറുകൾ തീരത്തുനിന്നും 100 മീറ്റർ അകലത്തിൽ തീരത്തിനു സമാന്തരമായി നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പൂന്തുറ പ്രദേശത്തെ 700 മീറ്റർ തീരസംരക്ഷണ പ്രവർത്തികൾക്കായി 19.57 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് ആദ്യഘട്ടമായി നടപ്പിലാക്കുന്നത്. പ്രസ്തുത പ്രവർത്തിയുടെ പൂർത്തികരണത്തിനു ശേഷം പദ്ധതിയുടെ പ്രതികരണം പഠന വിധേയമാക്കിയതിനു ശേഷം മറ്റുതീരങ്ങളായ പൂന്തുറ, ബീമാപ്പളളി, ശംഖുമുഖം, വലിയതുറ എന്നീ പ്രദേശങ്ങൾ അടങ്ങുന്ന ഏകദേശം 6 കിലോമീറ്റർ തീരത്ത് പ്രസ്തുത പ്രവർത്തി നടപ്പിലാക്കുന്നതാണ്. മൊത്തം പ്രവർത്തി നടപ്പിലാക്കുന്നതിനായി 150 കോടിരൂപയുടെ അംഗീകാരം കിഫ്ബി ഇതിനോടകം നൽകിയിട്ടുണ്ട്.

**8. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ**

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ പുതിയ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനായി 112.218 കോടി രൂപയുടെയും, ആലപ്പുഴ ജില്ലയിലെ ചെത്തിയിൽ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനായി 97.43 കോടി രൂപയുടെയും അംഗീകാരം കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് സർക്കാർ തിരഞ്ഞെടുത്തിരിക്കുന്നത്.

**9. തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ**

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അന്തർദേശീയ നിലവാരത്തിൽ സൈക്കിൾ പാതയോടു കൂടിയ തീരദേശ ഹൈവേ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ തീരദേശ മേഖലയുടെ റോഡ് കണക്റ്റിവിറ്റി മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുള്ള പ്രസ്തുത ഹൈവേ തിരുവനന്തപുരത്ത് പൂവാറിൽ നിന്ന് ആരംഭിച്ച കാസർഗോഡ് തലപ്പാടിക്ക് സമീപം കുഞ്ചത്തൂരിൽ അവസാനിക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലൂടെ സഞ്ചരിക്കുന്നു. പ്രസ്തുത ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷനെയാണ് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട സർവ്വേ പ്രവർത്തനങ്ങൾ കോർപ്പറേഷൻ മുഖേനെ ധ്രുതഗതിയിൽ പൂർത്തീയാക്കിവരുന്നു. ടൂറിസം മേഖലയിലെ മുന്നേറ്റത്തിനും അതോടൊപ്പം പൊതു വികസനത്തിനും ഗതാഗതത്തിനും പ്രസ്തുത തീരദേശ പാത മുഖ്യ പങ്ക് വഹിക്കും.

**10. സി എസ് ഐ എൻ ഡി** (CSIND) **വെസ്റ്റ്കോസ്റ്റ്**
**കോവളം വർക്കല വികസനം പാർവതി പുത്തനാർ പുനരധിവാസം**

കോവളം, വർക്കല ഭാഗത്തെ വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ പാർവതി പുത്തനാർ ഭാഗത്ത് മാത്രം ഏകദേശം 863 കുടുബങ്ങളെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. പ്രസ്തുത പുനരധിവാസം നടപ്പിലാക്കുന്ന ചുമതല കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ഏൽപ്പിച്ച് ഉത്തരവായിട്ടുള്ളത്. പ്രസ്തുത ഉത്തരവിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**11. മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന നിർമ്മാണവും വിതരണവും**

സംസ്ഥാനത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്തുന്നതിനു ഗണ്യമായ പങ്ക് വഹിക്കുന്നുവെങ്കിലും അതിനനുസൃതമായ സാമൂഹിക അംഗീകാരം ലഭിക്കാത്ത മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ വികസനവും സാമൂഹിക ഉന്നമനവും ലക്ഷ്യമിട്ട് രൂപീകരിച്ച സംസ്ഥാന തീരദേശ വികസന കോർപ്പ

റേഷൻ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുമായി മത്സ്യവിപണിയിൽ സജീവമാകുകയാണ്. ഡ്രിഷ് കേരള, ഫിഷ് മെയ്ഡ് എന്നീ ബ്രാൻഡുകളിൽ തീരദേശ വികസന കോർപ്പറേഷൻ വിപണിയിലെത്തിക്കുന്ന മൂല്യവർദ്ധിത മത്സ്യ ഉൽപന്നങ്ങൾക്ക് മികച്ച പ്രതികരണമാണ് ഉപഭോക്താക്കളിൽ നിന്ന് ലഭിച്ചു വരുന്നത്.

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ നളപാകം എന്ന പേരിലുള്ള കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാൻറിൽ നിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് ഉണക്കമത്സ്യവും 'ഫിഷ് മെയ്ഡ്'എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യ വിഭവങ്ങളും ഉൽപ്പാദിപ്പിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാൻറിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസിംഗ് നടത്തിയശേഷമാണ് സോളാർ ഡ്രൈയറിലേക്ക് ലോഡ് ചെയ്യുന്നത് ശരാശരി 10 മണിക്കൂർകൊണ്ട് ഉണക്കി കിട്ടുന്ന ഉൽപ്പന്നത്തെ തികച്ചും ശുചിത്വമാർന്ന അന്തരീക്ഷത്തിൽ അണുവിമുക്തമായ രീതിയിൽ കൂടുതൽ കാലം കേടുകൂടാതെ ഇരിക്കുന്ന തരത്തിൽ നൈട്രജൻ പായ്ക്കറ്റുകളിലാണ് പായ്ക്ക് ചെയ്തു വിപണിയിൽ എത്തിക്കുന്നത്. ആവശ്യത്തിനുമാത്രം ഉപ്പും ഏറ്റവും കുറഞ്ഞ അളവിൽ മാത്രം ജലാംശവും നിലനിർത്തിയാണ് 'ഡ്രിഷ് കേരള' ഉണക്കമത്സ്യം തയ്യാറാക്കിയിരിക്കുന്നത്. കേന്ദ്ര സർക്കാരിനു കീഴിലുള്ള ഗവേഷണ സ്ഥാപനമായ CIFTന്റെ സർട്ടിഫിക്കറ്റോടെയാണ് ഉൽപ്പന്നം വിപണിയിലെത്തിച്ചിട്ടുള്ളത്. ഡ്രിഷ് ഉൽപ്പന്നങ്ങൾക്ക് FSSAI-യുടെ ലൈസൻസും, MPEDA യുടെ Export ലൈസൻസും പാക്കിംഗിന് 2015ലെ ഇൻഡ്യാ സ്റ്റാർ അവാർഡും 2015–ലെ ഏഷ്യാസ്റ്റാർ അവാർഡും ഇതിനോടകം കരസ്ഥമാക്കിയിട്ടുണ്ട്. ' അഷ്ടമുടി ' എന്ന പേരിൽ തെള്ളി ചെമ്മീനും ' നീണ്ടകര ' എന്ന പേരിൽ കരിക്കാടി ചെമ്മീനും ' മലബാർ ' എന്ന പേരിൽ നെത്തോലിയുമാണ് ആദ്യഘട്ടമായി വിപണിയിൽ എത്തിച്ചിരുന്നത്. എന്നാൽ മറ്റു വിവിധ ഇനം ഉണക്ക മത്സ്യ ഉൽപ്പന്നങ്ങളും, വിവിധങ്ങളായ മീൻ അച്ചാറുകളും ചമ്മന്തിപ്പൊടിയും കോർപ്പറേഷൻ മുഖേന വിപണിയിൽ എത്തിക്കുന്നു.

ഇതു കൂടാതെ കേരളത്തിന്റെ ആദ്യത്തെ ഫാസ്റ്റ് ഫിഷ് ബ്രാൻഡ് 'ഫിഷ് മെയിഡ് ' കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ സാങ്കേതിക സഹായത്തോടെ വിപണിയിലെത്തിച്ചിരിക്കുന്നു. വ്യത്യസ്തവും ആസ്വാദ്യകരവുമായ 26 ഓളം മൂല്യവർദ്ധിത മത്സ്യവിഭവങ്ങൾ ഫിഷ് കട്‌ലറ്റ്, ക്യൂട്ട്ടോട്സ്, ഫിഷ് ബർഗർ, ഫിഷ്റോൾ, ഫിഷ് മാമോസ്, സമോസ, ഡേറ്റ്സ് ഡിലൈറ്റ്, ഡോനട്ട് എന്നിങ്ങനെ നാവിൽ കൊതിയൂറുന്ന റെഡി ടു സേർവ് വിഭവങ്ങൾ ഇതിലുൾപ്പെടുന്നു. ശരീരത്തിനാവശ്യമായ ഒമേഗ3 ഫാറ്റിആസിഡ്, പോളി അൺ സാച്ചുറേറ്റഡ് ഫാറ്റി ആസിഡ് എന്നിവ ധാരാളമായി അടങ്ങിയ മത്സ്യ ഉൽപ്പന്നങ്ങൾക്ക് ഇന്ന് ആവശ്യക്കാർ ഏറെയാണ്.

കൊല്ലം ശക്തിക്കുളങ്ങരയിലുള്ള നളപാകം മത്സ്യ സംസ്കരണ യൂണിറ്റിൽ ഉൽപാദിപ്പിക്കുന്ന ഇവ മത്സ്യത്തൊഴിലാളികളുടെ പരിശ്രമത്തിന് കൂടുതൽ മൂല്യം ഉറപ്പാക്കുന്നു. മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളിലെ സ്തീകളടങ്ങുന്ന ഗുണഭോക്തൃ സംഘങ്ങൾ വൃത്തിയുള്ള അന്തരീക്ഷത്തിൽ തയ്യാറാക്കുന്ന ഫിഷ് മെയ്ഡ് വിഭവങ്ങൾ ഗുണമേന്മയിൽ മുൻപന്തിയിലാണ്. ഓരോ മത്സ്യത്തൊഴിലാളികളുടെ പരിശ്രമത്തിനും കൂടുതൽ മൂല്യം, മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കൂടുതൽ വരുമാനം ഒപ്പം ജനങ്ങൾക്ക് ആരോഗ്യകരമായ ഭക്ഷണരീതിയും ജീവിതശൈലിയും പ്രദാനം ചെയ്യുക എന്നിതാണ് കോർപ്പറേഷൻ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലൂടെ ലക്ഷ്യമിടുന്നത്.

### 12. ഓഖി പാക്കേജ് വിഴിഞ്ഞം മത്സ്യസംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും

കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന 4 കോടിരൂപ ഓഖി ഫണ്ട് ഉപയോഗിച്ച് ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്ത് പൂർത്തീകരിച്ചുവരുന്നു. ഓഖിദുരന്ത ബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ പുനസ്ഥാപിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പ്രദേശത്ത് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും ആരംഭിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മത്സ്യ ഉത്പാദനം, വിപണനം കൂടാതെ സീഫുഡ് റെസ്റ്റോറൻറുകൾ മുഖേന വിവിധ തരം മത്സ്യ ഉൽപ്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

### 13. മത്സ്യമേഖലയിൽ സമൂലമാറ്റങ്ങളോടെ 'പരിവർത്തനം' ജനകീയ പദ്ധതിക്ക് തുടക്കം

ശുദ്ധമായ മത്സ്യോൽപ്പന്നങ്ങൾ സംസ്ക്കരിച്ച് പുതുമ നഷ്ടപ്പെടാതെ വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള നിരവധി സംരംഭക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷൻ പൈലറ്റ് വ്യവസ്ഥയിൽ ആരംഭിച്ചിരിക്കുന്ന 'പരിവർത്തനം' എന്ന പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുക, അവരുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് അനുയോജ്യമായി തൊഴിൽ നൈപുണ്യം നൽകി ജോലിനേടാൻ പ്രാപ്തരാക്കുക, മത്സ്യോൽപ്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുക, പൊതുജനങ്ങൾക്ക് മായമില്ലാത്ത മത്സ്യം ഓൺലൈനായടക്കം എളുപ്പത്തിൽ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളാണുള്ളത്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കും കോവിഡ് പ്രതിസന്ധികാരണം തൊഴിൽ നഷ്ടപ്പെട്ട് മറുനാടുകളിൽ നിന്ന് മടങ്ങിയവർക്കും പരിഗണന നൽകും. നിരവധിനൂതന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ 'മിമി' (Mimi) എന്ന പേരിൽ വിപണിയിൽ എത്തിച്ചുവരുന്നു. പച്ച മത്സ്യ ഉൽപ്പന്നങ്ങൾ, അന്തരീക്ഷോഷ്മാവിൽ രണ്ടു വർഷം വരെ സൂക്ഷിക്കാൻ കഴിയുന്ന റിട്ടോർട്ട് പായ്ക്കിലുള്ള മീൻകറി, മാരിനേറ്റഡ് മത്സ്യം, ഉണക്ക മത്സ്യം, അച്ചാറുകൾ എന്നീ ഉൽപ്പന്നങ്ങളാണ് നിലവിൽ വിപണിയിൽ എത്തിച്ചുവരുന്നത്. പ്രസ്തുത ഉൽപ്പന്നങ്ങൾ http//play.google.com/store/apps/details എന്ന ലിങ്കിലൂടെയോ അല്ലെങ്കിൽ ഫോണിലുള്ള പ്ലേ സ്റ്റോർ ആപ്പിലൂടെയോ മിനി ആപ്പ് ഇൻസ്റ്റാൾ ചെയ്യാം. നിലവിൽ കൊല്ലം ജില്ലയിൽ ഈ സൗകര്യം ലഭ്യമാണ്. മിമി ആപ്പിന്റെ സേവനം കോട്ടയം, പത്തനംത്തിട്ട, ആലപ്പുഴ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കൊല്ലം ജില്ലയിൽ മിമി ഉൽപ്പന്നങ്ങളുടെ 13 കിയോസ്കുകൾ ജില്ലയിലെ തന്നെ താൽപര്യമുള്ള ചെറുകിട സംരംഭകർ ആരംഭിച്ചു കഴിഞ്ഞു. കൊല്ലം, കോട്ടയം, പത്തനംത്തിട്ട, ആലപ്പുഴ ജില്ലകളിലെ മിമിസ്റ്റോറുകൾ തുറക്കാൻ താൽപര്യമുള്ളവർ www. Parivarthanam. org എന്ന വെബ് സൈറ്റിലോ 9383454647 എന്ന നമ്പരിലോ ബന്ധപ്പെടാം.

### 14. കൺസൾട്ടൻസി പ്രവർത്തനങ്ങൾ

തീരദേശവികസന കോർപ്പറേഷൻ മുഖേന കേന്ദ്ര സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് പുറമെ വിവിധ വകുപ്പുകൾ, ഏജൻസികൾ, യൂണിവേഴ്സിറ്റികൾ എന്നിവരുടെ കൺസൾട്ടൻസി പദ്ധതികളും ഏറ്റെടുത്ത് വിജയകരമായി പൂർത്തീകരിച്ചു വരുന്നു. അത്തരത്തിൽ നടപ്പിലാക്കി വരുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ്(KUFOS) ലെ വികസന പ്രവർത്തനങ്ങൾ. 70 കോടിയോളം രൂപയുടെ അക്കാഡമിക്ക് ബ്ലോക്കുകൾ, റിസർച്ച് കേംപ്ലക്സുകൾ, സെമിനാർ കേംപ്ലക്സുകൾ, വർക്ക്ഷോപ്പ്, സബ്സ്റ്റേഷൻ, ഹോസ്റ്റൽ ബ്ലോക്ക്, മത്സ്യകുളങ്ങൾ, ഒ എച്ച് ടാങ്ക്, നെറ്റ് വർക്കിംഗ് സിസ്റ്റം എന്നിവ പൂർത്തീകരിച്ചു വരുന്നു.

ഇതുകൂടാതെ ഫിഷറീസ് വകുപ്പിലെ തന്നെ ഇതര ഏജൻസികളുടെ വർക്കുകൾ, ടൂറിസം വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ബയോഡൈവേഴ്സിറ്റി ബോർഡ്, ഡി. റ്റി പി. സി, നാഷണൽ ഹെൽത്ത് മിഷൻ, കയർഫെഡ്, കാപ്പെക്സ്, വിവിധ എം എൽ എ ധനസഹായ പദ്ധതികൾ എന്നിവയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

**5. കേരള ബീച്ചുകളിൽ ജർമ്മൻ നിർമ്മിത അതിവേഗ ക്ലീനിംഗ് മെഷീൻ**

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പൊതുമേഖലാ സ്ഥാപനമായ പെട്രോനെറ്റ് എൽ എൻ ജി ലിമിറ്റഡിന്റെ CZR ഫണ്ട്/ കൊല്ലം എം എൽ എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ജർമ്മൻ നിർമ്മിത സർഫ്റേക്കർ എന്ന അതിവേഗ ക്ലീനിംഗ് മെഷീൻ കേരളത്തിൽ എത്തിച്ചിരിക്കുന്നു. സംസ്ഥാനത്ത് തന്നെ ആദ്യമായിട്ടാണ് ഇത്തരത്തിൽ ഒരു മെഷീൻ ഇറക്കുമതി ചെയ്തിരിക്കുന്നത്. ആദ്യഘട്ടമായി കൊല്ലം ബീച്ചിൽ പ്രവർത്തിപ്പിക്കുന്ന പ്രസ്തുത മെഷീൻ തീരത്ത് അടിഞ്ഞു കൂടുന്ന മാലിന്യം അതിവേഗം നീക്കം ചെയ്യുന്നതിന് വളരെ പ്രയോജനപ്പെടുന്നു.

## കേരള അക്വാ വെഞ്ചേഴ്സ് ഇൻറർനാഷണൽ ലിമിറ്റഡ് (കാവിൽ)

കേരളത്തിലെ അലങ്കാര മത്സ്യ മേഖലയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും അലങ്കാര മത്സ്യോല്പാദനം, അലങ്കാരമത്സ്യങ്ങളുടെ ആഭ്യന്തര വിപണി, അലങ്കാരമത്സ്യ കയറ്റുമതി എന്നിവയ്ക്കുമായി 06.12.2007ൽ കേരള സർക്കാരിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത കമ്പനിയാണ് കേരള അക്വാ വെഞ്ചേഴ്സ് ഇൻറർനാഷണൽ ലിമിറ്റഡ് (കാവിൽ). നിലവിൽ ഒരു പൊതുമേഖലാ സ്ഥാപനമായാണ് കാവിൽ പ്രവർത്തിക്കുന്നത്. അലങ്കാരമത്സ്യ മേഖലയുടെ വികസനത്തിനായി പ്രവർത്തിക്കുന്ന കാവിൽ ഇന്ത്യയിലെ തന്നെ ഇത്തരത്തിലുള്ള ഏക പൊതുമേഖലാ സംരംഭമാണ്.

**ഭരണനിർവ്വഹണം**

കമ്പനീസ് ആക്ട് 2013 പ്രകാരമാണ് കാവിൽ പ്രവർത്തിക്കുന്നത്. ബഹു.മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഡയറക്ടർ ബോർഡിന്റെ കീഴിലാണ് കാവിൽ പ്രവർത്തിക്കുന്നത്. ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി ഡയറക്ടർ ബോർഡ് വൈസ് ചെയർമാനാണ്.

**കാവിലിന്റെ പ്രവർത്തനങ്ങൾ**

| | | |
|---|---|---|
| **അലങ്കാര മത്സ്യവിപണനം** | : | കാവിലിന്റെ ഹോംസ്റ്റഡ് യൂണിറ്റുകളിലും ഇതര ഫാമുകളിലും ഉൽപാദിപ്പിക്കുന്ന മത്സ്യം ശേഖരിച്ച് ആഭ്യന്തര വിപണനവും കയറ്റുമതിയും |
| **ബയർ സെല്ലർ മീറ്റ്** | : | അലങ്കാരമത്സ്യ കർഷകർക്ക് സ്ഥിരവിപണി ഉറപ്പു വരുത്തുന്നതിനായി എല്ലാ തിങ്കളാഴ്ചകളിലും രാവിലെ 8 മണി മുതൽ 11 മണി വരെ കാവിലിൽ വച്ച് ബയർ സെല്ലർ മീറ്റ് നടത്തി വരുന്നു |
| **ട്രെയിനിംഗ്:** | | അലങ്കാരമത്സ്യ കർഷകർക്ക് സാങ്കേതിക പരിശീലനം നൽകുന്നു. കൂടാതെ വിദ്യാർത്ഥികൾക്കായി ഓൺജോബ് ട്രെയിനിംഗും അലങ്കാരമത്സ്യ കൃഷിയിൽ ഇൻറേൺഷിപ്പും നൽകി വരുന്നു |
| **സാങ്കേതിക സഹായം** | : | അലങ്കാരമത്സ്യ കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നു |

| | | |
|---|---|---|
| **അലങ്കാര മത്സ്യ രോഗനിർണയം** | : | സാമ്പിളുകൾ പരിശോധിച്ച് അലങ്കാര മത്സ്യ രോഗനിർണയം നടത്തുകയും നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു |
| **അക്വേറിയം നിർമ്മാണം** | : | ഓർഡറിനനുസരിച്ച് അക്വേറിയങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തി വരുന്നു |
| **ട്രേഡ്ഷോ** | : | അലങ്കാര മത്സ്യകൃഷി പ്രോത്സാഹനത്തിനായി ട്രേഡ്ഷോകൾ സംഘടിപ്പിക്കുന്നു. |

**കാവിലിലുള്ള സൗകര്യങ്ങൾ**

1. അക്വാടെക്നോളജി പാർക്ക് : ആറ് കണ്ടീഷനിംഗ് & പാക്കിംഗ് യൂണീറ്റുകൾ അടങ്ങിയ അക്വാടെക്നോളജി പാർക്ക്
2. പ്രദർശന വിൽപ്പനശാല
3. ക്വാറന്റൈൻ യൂണിറ്റ്
4. രോഗനിർണയത്തിനും ജലപരിശോധനയ്ക്കുമുള്ള ലബോറട്ടറി
5. അക്വേറിയം നിർമ്മാണ യൂണീറ്റ്
6. അക്വാട്ടിക് പ്ലാന്റ് പ്രൊഡക്ഷൻ യൂണീറ്റ്
7. ബ്രൂഡ് ബാങ്ക്

**നിലവിലുള്ള പദ്ധതികൾ**

* അലങ്കാരമത്സ്യ വികസനത്തിനായുള്ള പദ്ധതി

**റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതികൾ**

- ➢ കാവിലിന്റെ പുനരുദ്ധാരണം
- ➢ അലങ്കാരമത്സ്യ ബ്രൂഡ് ബാങ്കിന്റെ നിർമ്മാണം
- ➢ അലങ്കാര ജലസസ്യങ്ങളുടെ ഉൽപ്പാദന യൂണിറ്റ്
- ➢ അക്വേറിയം നിർമ്മാണ യൂണിറ്റ്

## ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള

## ADAK

സംസ്ഥാനത്തെ സമഗ്ര ജലകൃഷി വികസനം ലക്ഷ്യമിട്ടു കൊണ്ട് 1989 മേയ് 24ാം തീയതി, ട്രാവൻകൂർ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ് ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK) തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നു. കൂടാതെ, തൃശ്ശൂർ ജില്ലയിലെ പൊയ്യയിൽ ഒരു

മോഡൽ ഷ്രിമ്പ് ഫാം, കടപ്പുറം ഫാം, എറണാകുളം ജില്ലയിൽ ഇടക്കൊച്ചി ഫിഷ് ഫാം, ഞാറയ്ക്കൽ ഫിഷ് ഫാം, അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബ്, കണ്ണൂർ ജില്ലയിലെ എരഞ്ഞോളിയിൽ ഒരു ഫിഷ് ഫാം, കൊല്ലം ജില്ലയിലെ ആയിരംതെങ്ങിൽ ഒരു കരിമീൻ വിത്തുൽപാദന കേന്ദ്രം, ട്രെയിനിംഗ് സെന്റർ, തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ (ഓടയം) ഒരു ചെമ്മീൻ വിത്തുൽപാദന കേന്ദ്രവും സമുദ്രജല അക്വേറിയവും, 3 തിയേറ്ററും, പരിശീലന കേന്ദ്രവും, അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബും, നെയ്യാർ ഡാമിൽ ഒരു ശുദ്ധജല അക്വേറിയം എന്നിവ പ്രവർത്തിച്ചു വരുന്നു. കുളത്തുപ്പുഴ (കൊല്ലം), പീച്ചി (തൃശ്ശൂർ), ഉള്ളണം (മലപ്പുറം), കല്ലാനോട് (കോഴിക്കോട്) എന്നിവിടങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 4 ശുദ്ധജല മത്സ്യവിത്തുൽപാദന കേന്ദ്രങ്ങളും നീണ്ടകര ചെമ്മീൻ ഹാച്ചറിയും അഡാക്ക് ഏറ്റെടുത്ത് പ്രവർത്തിപ്പിച്ചു വരുന്നു.

അഡാക്കിന്റെ പ്രധാന ലക്ഷ്യം സുസ്ഥിര അക്വാകൾച്ചർ വികസനത്തിലൂടെ ഭക്ഷ്യ സുരക്ഷ, സാമ്പത്തിക വളർച്ച, തൊഴിൽ സൃഷ്ടിക്കൽ എന്നിവ ഉറപ്പു വരുത്തുകയാണ്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി അക്വാകൾച്ചർ വികസനം, മത്സ്യ/ ചെമ്മീൻ കുഞ്ഞ് ഉൽപാദനവും വിതരണവും ഡെമോൺസ്ട്രേഷൻ ഫാമിംഗ്, ആധുനിക സാങ്കേതിക വിദ്യകൾ സ്വായത്തമാക്കി കർഷകർക്ക് പരിശീലനം നൽകി അവരെ പ്രാപ്തരാക്കുക, ഗവേഷണം, പരിശീലനം, സെമിനാർ, വർക്ക് ഷോപ്പ്, ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക എന്നീ പ്രവർത്തികളാണ് അഡാക്ക് നടപ്പിലാക്കി വരുന്നത്. ഉപഭോക്താക്കൾക്ക് ആവശ്യമുള്ള മത്സ്യവും മത്സ്യകൃഷിക്ക് ആവശ്യമായ ചെമ്മീൻ/ മത്സ്യവിത്തുകളും മിതമായ നിരക്കിൽ പൊതുജനങ്ങൾക്കും ജല കർഷകർക്കും ലഭ്യമാക്കുന്നതിനാണ് പ്രഥമ പരിഗണന. ഇത്തരത്തിലുള്ള മികച്ച സേവനം ലാഭേച്ഛ കൂടാതെയാണ് പൊതുജനങ്ങൾക്കും മത്സ്യകർഷകർക്കും ഈ സ്ഥാപനം നൽകി വരുന്നത്. ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെയാണ് വിവിധ പദ്ധതികൾ അഡാക്ക് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

കേരള സർക്കാർ

## ഫിഷറീസ് ഡയറക്ടറേറ്റ്

നാലാം നില, വികാസ്ഭവൻ

തിരുവനന്തപുരം – 695033

**www.fisheries.kerala.gov.in**